പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത്‌രാജ്

പുസ്തകം 60 ലക്കം 3 ജൂൺ 2020



## കാർഷിക നവോത്ഥാനത്തിലൂടെ സുഭിക്ഷ കേരളത്തിലേക്ക്

എ.സി.മൊയ്തീൻ
തദ്ദേശസ്വയംഭരണ
വകുപ്പ് മന്ത്രി

## ഭക്ഷ്യ സ്വരാജിലൂടെ ഗ്രാമ സ്വരാജിലേക്ക്

അഡ്വ. വി.എസ്.സുനിൽകുമാർ
കൃഷി വകുപ്പ് മന്ത്രി



## വികസന കുതിപ്പുമായി ക്ഷീര-മൃഗസംരക്ഷണ മേഖലകൾ

അഡ്വ. കെ.രാജു
ക്ഷീരവികസന-
മൃഗസംരക്ഷണ
വകുപ്പ് മന്ത്രി



## ലക്ഷ്യം മത്സ്യോല്പാദനത്തിൽ സ്വയംപര്യാപ്തത

ജെ. മേഴ്സിക്കുട്ടി അമ്മ
ഫിഷറീസ് വകുപ്പ് മന്ത്രി






# നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം

പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്

ജൂൺ 2020


## അകത്ത്








കാർഷിക നവോത്ഥാനത്തിലൂടെ സുഭിക്ഷ കേരളത്തിലേക്ക്
എ.സി. മൊയ്തീൻ — 5

സുഭിക്ഷ കേരളം: ലക്ഷ്യം മത്സ്യോല്പാദനത്തിൽ സ്വയംപര്യാപ്തത
ജെ. മേഴ്സിക്കുട്ടി അമ്മ — 9

സുഭിക്ഷകേരളം: ഭക്ഷ്യസ്വരാജിലൂടെ ഗ്രാമസ്വരാജിലേക്ക്
അഡ്വ. വി.എസ്. സുനിൽകുമാർ — 12

വികസനകുതിപ്പുമായി ക്ഷീര - മൃഗസംരക്ഷണ മേഖലകൾ
അഡ്വ. കെ. രാജു — 15

സുഭിക്ഷ കേരളം
ശാരദാ മുരളീധരൻ ഐ.എ.എസ്. — 17

കേരളം കാർഷിക വിപ്ലവത്തിലേക്ക് — 21

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ മേഖലയും — 25

കേരനാടിനൊരു ധവളകവാടം — 29

വരൂ മുന്നേറാം... കരുതലായി തദ്ദേശ സ്ഥാപനങ്ങളുണ്ട്
പ്രസാദ് കാവീട്ടിൽ — 31

2.75 ഏക്കർ ഭൂമി സൗജന്യമായി കൈമാറി സുകുമാരൻ വൈദ്യൻ — 35

ഫുഡ് ഫോറസ്റ്റ് @ ലിമ ബിജി പാംപ്ലാനിയിൽ
എ.ജെ. അലക്സ് റോയ് — 36

ഊഷരഭൂമിയെ കതിരണിയിച്ച കർഷകന്റെ കർമ്മ നിയോഗ കാഴ്ചകൾ
ഗിരീഷ് അയിലക്കാട് — 38

കുടുംബശ്രീ ആയുർ മാസ്ക് — 40


### പംക്തികൾ


വാർത്തകൾ വിശേഷങ്ങൾ — 34

അരങ്ങൊഴിഞ്ഞ വീട്ടുനന്മകൾ - 8 — 41

എന്ന് വായനക്കാർ — 42

ജൂൺ 2020
പുസ്തകം 60 ലക്കം 3
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
**എ.സി.മൊയ്തീൻ**
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
യു.വി. ജോസ് ഐ.എ.എസ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2018@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 7907344705

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത് രാജിന് ഉത്തരവാദിത്തമില്ല.

## എഡിറ്റോറിയൽ

# അതിജീവിക്കാം സുഭിക്ഷ കേരളത്തിലൂടെ

സംസ്ഥാനത്തെ ആശങ്കയുടെ മുൾമുനയിൽ നിർത്തി കൊവിഡ് 19 ന്റെ സമ്പർക്കവ്യാപനം വർദ്ധിക്കുകയാണ്. സാനിറ്റയിസർ ഉപയോഗിക്കുക, മാസ്ക് ധരിക്കുക, സാമൂഹ്യഅകലം പാലിക്കുക (എസ്.എം.എസ്.) എന്നിവയാണ് രോഗവ്യാപനം തടയുന്നതിന് നമുക്ക് മുന്നിലുള്ള പ്രാഥമിക മാർഗ്ഗങ്ങൾ. ഓരോ പൗരനും ഉത്തരവാദിത്വബോധത്തോടെ ഉയർന്ന പ്രവർത്തിക്കേണ്ട സാഹചര്യമാണിത്. രോഗം തടയുന്നതിൽ എല്ലാവർക്കും പങ്കുണ്ട്; രോഗം പരത്താനും നാടിനെ ദുരന്തത്തിലേക്ക് തള്ളിവിടാനും ഏതാനും പേരുടെ കരുതലില്ലായ്മ മതിയാകും.

രോഗവ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതുപോലെ ജനങ്ങളുടെ ജീവനോപാധികൾ സംരക്ഷിക്കുന്നതിനും പച്ചക്കറി, പാൽ മുതലായ അവശ്യവസ്തുക്കളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും ദുർഭിക്ഷത തടയുന്നതിനുമുള്ള പ്രവർത്തനങ്ങളും അതേ സമർപ്പണ ബോധത്തോടെ നമ്മൾ ഏറ്റെടുക്കണം. കൃഷി, ക്ഷീരവികസനം, മൃഗസംരക്ഷണം എന്നീ മേഖലകളുടെ വികസനത്തിനുള്ള സംയോജിത പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കണം. ആരോഗ്യരംഗത്തെ പുത്തനുണർവ്വിലേക്ക് നയിച്ച ആർദ്രം, പൊതുവിദ്യാലയങ്ങളെ മികവിന്റെയും സാമൂഹ്യ പ്രതിബദ്ധതയുടെയും മാർഗ്ഗത്തിൽ ഉറപ്പിച്ചുനിർത്തിയ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നിവ പോലെ സുഭിക്ഷകേരളം പദ്ധതിയും കേരളത്തിലെ ജനങ്ങൾ നെഞ്ചേറ്റുന്നതിൽ സന്തോഷമുണ്ട്. കൊറോണാ ജാഗ്രതാ പ്രവർത്തനങ്ങൾക്കു വേണ്ടി സമയവും ഊർജ്ജവും ഉഴിഞ്ഞുവച്ച തദ്ദേശഭരണ സ്ഥാപനങ്ങൾ അതിൽ വീഴ്ച വരുത്താതെ തന്നെ, സുഭിക്ഷകേരളം സാധ്യമാക്കുന്ന ദൗത്യത്തിനും ഊന്നൽ നൽകണം.

നെൽകൃഷിക്കും പച്ചക്കറി കൃഷിക്കും നൽകാവുന്ന പരമാവധി സബ്സിഡി 40,000 രൂപയും വാഴ കൃഷിയ്ക്കുള്ള സബ്സിഡി 35,000 രൂപയുമായി വർദ്ധിപ്പിച്ചത് ഈ രംഗത്ത് കൂടുതൽ ഇടപെടലുകൾ നടത്താൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവസരം നൽകിയിരിക്കുന്നു. ചെറുധാന്യങ്ങൾ, മരച്ചീനിയും മറ്റു കിഴങ്ങുവർഗ്ഗങ്ങളും എന്നിവയ്ക്ക് 30,000 രൂപയും മറ്റ് വിളകൾക്ക് 10,000 രൂപ വരെയും ഇനി സബ്സിഡി നൽകാം. മൃഗസംരക്ഷണ, ക്ഷീരവികസന മേഖലയ്ക്കും അനുബന്ധ മേഖലകൾക്കുമുള്ള സബ്സിഡി നിരക്കുകളിലും സർക്കാർ മാറ്റം വരുത്തിയിട്ടുണ്ട്. ഇനിയെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൈയിലാണ്. പദ്ധതി ഭേദഗതികളിൽ ഇതിന്റെ സ്പിരിറ്റുണ്ടാവണം. സംസ്ഥാനത്തെ ഒരിഞ്ചു ഭൂമി പോലും തരിശാവരുത്. ത്രിതല പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ മികച്ച ഏകോപനം കേരളത്തിന്റെ കാർഷിക നവോത്ഥാനത്തിന് കരുത്താവും.

കൊറോണാ വൈറസിനോട് പൊരുതി ജയിച്ച് കേരളം പുതുചരിത്രം രചിക്കുമ്പോൾ അതിന് സുഭിക്ഷകേരളത്തിന്റെ തിളക്കവുമുണ്ടാവണം. നമുക്കൊരുമിച്ച്, ഒറ്റക്കെട്ടായി കൊറോണാ വൈറസിനെ ചെറുക്കാം; ഒരു കൈ കൊണ്ട് സുഭിക്ഷകേരള ദൗത്യത്തെ പുണരാം. ഭാവിയിലേക്ക് വിരൽ ചൂണ്ടുന്ന ഈ പദ്ധതിയും ചരിത്ര വിജയമാവട്ടെ.

**ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്.**

> **"വിജയത്തിലൂടെ കൈവരുന്നതല്ല ശക്തി. ജീവിതത്തിലെ ഏറ്റവും വിഷമകരമായ ഘട്ടങ്ങളിൽ സ്വയം അടിയറവ് പറയില്ലെന്ന് നിങ്ങൾ തീരുമാനിച്ചാൽ അതാണ് ശക്തി! "**
>
> മഹാത്മാഗാന്ധി



# കാർഷിക നവോത്ഥാനത്തിലൂടെ സുഭിക്ഷ കേരളത്തിലേക്ക്

■ **എ.സി. മൊയ്തീൻ**
**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി**

**കേരളത്തിൽ ഒരു പാരിസ്ഥിതിക നവോത്ഥാനത്തിന് നാന്ദി കുറിച്ച ഹരിത കേരളം ദൗത്യത്തിന്റെ അടുത്ത ചുവടാണ് സുഭിക്ഷ കേരളം. പതിനായിരങ്ങൾ അണിനിരന്ന ദൗത്യങ്ങളിലൂടെ തരിശു വയലുകൾ കൃഷിയോഗ്യമാക്കിയും ജലാശയങ്ങൾ ശുചിയാക്കിയും ജലസംരക്ഷണ യജ്ഞങ്ങളിലൂടെയും ചരിത്രം കുറിച്ച കേരളം പുതിയൊരു ലക്ഷ്യം കൂടി സ്പർശിക്കുകയാണ്.**

കേരളത്തിന്റെ വികസന ചരിത്രത്തിൽ നാഴികക്കല്ലാവാനൊരുങ്ങുന്ന സുഭിക്ഷ കേരളം പദ്ധതി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു മുന്നിൽ സുസ്ഥിര വികസനത്തിന്റെ പുതിയ സാധ്യതകൾ തുറന്നു വച്ചിരിക്കുന്നു. ഒരു വർഷം കൊണ്ട് 3,860 കോടി രൂപ ചെലവഴിച്ച് 25,000 ഹെക്ടർ തരിശുനിലത്ത് കൃഷിയിറക്കാനും സംയോജിത കൃഷിയുടെയും അനുബന്ധ മേഖലകളുടെയും പ്രോത്സാഹനത്തിലൂടെ ജനങ്ങളുടെ ജീവനോപാധികൾ മെച്ചപ്പെടുത്താനുമാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുൻ കൈയിൽ തരിശുനിലങ്ങൾ കണ്ടെത്തി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നെല്ല്, പച്ചക്കറി, വാഴ, കിഴങ്ങ് വർഗ്ഗങ്ങൾ, പയർ വർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവ കൃഷി ചെയ്യും. സംയോജിത കൃഷിയിലൂടെ കന്നുകാലി സമ്പത്തും മൽസ്യസമ്പത്തും വർദ്ധിപ്പിക്കും. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും പ്രോത്സാഹിപ്പിക്കും. മാംസം, മുട്ട ഇവയുടെ ഉൽപ്പാദനത്തിനും പ്രാധാന്യം നൽകും. ഹരിത കേരളം ദൗത്യം മുന്നോട്ടുവച്ച പരിസ്ഥിതി സൗഹൃദ വികസനത്തിന്റെ കർമപരിപാടിക്ക് സുഭിക്ഷ കേരളം കൂടുതൽ കരുത്തു പകർന്നിരിക്കുന്നു.

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ഉല്പന്നങ്ങൾക്ക് അതതു സ്ഥലങ്ങളിൽ വിപണി ഒരുക്കും. പച്ചക്കറികളും പഴവർഗ്ഗങ്ങളും കേടുകൂടാതെ സൂക്ഷിക്കാനുള്ള ശീതീകരണ സംവിധാനത്തിന്റെ ശൃംഖല തയ്യാറാക്കും. കാർഷിക ഗ്രൂപ്പുകൾക്ക്

പ്രാഥമിക കാർഷിക സംഘങ്ങളും സഹകരണ ബാങ്കുകളും വായ്പ ലഭ്യമാക്കും. ഉൽപ്പാദന വളർച്ച ലക്ഷ്യമിട്ടുള്ള ഇതുപോലൊരു സമഗ്ര പാക്കേജ് സംസ്ഥാനത്ത് ഇതാദ്യമാണ്. ഇപ്പോഴത്തെ പ്രതിസന്ധിയെ പുതിയൊരു വികസന മുന്നേറ്റത്തിനുള്ള അവസരമാക്കി മാറ്റാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മനസ്സ് വയ്ക്കണം. ഇതിനുള്ള വ്യക്തമായ ആസൂത്രണവും ഏകോപനവും തദ്ദേശഭരണ സ്ഥാപന തലത്തിൽ ഉണ്ടാകണം.

കേരളത്തിൽ ഒരു പാരിസ്ഥിതിക നവോത്ഥാനത്തിന് നാന്ദി കുറിച്ച ഹരിത കേരളം ദൗത്യത്തിന്റെ അടുത്ത ചുവടാണ് സുഭിക്ഷ കേരളം. പതിനായിരങ്ങൾ അണിനിരന്ന ദൗത്യങ്ങളിലൂടെ തരിശു വയലുകൾ കൃഷിയോഗ്യമാക്കിയും ജലാശയങ്ങൾ ശുചിയാക്കിയും ജലസംരക്ഷണ യജ്ഞങ്ങളിലൂടെയും ചരിത്രം കുറിച്ച കേരളം പുതിയൊരു ലക്ഷ്യം കൂടി സ്പർശിക്കുകയാണ്. ഹരിത കേരളം ദൗത്യത്തിന്റെ ഭാഗമായി സംസ്ഥാനത്ത് അറുപതിനായിരത്തോളം ജലസേചന കനാലുകളാണ് നിർമ്മിച്ചത്. വിവിധ സർക്കാർ പദ്ധതികൾ കോർത്തിണക്കി അമ്പതിനായിരത്തിലധികം പരമ്പരാഗത ജലസ്രോതസുകൾ പുനരുദ്ധരിച്ചു. പതിനായിരക്കണക്കിന് സന്നദ്ധ പ്രവർത്തകരെ അണിനിരത്തിയ ജനകീയ ദൗത്യങ്ങളിലൂടെ 390 കിലോമീറ്ററിലധികം പുഴയും 36,000 കിലോമീറ്ററിലധികം നീർത്തോടുകളും വൃത്തിയാക്കി. പതിമൂവായിരത്തി എഴുന്നൂറിലധികം കുളങ്ങളും ഇരുപത്തി രണ്ടായിരത്തിലേറെ കിണറുകളും നിർമ്മിച്ചു. അരലക്ഷത്തിലധികം കിണറുകൾ റീചാർജ് ചെയ്തു. കൃഷിയോഗ്യമാക്കിയ തരിശുനിലത്ത് 14,000 കാർഷിക സംഘങ്ങൾ കൃഷി ചെയ്യുന്നു. ഉപേക്ഷിക്കപ്പെട്ടു കിടന്ന കാൽ ലക്ഷം ഹെക്ടർ വയലുകളിൽ നെൽകൃഷി തിരിച്ചു വന്നു. 160- ഓളം ക്ലസ്റ്ററുകളിലായി 5,000 ത്തിലധികം ഹെക്ടർ സ്ഥലത്ത് ജൈവകൃഷി ആരംഭിച്ചു. അസാധ്യമെന്ന് കരുതപ്പെട്ടിരുന്ന ഒരു വികസന ലക്ഷ്യത്തിലേക്ക് കേരളം മുന്നേറുകയാണ്. തുടർച്ചയായ രണ്ടു വർഷങ്ങളിൽ നേരിട്ട പ്രളയവും കൊറോണ വ്യാപനവും സൃഷ്ടിച്ച പ്രതിസന്ധി മുറിച്ചുകടന്ന് മുന്നേറാൻ ഹരിതകേരളം ദൗത്യം സൃഷ്ടിച്ച വേറിട്ട മാതൃകകൾ നമുക്ക് കരുത്താവുകയാണ്.

**ഇപ്പോഴത്തെ പ്രതിസന്ധിയെ പുതിയൊരു വികസന മുന്നേറ്റത്തിനുള്ള അവസരമാക്കി മാറ്റാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മനസ്സ് വയ്ക്കണം. ഇതിനുള്ള വ്യക്തമായ ആസൂത്രണവും ഏകോപനവും തദ്ദേശഭരണ സ്ഥാപന തലത്തിൽ ഉണ്ടാകണം.**

## മണ്ണറിഞ്ഞ വികസനം നെടുമങ്ങാടിന്റെ മാതൃക

പരിസ്ഥിതി സൗഹൃദ സുസ്ഥിര വികസനമെന്ന സർക്കാരിന്റെ കാഴ്ചപ്പാട് ഏറ്റെടുത്ത് നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ ജൈവഗ്രാമം പദ്ധതി സംസ്ഥാനത്തെ 152 ബ്ലോക്കുകൾക്കും 941 ഗ്രാമപഞ്ചായത്തുകൾക്കും പ്രചോദനമാവണം. പദ്ധതിയുടെ ഭാഗമായി നൂറ് ഏക്കറിലേറെ തരിശു ഭൂമി ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് ഏറ്റെടുത്ത് കൃഷി ചെയ്തു. ജൈവകൃഷിയിലൂടെ ഫലഭൂയിഷ്ഠമാക്കിയ ഭൂമി നിശ്ചിത കാലയളവിനു ശേഷം ഉടമസ്ഥർക്ക് തിരികെ നൽകുന്നു.

ജൈവകൃഷി പരിശീലന കേന്ദ്രം സ്ഥാപിച്ച് നൂറുകണക്കിനു പേർക്ക് പരിശീലനം നൽകി ജൈവ കൃഷിയിലേക്ക് ആകർഷിച്ചു. ഇവിടെ പ്രവർത്തിക്കുന്ന കാർഷിക നഴ്സറിയിൽ നിന്ന് വിത്തുകളും തൈകളും ജൈവ കാർഷികോൽപ്പന്നങ്ങളും കർഷകർക്കും മറ്റ് ആവശ്യക്കാർക്കും വിതരണം ചെയ്തു വരുന്നു. വിവിധ തരം ജൈവ കാർഷികോൽപ്പന്നങ്ങൾ, നടീൽ വസ്തുക്കൾ, ജൈവ വളം, ജൈവ കീടനാശിനികൾ എന്നിവ ജൈവ ഗ്രാമത്തിൽ ലഭിക്കും. ജമന്തി, സൂര്യകാന്തി, കുറ്റിമുല്ല, വാടാമുല്ല തുടങ്ങിയ പുഷ്പങ്ങൾക്ക്



*നെടുമങ്ങാട് ജൈവഗ്രാമത്തിലെ ഗ്രീൻഹൗസ് നഴ്സറി*



*നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിലെ ജൈവഗ്രാമം.*

വിപണിയിൽ നല്ല വിലയും ധാരാളം ആവശ്യക്കാരുമുണ്ട്. ഒരേ സമയം ഏറ്റവും കൂടുതൽ സന്നദ്ധ പ്രവർത്തകരെ പുഴ സംരക്ഷണത്തിന് രംഗത്തിറക്കിയ കിള്ളിയാർ മിഷൻ പോലെ ജൈവഗ്രാമവും നാട്ടുണർത്തിയ മാതൃകയായി സ്വീകരിക്കപ്പെട്ടിരിക്കുന്നു.

പച്ചക്കറികൾ, പുഷ്പവർഗങ്ങൾ, മത്സ്യങ്ങൾ, പശു, ആട്, കോഴി, താറാവ്, മറ്റ് വളർത്തു പക്ഷികൾ ഇവയൊക്കെ അടങ്ങുന്ന സംയോജിത ജൈവകൃഷിയാണ് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തത്. മൂന്ന് പഞ്ചായത്തുകളിലെ ഓരോ വാർഡ് വീതം തെരഞ്ഞെടുത്ത് തരിശു രഹിത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വ്യാപിപ്പിച്ചു. വല്ലം നിറ പദ്ധതിയുടെ ഭാഗമായി 375 ഏക്കറോളം ഭൂമിയിൽ കൃഷിയിറക്കി. ഇതിലൂടെ കർഷകർക്ക് 6 കോടിയോളം രൂപയുടെ വരുമാനമുണ്ടായി. കൃഷിയിലേക്ക്, വിശിഷ്യാ ജൈവകൃഷിയിലേക്ക് ജനങ്ങളെ ആകർഷിക്കുന്നതിൽ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് വിജയിച്ചു. കൃഷി ലാഭകരമായി നടത്തുന്നതിന് ആവശ്യമായ പരിശീലനവും സാങ്കേതികോപദേശവും മാത്രമല്ല വിത്തും വളവും ജൈവ കീടനാശിനിയും വരെ ജൈവഗ്രാമത്തിലൂടെ കർഷകർക്ക് ലഭ്യമാക്കി. ജൈവഗ്രാമത്തിന്റെ സമൃദ്ധി ബ്രാൻഡ് ഉൽപ്പന്നങ്ങൾ വിപണിയിൽ കൂടുതൽ കൂടുതൽ സ്വീകാര്യത നേടുന്നുണ്ട്. കൃഷി നഷ്ടമാകുമോ എന്ന ആശങ്ക അസ്ഥാനത്താണെന്ന് നെടുമങ്ങാട് ബ്ലോക്കിന്റെ അനുഭവം തെളിയിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്ന് സംസ്ഥാന സർക്കാർ എന്താണ് പ്രതീക്ഷിക്കുന്നതെന്ന് ആരെങ്കിലും ചോദിച്ചാൽ നെടുമങ്ങാട് ബ്ലോക്കിന്റെ ജൈവഗ്രാമം പദ്ധതി ചൂണ്ടിക്കാണിക്കാം.

**പരിസ്ഥിതി സൗഹൃദ സുസ്ഥിര വികസനമെന്ന സർക്കാരിന്റെ കാഴ്ചപ്പാട് ഏറ്റെടുത്ത് നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ ജൈവഗ്രാമം പദ്ധതി സംസ്ഥാനത്തെ 152 ബ്ലോക്കുകൾക്കും 941 ഗ്രാമപഞ്ചായത്തുകൾക്കും പ്രചോദനമാവണം. പദ്ധതിയുടെ ഭാഗമായി നൂറ് ഏക്കറിലേറെ തരിശു ഭൂമി ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് ഏറ്റെടുത്ത് കൃഷി ചെയ്തു.**



## പ്രകൃതിയുടെ നന്മകൾ പൊലിപ്പിച്ചെടുക്കുക

കഴിക്കുന്ന ആഹാരം, കുടിക്കുന്ന വെള്ളം, ശ്വസിക്കുന്ന വായു - ഇവ മൂന്നും കഴിഞ്ഞേ മറ്റൊരു സമ്പത്തുള്ളൂ. അതാണ് ഹരിത കേരളം മിഷനിലൂടെ സർക്കാർ മുന്നോട്ടുവച്ച വികസന കാഴ്ചപ്പാടിന്റെ കാതൽ. പ്രകൃതിയുടെ നന്മകൾ പൊലിപ്പിച്ചെടുക്കുന്ന സുസ്ഥിര വികസന സംസ്കാരത്തിനാണ് ഹരിത കേരളം ദൗത്യത്തിലൂടെ കേരളം നാന്ദി കുറിച്ചത്. അതിന്റെ തിളക്കമാർന്ന മാതൃകകളിൽ ഒന്നായി ജൈവഗ്രാമം പദ്ധതിയെ കാണാം. ഒരു മാതൃകയും അതേപടി പകർത്താനുള്ളതല്ല. അതിന്റെ ആവശ്യവുമില്ല. സാഹചര്യങ്ങൾക്ക് അനുസരിച്ച് സ്വന്തം പന്ഥാവ് തെളിക്കലാണ് പ്രധാനം. അതിന് ജൈവഗ്രാമം പ്രചോദനമാകുമെന്നതിൽ സംശയമില്ല.

മണ്ണിലെ സൂക്ഷ്മജീവികളെ ഇല്ലാതാക്കി അതിന്റെ ഉൽപ്പാദനക്ഷത നശിപ്പിച്ച് ഏതാനും വർഷം മാത്രം മികച്ച വിളവു നേടിയാൽ കൃഷി ലാഭകരമായെന്ന് കരുതിയ കാലം മാറി. പൊൻമുട്ടയിടുന്ന താറാവിനെ കൊല്ലുകയല്ല, വളർത്തുകയാണ് വേണ്ടത്. കൃഷി അതിജീവനമായി മാറിക്കഴിഞ്ഞു. യുവ തലമുറയ്ക്ക് മുന്നിൽ അത് അവസരങ്ങളുടെ പുതിയൊരു ലോകം തുറന്നിരിക്കുന്നു.

കാർഷിക സാങ്കേതിക വിദ്യകളുടെ രീതിയും സ്വഭാവവും മാറുകയാണ്. കൃഷി ഭവനുകളിലെ കൃഷി ഓഫീസർമാർ അടക്കമുള്ള വിദഗ്ധർ ഇതിൽ പ്രധാന പങ്കു വഹിക്കുന്നുണ്ട്. എന്നിരുന്നാലും ഈ മാറ്റം പൂർണ്ണമായിട്ടില്ല. കാർഷിക വിദഗ്ധരിലെ ചെറിയൊരു വിഭാഗമെങ്കിലും ഹരിതവിപ്ലവത്തിന്റെ കാലത്തു തന്നെ നിൽക്കുകയാണ്. അത്യുൽപ്പാദന ശേഷിയുള്ള വിത്തും രാസവളവും രാസകീടനാശിനിയുമായാൽ കൃഷി ആധുനികമായെന്ന് ആരും കരുതരുത്. വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന ഇടത്തരം കർഷകനും സ്വന്തം വീട്ടാവശ്യത്തിനുള്ള പച്ചക്കറി നട്ടുവളർത്തുന്ന രണ്ടു സെന്റുകാരനും അവനവന്റെ സൗകര്യങ്ങളും സാധ്യതകളും ഉപയോഗപ്പെടുത്താൻ കഴിയണം. പഠിച്ചുവന്ന വാർപ്പു മാതൃകകളിൽ കർഷകരെ തളച്ചിടരുത്. ജൈവ കൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങളിൽ അതിന് മുൻഗണന നൽകണം. ആദായം തരുന്നതോടൊപ്പം മണ്ണിന്റെ ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്ന ജൈവകൃഷിയാണ് ദീർഘകാലാടിസ്ഥാനത്തിൽ കൂടുതൽ ലാഭകരമെന്ന് അഭിപ്രായമുണ്ട്. ആധുനിക സാങ്കേതികവിദ്യയോട് പുറം തിരിഞ്ഞു നിൽക്കുന്നതാണ് ജൈവ കൃഷിയെന്ന ധാരണ വേണ്ട. കാർഷിക സാങ്കേതികവിദ്യയുടെ ചക്രവാളം അതിലും എത്രയോ വിശാലമാണ്. സാങ്കേതികവിദ്യ ശരിയായ സാമൂഹി ക വികസന കാഴ്ചപ്പാടോടെ ഉപയോഗപ്പെടുത്തണം. സമ്പൂർണ്ണ ജൈവകൃഷിയോ പരിമിതമായ അളവിൽ മാത്രം രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കുന്ന കൃഷി രീതിയോ പടിപടിയായി സമ്പൂർണ്ണ ജൈവ കൃഷിയിലേക്ക് മാറുന്ന രീതിയോ അവലംബിക്കാം. രാസവളങ്ങളുടെയും രാസകീടനാശിനികളുടെയും അമിതമായ ഉപയോഗം ഒരു തരത്തിലും പ്രോൽസാഹിപ്പിക്കാൻ നിർവ്വാഹമില്ല. രാസ കൃഷിയല്ല, ആധുനിക കൃഷിയാണ് നമുക്കാവശ്യം.

> ഉൽപ്പാദന മേഖലയുടെ ഉറച്ച അടിത്തറയില്ലാതെ കെട്ടിപ്പടുക്കുന്ന സേവന സമ്പദ് വ്യവസ്ഥ തായ് വേരില്ലാത്ത വൃക്ഷം പോലെയാണ്. അത് എപ്പോൾ വേണമെങ്കിലും നിലം പൊത്താം. കൃഷിയും ക്ഷീര വികസനം പോലുള്ള അനുബന്ധ മേഖലകളും തുറന്നു വയ്ക്കുന്ന വികസന സാധ്യതകളെ കേരളം പ്രതീക്ഷയോടെ ഉറ്റുനോക്കുകയാണ്.

മണ്ണിനെ ഒരു ആവാസ വ്യവസ്ഥയായാണ് പരമ്പരാഗത കർഷകൻ കണ്ടത്. അനേകം സൂക്ഷ്മകീടങ്ങൾ അടങ്ങിയ ഈ വ്യവസ്ഥ ആരോഗ്യകരവും ചലനാത്മകവും സ്വയം പര്യാപ്തവുമാകുമ്പോൾ മണ്ണിന്റെ ഉൽപ്പാദനക്ഷമത വർദ്ധിക്കും. കൃഷി ഒരു ജീവനോപാധി മാത്രമല്ല. അതൊരു സംസ്കാരമാണ്. പുതിയ തലമുറ കൃഷിയിൽ നിന്ന് അകലുമ്പോൾ ഒരു സംസ്കാരവുമായുള്ള നമ്മുടെ നാഭീനാള ബന്ധമാണ് മുറിയുന്നത്. കൃഷിയുടെ മർമ്മമറിഞ്ഞവർക്ക് മണ്ണിന്റെയും മനുഷ്യന്റെയും നന്മയ്ക്ക് എതിരു നിൽക്കാനാവില്ല. മണ്ണ് അറപ്പു തോന്നേണ്ട വസ്തുവല്ല. കായികാധ്വാനം പീഢിതന്റെ നുകവുമല്ല. അത് പഠിച്ചു തന്നെ വേണം നമ്മുടെ പുതുതലമുറ വളരാൻ. മണ്ണിനെ ഊഷരമാക്കി താൽക്കാലിക ലാഭമുണ്ടാക്കുന്നത് അടുത്ത തലമുറയ്ക്കുള്ള അന്നം തട്ടിപ്പറിക്കുന്നതിന് തുല്യമാണ്. ലാഭകരമായി പ്രവർത്തിക്കുന്ന എത്രയെങ്കിലും ജൈവകൃഷി ഫാമുകൾ കേരളത്തിലുണ്ട്. പോളിഹൗസ് പോലുള്ള സങ്കേതങ്ങളും വ്യാപകമാവുകയാണ്. സർക്കാർ തുടങ്ങി വച്ച മുൻകൈ പ്രവർത്തനം ഭാവനാശാലികളായ സംരംഭകർ ഏറ്റെടുത്തിരിക്കുന്നു എന്നർത്ഥം. കൃഷിയിലേക്ക് തിരിച്ചെത്തുക; ജൈവ സങ്കേതങ്ങൾ പടിപടിയായി അവലംബിച്ച് സുസ്ഥിര കൃഷിയിലേക്ക് മാറുക.

ഉൽപ്പാദന മേഖലയുടെ ഉറച്ച അടിത്തറയില്ലാതെ കെട്ടിപ്പടുക്കുന്ന സേവന സമ്പദ് വ്യവസ്ഥ തായ്‌വേരില്ലാത്ത വൃക്ഷം പോലെയാണ്. അത് എപ്പോൾ വേണമെങ്കിലും നിലം പൊത്താം. കൃഷിയും ക്ഷീര വികസനം പോലുള്ള അനുബന്ധ മേഖലകളും തുറന്നു വയ്ക്കുന്ന വികസന സാധ്യതകളെ കേരളം പ്രതീക്ഷയോടെ ഉറ്റുനോക്കുകയാണ്. സുഭിക്ഷ കേരളത്തിലേക്ക് നാടിനെ കൈ പിടിക്കാനുള്ള ഈ അവസരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുക. സർക്കാർ ഒപ്പമല്ല, മുന്നിൽത്തന്നെയുണ്ട്.



ഗ്രാമ - ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾക്ക് അതാത് പ്രദേശത്തെ പ്രത്യേകതകൾ കണക്കിലെടുത്ത് അനുയോജ്യമായ പദ്ധതി കണ്ടെത്തി ഫിഷറീസ് വകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കുന്നതിനുള്ള അസുലഭ സന്ദർഭമാണ് സുഭിക്ഷ കേരളം പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ള മത്സ്യകൃഷി വ്യാപന പദ്ധതികൾ.

## സുഭിക്ഷ കേരളം

# ലക്ഷ്യം മത്സ്യോല്പാദനത്തിൽ സ്വയംപര്യാപ്തത

■ **ജെ. മേഴ്സിക്കുട്ടി അമ്മ**

**ഫിഷറീസ് വകുപ്പ് മന്ത്രി**

സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യോല്പാദനം വർദ്ധിപ്പിക്കാൻ തദ്ദേശ സ്ഥാപനങ്ങളുമായി കൈകോർത്ത് വ്യത്യസ്തങ്ങളായ പദ്ധതികൾക്കാണ് ഫിഷറീസ് വകുപ്പ് രൂപം കൊടുത്തിട്ടുള്ളത്. സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ഓരോ ജില്ലയിലും ആവശ്യമായ മത്സ്യം അതാത് ജില്ലകളിൽ തന്നെ ഉല്പാദിപ്പിക്കുന്നതിനുമുള്ള വമ്പിച്ച ജനപങ്കാളിത്തത്തോടെയുള്ള ഒരു മഹായജ്ഞവുമായാണ് ഫിഷറീസ് വകുപ്പ് മുന്നോട്ട് പോകുന്നത്.

മത്സ്യകൃഷിയും അതിന്റെ പ്രയോജനങ്ങളും സാധാരണക്കാരുടെ കരങ്ങളിൽ എത്തുന്നതിന് പഞ്ചായത്ത്‌രാജ് സംവിധാനത്തിലൂടെ സാധിക്കും. ഗ്രാമ - ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾക്ക് അതാത് പ്രദേശത്തെ പ്രത്യേകതകൾ കണക്കിലെടുത്ത് അനുയോജ്യമായ പദ്ധതി കണ്ടെത്തി ഫിഷറീസ് വകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കുന്നതിനുള്ള അസുലഭ സന്ദർഭമാണ് സുഭിക്ഷ കേരളം പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ള മത്സ്യകൃഷി വ്യാപന പദ്ധതികൾ.

ഓരോ കുടുംബത്തിനും അവരവർക്ക് കഴിയുന്ന രീതിയിൽ പദ്ധതിയിൽ പങ്കാളിയാവാം. ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു വഴിത്തിരിവാണ് ഓരോ പദ്ധതിയും. ഗ്രാമഗ്രാമാന്തരങ്ങളിൽ മത്സ്യകൃഷിയുടെ പ്രയോജനവും ആവശ്യകതയും വെളിവാക്കുന്ന പദ്ധതികൾക്കാണ് വകുപ്പ് രൂപം നൽകിയിട്ടുള്ളത്.

മൂന്ന് വർഷമായാണ് പദ്ധതി നടപ്പാക്കുന്നത്. അതിൽ നടപ്പ് വർഷം ജൂൺ - ജൂലൈ - ആഗസ്റ്റ് മാസങ്ങളിലായി 270 കോടി രൂപ ചെലവഴിച്ചാണ് പദ്ധതിക്ക് തുടക്കമിടുന്നത്.

ഈ വർഷം തുടങ്ങി അടുത്ത രണ്ട് വർഷം വിപുലീകരിച്ച് 1,23,000 മെട്രിക് ടൺ മത്സ്യം ഉല്പാദിപ്പിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പരിസ്ഥിതി സൗഹാർദ്ദവും വികേന്ദ്രീകൃതവുമായ മത്സ്യകൃഷിയിലൂടെ മത്സ്യ വിഭവ സുസ്ഥിരത ഉറപ്പ് വരുത്താൻ പദ്ധതിക്കാവും.

സംസ്ഥാനത്തെ മത്സ്യ ആഭ്യന്തര ഉപഭോഗത്തിന്റെ 1.5 ലക്ഷം മെട്രിക് ടൺ മത്സ്യത്തിനായി ഇന്നും നമ്മൾ അന്യസംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. ഇത്തരത്തിൽ ലഭിക്കുന്ന മത്സ്യം പലപ്പോഴും ഗുണനിലവാരമുള്ളതായിരിക്കില്ല. അതിനാൽ അന്യസംസ്ഥാന മത്സ്യങ്ങളെ പൂർണ്ണമായി നമുക്ക് ആശ്രയിക്കാ

നാവില്ല. ലോകത്താകമാനം മത്സ്യോല്പാദനം കുറഞ്ഞു വരികയാണ്. മത്സ്യകൃഷിയിലൂടെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുക മാത്രമാണ് കരണീയമായിട്ടുള്ളത്. ഉൾനാടൻ മത്സ്യകൃഷിക്ക് ഊന്നൽ നൽകി ഉല്പാദനം വർദ്ധിപ്പിച്ചു കൊണ്ടുമാത്രമേ സ്വയംപര്യാപ്തതയിലേക്ക് എത്തിച്ചേരാനാവുകയുള്ളൂ.

ഫിഷറീസ് വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സഹകരണ പ്രസ്ഥാനങ്ങളും ഫിഷറീസ് സാങ്കേതിക സ്ഥാപനങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ നമുക്ക് മത്സ്യോല്പാദനത്തിൽ സ്വയംപര്യാപ്തതയിൽ എത്താനാകും. കൂടാതെ ഗുണമേന്മയുള്ള, രാസപദാർത്ഥങ്ങൾ ചേരാത്ത ശുദ്ധമായ മത്സ്യം നമുക്ക് ഉല്പാദിപ്പിക്കാനാവും. മലയാളികളുടെ ഊർജ്ജസ്വലതയ്ക്ക് ആവശ്യമായ പ്രോട്ടീനുകളും മറ്റ് പ്രകൃതിദത്ത ധാതുക്കളും കുറഞ്ഞ ചെലവിൽ ലഭ്യമാക്കാൻ മത്സ്യങ്ങൾക്കാവും.

കർഷകർക്കും വനിതകൾക്കും യുവജനങ്ങൾക്കും ഒരു തൊഴിൽ വരുമാന പദ്ധതിയായി മത്സ്യകൃഷി സഹായിക്കും. മത്സ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും നവീന മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഗുണമേന്മയുള്ള മത്സ്യം ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനും പദ്ധതികൾ സഹായിക്കും.

സംസ്ഥാനത്തുള്ള അനുയോജ്യമായ മുഴുവൻ ജലാശയങ്ങളിലും മത്സ്യകൃഷിക്കായി ആവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ കർഷകർക്ക് നൽകും. അനുയോജ്യമായ ജലാശയങ്ങൾ നവീകരിച്ച് കരിമീൻ പോലുള്ള തദ്ദേശീയ മത്സ്യങ്ങളുടെ ഉല്പാദനം പരമാവധി വർദ്ധിപ്പിക്കും. അനുയോജ്യമായ എല്ലാ റിസർവോയറുകളിലും മത്സ്യകൃഷി പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും പദ്ധതിക്കാവും.

മത്സ്യ രോഗം കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ അക്വാട്ടിക് ആനിമൽ ഹെൽത്ത് സെന്ററുകളും മൊബൈൽ അക്വാ ക്ലിനിക്കുകളും നിലവിൽ വരും. മത്സ്യ കർഷകർക്ക് ആവശ്യമായ സാങ്കേതിക വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഓരോ മത്സ്യകൃഷി രീതിക്കും വെവ്വേറെ ലഘുലേഖ പ്രസിദ്ധീകരിക്കും. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ അടിസ്ഥാന യൂണിറ്റുകളായി കണ്ടാണ് പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുള്ളത്.

മൂന്ന് വർഷങ്ങളായി വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷിയുടെ 10,000 യൂണിറ്റും, ബയോഫ്ളോക്ക് മത്സ്യകൃഷിക്കായിട്ടുള്ള 80,000 യൂണിറ്റും, കുളത്തിലെ കരിമീൻ കൃഷിക്കായി 15,000 യൂണിറ്റും, കൂടിലെ മത്സ്യകൃഷിക്കായി 5,000 യൂണിറ്റും, ഒരു നെല്ലും ഒരു മീനും കൃഷിക്കായി 13,000 ഹെക്ടറും, അക്വാപോണിക്സിന്റെ 560 യൂണിറ്റുകളുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. 19 റിസർവോയറുകളാണ് മത്സ്യകൃഷി വ്യാപനത്തിനായി ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

ഇത് കൂടാതെ 14 മൊബൈൽ അക്വാ ക്ലിനിക്കുകൾ, 20 നൈൽ തിലോപ്പിയ ഹാച്ചറികൾ, നാല് മത്സ്യത്തീറ്റ നിർമ്മാണ യൂണിറ്റുകൾ, 1000 മത്സ്യവിപണന ഔട്ട്ലെറ്റുകൾ, 20 പോർട്ടബിൾ ചിൽഡ് സ്റ്റോറേജ്



യൂണിറ്റുകൾ എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി യുടെ ഒരു യൂണിറ്റിന് 1,23,000 രൂപയും, ബയോഫ്ളോക്കിന് 1,38,000, കുളങ്ങളിലെ കരിമീൻ കൃഷിക്ക് 1,50,000, കൂട്ടിലെ മത്സ്യ കൃഷിക്ക് 3,50,000, അക്വാപോണിക്സിന് 5,00,000 രൂപയുമാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്.

പദ്ധതി പ്രകാരം ഓരോ യൂണിറ്റിന്റെയും ചെലവിന്റെ 40 ശതമാനം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ഗ്രാന്റ് ആയി നൽകും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായി സംയോജിപ്പിച്ച് നടത്തുന്ന വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യ കൃഷി, ബയോഫ്ളോക്ക് മത്സ്യകൃഷി, കുളത്തിലെ കരിമീൻ കൃഷി എന്നിവയുടെ കാര്യത്തിൽ ഗ്രാന്റിന്റെ 1/3 ഭാഗം ഫിഷറീസ് വകുപ്പും 2/3 ഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വഹിക്കും. അവശേഷിക്കുന്ന 60 ശതമാനം തുക ഗുണഭോക്തൃ വിഹിതമായി സമാഹരിക്കും. യൂണിറ്റ് കോസ്റ്റിന്റെ 50 ശതമാനം വരെ കർഷകർക്ക് കുറഞ്ഞ പലിശയ്ക്കോ പലിശ രഹിതമായോ വായ്പ സഹകരണ സ്ഥാപനങ്ങൾ വഴി കണ്ടെത്താനാവും. അങ്ങനെയെങ്കിൽ യൂണിറ്റ് കോസ്റ്റിന്റെ 10 ശതമാനം തുക മാത്രം ഗുണഭോക്താവ് സ്വരൂപിച്ചാൽ മതിയാകും.

പദ്ധതിയുടെ ഭാഗമായി കുളം കുഴിക്കേണ്ടത് ആവശ്യമായി വരുന്ന പ്രോജക്ടുകൾ ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കും. തൊഴിൽ ഉറപ്പ് പദ്ധതി വഴി ചെയ്യുന്ന പദ്ധതിയുടെ തുക യൂണിറ്റ് കോസ്റ്റിൽ നിന്നു കുറവ് ചെയ്ത് മാത്രമേ ഗുണഭോക്തൃ വിഹിതം നിശ്ചയിക്കുകയുള്ളൂ.

മൂന്ന് വർഷങ്ങളിലായി നടപ്പാക്കുന്ന പദ്ധതി വഴി സംസ്ഥാനത്തെ മത്സ്യോല്പാദനം വർദ്ധിപ്പിച്ച് അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യ വിപണനം ഇല്ലാതാക്കി ഗുണനിലവാരമുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കി മലയാളികളുടെ ആരോഗ്യത്തിന് സർക്കാരിന്റെ കരുതലിന്റെ അടയാളമായി ഈ പദ്ധതികൾ മാറുമെന്ന പ്രതീക്ഷയിൽ ഒരു ജനകീയ യജ്ഞമായി പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകാൻ നമുക്കെല്ലാവർക്കും ഒന്നുചേരാം. □

*പായം ഗ്രാമപഞ്ചായത്തിലെ കൂട് മത്സ്യ കൃഷി മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ സന്ദർശിക്കുന്നു.*



## ഫിഷറീസ്: ഭരണനേട്ടങ്ങൾ കഴിഞ്ഞ നാല് വർഷം

- 2,057 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കി.
- മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ എല്ലാവിധ സൗകര്യങ്ങളോടും കൂടിയ 192 ഫ്ലാറ്റുകൾ, 5,560 വീടുകൾ നൽകി. 4,000 വീടുകൾ പുനർ വൈദ്യുതീകരിച്ചു. 4,500 വീടുകൾ നവീകരിച്ചു. 5,477 ടോയ്‌ലറ്റുകൾ നിർമ്മിച്ചു.
- മത്സ്യത്തൊഴിലാളി കുടുംബത്തിൽപ്പെട്ടവർക്ക് കോസ്റ്റൽ പോലീസിൽ നിയമനം.
- മരണപ്പെടുന്ന മത്സ്യത്തൊഴിലാളിയുടെ കുടുംബത്തിന് 10 ലക്ഷം രൂപ ഇൻഷുറൻസ് സഹായം.
- സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ 1.68 ലക്ഷം പേർക്ക് സഹായം.
- 43,500 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സൗജന്യ റേഷൻ.
- 1.16 ലക്ഷം മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം. സൗജന്യ പരിശീലനത്തിലൂടെ 34 കുട്ടികൾക്ക് എം.ബി.ബി. എസ്. പ്രവേശനം.
- തീരദേശ സ്കൂളുകളുടെ നവീകരണത്തിനും ആധുനിക വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും 65 കോടി രൂപയുടെ പദ്ധതി.
- തീരദേശ ആരോഗ്യ കേന്ദ്രങ്ങളുടെയും ആശുപത്രികളുടെയും നവീകരണ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്നത് 30 കോടി രൂപ.
- 1,400 തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് 514 കോടി രൂപ.
- നാല് വർഷം കൊണ്ട് ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകൾ മുഖേന 4,465 കോടി രൂപയുടെ വികസന പദ്ധതികൾ.
- സംസ്ഥാനത്തെ മത്സ്യവിത്തുല്പാദനം 2015-16 കാലത്തേതിന്റെ ഇരട്ടിയായി വർദ്ധിപ്പിച്ചു.
- സംസ്ഥാനത്തെ പ്രതിവർഷ മൊത്ത മത്സ്യോല്പാദനം 7.28 ലക്ഷം ടണ്ണിൽ നിന്ന് 8.01 ലക്ഷം ടണ്ണായി വർദ്ധിച്ചു.



നമ്മുടെ കാർഷിക മേഖലയെ ഘട്ടംഘട്ടമായി നവീകരിച്ച് കൂടുതൽ വളർച്ചയിലേക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2016-ൽ അധികാരമേറ്റതു മുതൽ സംസ്ഥാന സർക്കാർ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നത്.

# സുഭിക്ഷകേരളം

# ഭക്ഷ്യസ്വരാജിലൂടെ ഗ്രാമസ്വരാജിലേക്ക്

■ **അഡ്വ. വി.എസ്. സുനിൽകുമാർ**
**കൃഷി വകുപ്പ് മന്ത്രി**

കൊവിഡ് 19 മഹാമാരി ലോകത്തെയാകെ നിശ്ചലമാക്കാൻ തുടങ്ങിയിട്ട് നൂറ് ദിവസങ്ങൾ പിന്നിട്ടിരിക്കുകയാണ്. ഭയവും ആശങ്കയും ഒഴിഞ്ഞിട്ടില്ല. മിക്കവാറും എല്ലാ ലോകരാഷ്ട്രങ്ങളും ഈ സാർവ്വത്രിക രോഗവ്യാപനത്തിനു മുന്നിൽ പകച്ചു നിൽക്കുകയാണ്.

ഇന്ത്യയും സമ്പൂർണ ലോക്ക്ഡൗൺ പ്രഖ്യാപിച്ച് മൂന്ന് ഘട്ടം പിന്നിട്ടുകഴിഞ്ഞു. നാമിപ്പോൾ കടന്നുപോയ്ക്കൊണ്ടിരിക്കുന്നത് ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ പ്രതിസന്ധിയിലൂടെയാണ്. ഈ പ്രതിസന്ധി ഘട്ടം എന്ന് തീരുമെന്ന കാര്യം പ്രവചിക്കാൻ കഴിയില്ല. അപ്പോൾ പിന്നെ നമുക്ക് എന്താണ് ചെയ്യാൻ കഴിയുക? പ്രതിസന്ധികളെ നേരിടുകയും അവയെ മികച്ച അവസരമായി കണ്ട് നമ്മുടെ ഭാവി നാം സ്വയം നിർണ്ണയിക്കുകയും ചെയ്യുക എന്നതുതന്നെ. നമ്മുടെ ചുറ്റുപാടുകളെ കൂടുതൽ മെച്ചപ്പെട്ട നിലവാരത്തിലേക്ക് ഉയർത്തിക്കൊണ്ടുവരാനുള്ള നമ്മുടെ സാമൂഹ്യ ഉത്തരവാദിത്വം നിറവേറ്റേണ്ട സന്ദർഭമാണിത്. ഒരു സാമൂഹ്യജീവി എന്ന രീതിയിലുള്ള മനുഷ്യന്റെ ഉത്തരവാദിത്വം നിറവേറ്റാൻ ഈ പ്രതിസന്ധിഘട്ടം നമ്മെ ഓർമ്മപ്പെടുത്തുന്നു. അതിനുള്ള പലവഴികളിൽ ഒന്ന്, നാം ഉപേക്ഷിച്ചുപോന്ന കാർഷികസംസ്കാരത്തിലേക്ക് തിരിച്ചുപോവുക എന്നതാണ്. നാം കൈവിട്ട പ്രകൃതിയെയും ആവാസവ്യവസ്ഥയെയും തിരികെ പിടിക്കുക എന്നതാണ്. കൊവിഡാനന്തര ലോകം നേരിടാൻ പോകുന്ന ഏറ്റവും വലിയ പ്രശ്നം ഭക്ഷ്യസുരക്ഷ ആയിരിക്കും എന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. പ്രാദേശികമായി ഉല്പാദിപ്പിച്ചിരുന്ന ഭക്ഷ്യസാധനങ്ങൾകൊണ്ട് തീൻമേശ നിറയ്ക്കുക എന്നതാണ് ഭക്ഷ്യക്ഷാമത്തെ നേരിടുന്നതിനുള്ള വഴി. പണ്ടൊരുകാലത്ത് നാട്ടിൽ പിടിമുറുക്കിയ ഭക്ഷ്യക്ഷാമത്തെ കപ്പകൊണ്ട് പ്രതിരോധിച്ചത് നാമിപ്പോൾ ഓർക്കുന്നുണ്ട്. പ്രാദേശികമായി ഭക്ഷ്യസുരക്ഷ ഉറപ്പാക്കിക്കൊണ്ട് മാത്രമേ നമുക്ക് ഭക്ഷ്യസ്വയംപര്യാപ്തതയിലേക്ക് മുന്നേറാൻ കഴിയൂ എന്ന് അനുഭവം നമ്മെ പഠിപ്പിച്ചു. നമ്മുടെ കാർഷിക മേഖലയെ ഘട്ടംഘട്ടമായി നവീകരിച്ച് കൂടുതൽ വളർച്ചയിലേക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2016-ൽ അധികാരമേറ്റതു മുതൽ സംസ്ഥാന സർക്കാർ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നത്.

## സമഗ്ര നെൽകൃഷി വികസനം

തരിശു കിടന്നിരുന്ന 6500 ഹെക്ടർ ഭൂമിയിൽ കൃഷിയിറക്കുന്നതിനുള്ള ഫലവത്തായ ഇടപെടലുകൾ നടത്തിയതിന്റെ ഭാഗമായി 2016 മുതൽ ഇന്നുവരെ 40,000 ഹെക്ടർ ഭൂമിയിൽ കൃഷിയിറക്കുവാനായി. സുസ്ഥിര നെൽകൃഷി വികസനം, ഒരുപ്പൂ നിലങ്ങളിലെ ഇരുപ്പൂ കൃഷി, തരിശു നില കൃഷി, കരനെൽ കൃഷി എന്നീ വിവിധ ഘടകങ്ങളിലൂടെയാണ് ഇത് പ്രാവർത്തി

കമാക്കിയത്.

സംസ്ഥാനത്തിന്റെ വാർഷിക ആവശ്യകത 40 ലക്ഷം മെട്രിക് ടൺ നെല്ലാണ്. 2015-16 ൽ 1.96 ലക്ഷം ഹെക്ടറിൽ നിന്നും ഉല്പാദനം 8.58 ലക്ഷം മെട്രിക് ടൺ ആയിരുന്നു. 40,000 ഹെക്ടറിൽ അധികമായി കൃഷി ഇറക്കിയെങ്കിലും രണ്ടു പ്രളയവും ഓഖിയും വരൾച്ചയും നിപ വൈറസ് ബാധയും കാരണം ആകെ വിസ്തീർണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായില്ലെങ്കിൽ പോലും ആ പ്രതിസന്ധി ഘട്ടങ്ങളെ അതിജീവിക്കാനും നിലവിലെ കൃഷി കുറയ്ക്കാതെ സംരക്ഷിക്കാനുമായി. 2017-18 ൽ ആകെ കൃഷി വിസ്തൃതി 2.20 ലക്ഷം ഹെക്ടറിൽ എത്തിക്കുവാനായത് പ്രധാന നേട്ടമായിരുന്നു. തുടർന്ന് വന്ന രണ്ടു പ്രളയം വിസ്തൃതി വീണ്ടും 2.02 ലക്ഷം ഹെക്ടറിലെത്തിക്കുന്നതിന് കാരണമായി. 2017-18 ൽ 9.65 ലക്ഷം മെട്രിക് ടൺ എന്ന റെക്കോർഡ് ഉല്പാദനം നടത്തുവാനുമായി.

നമ്മുടെ മറ്റൊരു നിത്യോപയോഗ ഭക്ഷ്യവസ്തുവാണ് പച്ചക്കറി വിഭവങ്ങൾ. കഴിഞ്ഞ 4 വർഷമായി ഈ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്. 2020 ൽ ആരംഭിച്ച 'ജീവനി-നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം' പദ്ധതിയിലൂടെ ഇത് എല്ലാ കുടുംബങ്ങളിലും എത്തിച്ച് പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തതയാണ് ലക്ഷ്യമിടുന്നത്. 2015-16 ൽ സംസ്ഥാനത്ത് 46,500 ഹെക്ടർ സ്ഥലത്താണ് പച്ചക്കറി കൃഷി ചെയ്തിരുന്നത്. ഉല്പാദനം 6.28 ലക്ഷം മെട്രിക് ടൺ ആയിരുന്നു. സംസ്ഥാനമൊട്ടാകെ ആരംഭിച്ച ജനകീയ മുന്നേറ്റത്തിന്റെ ഭാഗമായി ഇത് 2018-19 വർഷത്തോടെ 82,166 ഹെക്ടർ ആയും ഉല്പാദനം 12.12 ലക്ഷം മെട്രിക് ടൺ ആയും വർദ്ധിച്ചു. 2020 ജനുവരി 1 മുതൽ 2021 ഏപ്രിൽ 14 വരെ നീണ്ടുനിൽക്കുന്ന ജീവനി ക്യാമ്പയിൻ കൊണ്ടുദ്ദേശിക്കുന്നത് മുഴുവൻ കുടുംബങ്ങളെയും പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തമാക്കുക എന്നതാണ്.

അതുപോലെ തന്നെ പ്രധാനമാണ് ചെറുധാന്യങ്ങളുടെ കൃഷി. ആദിവാസികളുടെ ഭക്ഷ്യ സുരക്ഷയ്ക്കായി അട്ടപ്പാടിയിൽ 1100 ഏക്കർ സ്ഥലത്ത് നടത്തിയ മില്ലറ്റ് ഗ്രാമം പദ്ധതി വൻ വിജയമായിരുന്നു. ഭക്ഷ്യ സുരക്ഷ മുന്നിൽ കണ്ടുകൊണ്ട് ഇത് കൂടുതൽ മേഖലകളിലേക്ക് എത്തിക്കുന്നതിനാണ് തീരുമാനം. ഭക്ഷ്യ സുരക്ഷയുടെ കാര്യത്തിൽ ഒഴിച്ചു നിർത്താനാകാത്തവയാണ് നമ്മുടെ കിഴങ്ങു വർഗ്ഗവിളകൾ. 18,451 ഹെക്ടർ സ്ഥലത്താണ് നിലവിൽ ഇവയുടെ കൃഷി. 7000 ഹെക്ടർ സ്ഥലത്തു കൂടി ഇതു നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.



### ഭക്ഷ്യസുരക്ഷ

കൊവിഡ് അതിജീവനത്തിന്റെ മാർഗ്ഗങ്ങളിൽ സംസ്ഥാന സർക്കാർ ഏറ്റവും പ്രധാനമായി കാണുന്നത് കൃഷിയെ ആണ്. നിലവിലുള്ള തരിശുനിലങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും ഭക്ഷ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുമായി ബൃഹത്തായ ജനകീയ പദ്ധതിയ്ക്കാണ് തുടക്കം കുറിച്ചിരിക്കുന്നത്. അതാണ് സുഭിക്ഷകേരളം സംയോജിത കാർഷിക പദ്ധതി. 3000 കോടി രൂപയാണ് അടുത്ത ഒരു വർഷക്കാലം കാർഷിക മേഖലയിൽ ചെലവഴിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മൃഗസംരക്ഷണവും ക്ഷീര വികസനവും ജലസേചനം, സഹകരണം, ഫിഷറീസ്, വ്യവസായം, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് പദ്ധതി യാഥാർത്ഥ്യമാക്കുവാൻ ഉദ്ദേശിക്കുന്നത്. കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കുക, യുവജനങ്ങളെ കൂടുതൽ കൃഷിയിലേക്ക് ആകർഷിക്കുക, ജോലി നഷ്ടപ്പെട്ട് വിവിധ പ്രദേശങ്ങളിൽ നിന്നും എത്തിയിട്ടുള്ള പ്രവാസികളെ കൂടി കൃഷിയിൽ പങ്കാളികളാക്കുക എന്നിവയാണ് പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഉതകുന്ന രീതിയിൽ പദ്ധതികൾക്ക് രൂപം നല്കിയിട്ടുണ്ട്.

തരിശുഭൂമി കൃഷിയ്ക്ക് ഉപയുക്തമാക്കുന്നതിനായി പ്രത്യേക കർമ്മപരിപാടിക

●●●

തരിശു കിടന്നിരുന്ന 6500 ഹെക്ടർ ഭൂമിയിൽ കൃഷിയിറക്കുന്നതിനുള്ള ഫലവത്തായ ഇടപെടലുകൾ നടത്തിയതിന്റെ ഭാഗമായി 2016 മുതൽ ഇന്നുവരെ 40,000 ഹെക്ടർ ഭൂമിയിൽ കൃഷിയിറക്കുവാനായി. സുസ്ഥിര നെൽ കൃഷി വികസനം, ഒരുപ്പൂ നിലങ്ങളിലെ ഇരുപ്പൂ കൃഷി, തരിശു നില കൃഷി, കരനെൽ കൃഷി എന്നീ വിവിധ ഘടകങ്ങളിലൂടെയാണ് ഇത് പ്രാവർത്തികമാക്കിയത്.

●●●

ളാണ് ആവിഷ്കരിച്ചിരിക്കുന്നത്. ഇതിൽ ഏറ്റവും പ്രാധാന്യം കൊടുക്കുന്ന ഒരിനമാണ് കിഴങ്ങുവർഗ്ഗവിളകൾ. വീട്ടുവളപ്പിൽ പ്രധാനമായും ചേമ്പ്, ചേന, കാച്ചിൽ, മധുരക്കിഴങ്ങ്, കപ്പ എന്നിവയാണ് കൃഷി ചെയ്യേണ്ടത്. ഇതോടൊപ്പം തന്നെ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ള മറ്റൊരു ഇനമാണ് പോഷകവിളത്തോട്ട നിർമ്മാണം. പപ്പായ, മുരിങ്ങ, കോവൽ തുടങ്ങിയവയുടെ തൈകൾ വിലയ്ക്കോ, സൗജന്യമായോ ലഭ്യമാക്കി പരമാവധി സ്ഥലത്ത് പോഷകവിളത്തോട്ടങ്ങളുണ്ടാക്കുവാൻ നടപടി സ്വീകരിക്കും.

തരിശുനിലങ്ങളിൽ ഉടമ കൃഷി ചെയ്യാൻ തയ്യാറായില്ലെങ്കിൽ തദ്ദേശസ്ഥാപനങ്ങൾ മുഖേന ആ സ്ഥലം മറ്റ് ഏജൻസികൾക്ക് നൽകും. ജൈവവളം, നടീൽ വസ്തുക്കൾ, എന്നിവ ന്യായവിലയ്ക്ക് കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് എന്നിവയിലൂടെ വീട്ടുവളപ്പിൽ ലഭ്യമാക്കുവാനാണ് ആലോചിക്കുന്നത്. റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ, സന്നദ്ധസംഘടനകൾ എന്നിവയുമായി ബന്ധിപ്പിച്ച് വിത്ത് കൈമാറ്റ കൂട്ടായ്മകൾ സംഘടിപ്പിക്കുകയും ചെയ്യും.

## തരിശുഭൂമി ഇനിയില്ല

ഒരിടത്തും ഭൂമി തരിശിടില്ല എന്നതായിരിക്കും ഇനി നമ്മുടെ നയം. സംസ്ഥാനത്ത് പുതുതായി 1 ലക്ഷം ഏക്കർ സ്ഥലത്ത് കൃഷിയിറക്കുവാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. 25,000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി പുതുതായി നടത്തുവാൻ ഉദ്ദേശിക്കുന്നു. ഒരുപ്പൂ നിലങ്ങളെ ഇരുപ്പൂ നിലങ്ങളാക്കുവാനും ഇതിലൂടെ കൂടുതൽ ധാന്യ ഉല്പാദനം കൈവരിക്കുവാനുമാണ് ഉദ്ദേശിക്കുന്നത്.

പച്ചക്കറി ഉല്പാദനത്തിൽ നമ്മൾ ഇതിനകം തന്നെ വലിയൊരു മുന്നേറ്റം നടത്തിയിട്ടുണ്ട്. ലോക്ക് ഡൗൺ പശ്ചാത്തലത്തിലും നമുക്ക് വേണ്ട പച്ചക്കറി വിഭവങ്ങൾ പ്രാദേശികമായി സംഘടിപ്പിക്കുവാൻ ഏറെക്കുറെ നമുക്ക് സാധിച്ചു. പച്ചക്കറി ഉല്പാദനത്തിൽ എല്ലാ കുടുംബങ്ങളെയും സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ആരോഗ്യ വകുപ്പുമായി ചേർന്ന് ഈ വർഷം ആദ്യം 'ജീവനി - നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം' പദ്ധതി ആരംഭിച്ചത്. സംസ്ഥാനത്തെ അഞ്ച് കാർഷിക പാരിസ്ഥിതിക മേഖലകളാക്കി തിരിക്കുകയും ഓരോ പ്രദേശത്തും

●●●

**കാലാവസ്ഥാ വ്യതിയാനങ്ങൾ മുന്നിൽ കണ്ടുകൊണ്ട് ഒരു സുസ്ഥിര കാർഷിക വിപ്ലവത്തിന് തുടക്കം കുറിക്കുവാൻ നമ്മൾ തയ്യാറായിരിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനത്തെ മറികടക്കുവാൻ കൃഷിക്കു മാത്രമേ കഴിയുകയുള്ളു. എല്ലാവരും കർഷകരാകുക, എല്ലായിടവും കൃഷിയിടമാക്കുക എന്നതാണ് നമ്മുടെ മുദ്രാവാക്യം.**

●●●

കൃഷി ചെയ്യാൻ സാധ്യമായ വിഭവങ്ങളും അതനുസരിച്ച് ഭക്ഷണക്രമത്തിൽ വരുത്തേണ്ട മാറ്റങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് 'ജീവനി ഹെൽത്ത് പ്ലേറ്റ് ' ഡിസൈൻ ചെയ്തിട്ടുണ്ട്. പോഷകാഹാര ലഭ്യതയ്ക്ക് ഓരോ സോണിലും ജീവനി ഹെൽത്ത് പ്ലേറ്റ് അടിസ്ഥാനമാക്കിയുള്ള കൃഷിയാണ് വേണ്ടത്. ഇതിൽ പച്ചക്കറി വിഭവങ്ങൾക്ക് പുറമേ തനത് നാടൻ വിഭവങ്ങൾ, ചെറു ധാന്യങ്ങൾ, പഴങ്ങൾ എന്നിവയെല്ലാം ഉൾപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ ആർദ്രം മിഷനുമായി സംയോജിച്ചു കൊണ്ടാണ് ജീവനി പദ്ധതി നടപ്പിലാക്കിവരുന്നത്. 'നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തരവാദിത്വം' എന്നതാണല്ലോ ആർദ്രം മിഷന്റെ മുദ്രാവാക്യം. അതുപോലെ നമ്മുടെ കൃഷി നമ്മുടെ ഉത്തരവാദിത്വമാക്കി മാറ്റുവാൻ ഓരോ മലയാളിക്കും കഴിയണം.

എല്ലാ പഞ്ചായത്തുകളും കേന്ദ്രീകരിച്ച് കൃഷി പാഠശാല എന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ഓരോ കൃഷി ഭവന്റെയും പരിധിയിൽ കുറഞ്ഞത് 2000 കർഷകരെയെങ്കിലും ഇത്തരത്തിൽ പരിശീലന പദ്ധതിയിൽ ഉൾക്കൊള്ളിച്ചുകൊണ്ട് കൃഷി പാഠശാലകൾ സംഘടിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഓരോ കൃഷിഭവന്റെയും പരിധിയിൽ 10 മോഡൽ ഫാറ്റുകളും രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

## കർഷക വിപണികൾ

ലോക്ക് ഡൗൺ കാലയളവിൽ ആരംഭിച്ച മറ്റൊരു സംവിധാനമാണ് ചെറുകിട കർഷക വിപണികൾ. കർഷകരുടെ ഉല്പാദനങ്ങൾ കർഷകർക്കു തന്നെ വിറ്റഴിക്കുന്നതിനു വേണ്ടി പ്ലാറ്റ് ഫോം കൃഷിവകുപ്പ് നേരിട്ട് സജ്ജീകരിക്കുകയാണ് ചെയ്തത്. ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് നടത്തപ്പെട്ട ഇത്തരം വിപണികൾ സംസ്ഥാനത്തുടനിളം സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ ഉത്പന്ന സംഭരണം എല്ലാ മേഖലയിലും ശക്തമാക്കുകയും ചെയ്തു. കൃഷിവകുപ്പിന്റെ നേരിട്ടുള്ള ഇടപെടലുകളും ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവയുടെ സഹായവും ഇതിനുണ്ടായിരുന്നു. ഇത്തരത്തിലുള്ള വിപണി ഇടപെടലുകൾ വരും കാലങ്ങളിലും ശക്തമാക്കിക്കൊണ്ട് മുന്നോട്ടു പോകാനാണ് ഉദ്ദേശിക്കുന്നത്.

ഗ്രാമചന്തകൾ എല്ലാ പഞ്ചായത്തുകളിലും ഒരു സ്ഥിരം സംവിധാനമാക്കുന്നതാണ്. തിരുവാതിര ഞാറ്റുവേലയോടനുബന്ധിച്ച് എല്ലാ പഞ്ചായത്തുകളിലും ഞാറ്റുവേല ചന്തയും സംഘടിപ്പിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി കൊണ്ട് വിത്ത് കൈമാറ്റം, പ്രാദേശിക ഉല്പന്നങ്ങളുടെയും നടീൽ വസ്തുക്കളുടെയും വിപണനം എന്നിവയെല്ലാം ഞാറ്റുവേല ചന്തയിൽ ഉണ്ടായിരിക്കുന്നതാണ്.

കാർഷിക മേഖലയെ ഒരു പുതിയ ആശയത്തോടെ പരിഷ്കരിക്കുവാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. Low External Input Sustainable Agriculture(LEISA) എന്ന ആശയം ഉൾക്കൊള്ളിച്ചു കൊണ്ട് കൃഷി ച്ചെലവ് കുറയ്ക്കുവാനും ഉല്പാദന വർദ്ധനവ് കൈവരിക്കുവാനുമാണ് ലക്ഷ്യമിടുന്നത്. കഴിഞ്ഞ 3 വർഷമായി നടപ്പിലാക്കി വരുന്ന ഓണത്തിനൊരു മുറം പച്ചക്കറി പദ്ധതി ഈ വർഷവും ഉണ്ടാകും. കാലാവസ്ഥാ വ്യതിയാനങ്ങൾ മുന്നിൽ കണ്ടുകൊണ്ട് ഒരു സുസ്ഥിര കാർഷിക വിപ്ലവത്തിന് തുടക്കം കറിക്കുവാൻ നമ്മൾ തയ്യാറായിരിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനത്തെ മറികടക്കുവാൻ കൃഷിക്കു മാത്രമേ കഴിയുകയുള്ളു. 'എല്ലാവരും കർഷകരാകുക, എല്ലായിടവും കൃഷിയിടമാക്കുക' എന്നതാണ് നമ്മുടെ മുദ്രാവാക്യം. □



> ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ ക്ഷീരവികസന- മൃഗസംരക്ഷണ മേഖലകളിൽ ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ട്.

# വികസനകുതിപ്പുമായി ക്ഷീര - മൃഗസംരക്ഷണ മേഖലകൾ

**■ അഡ്വ. കെ. രാജു**
**ക്ഷീരവികസന-മൃഗസംരക്ഷണ വകുപ്പ് മന്ത്രി**

കേരളീയ ഗ്രാമീണ ജീവിതത്തെ കെട്ടുറപ്പുള്ളതാക്കി നിലനിർത്തുന്നതിൽ കൃഷിയെപ്പോലെതന്നെ സുപ്രധാനമായ പങ്കുവഹിക്കുന്ന മേഖലയാണ് മൃഗപരിപാലനം. ജനങ്ങളുടെ സാമൂഹിക, സാമ്പത്തിക സുസ്ഥിതിപാലനത്തിൽ മൃഗസംരക്ഷണമേഖല ചെറുതല്ലാത്ത പങ്ക് വഹിക്കുന്നുണ്ട്. ദൈനംദിനാവശ്യങ്ങൾ നിറവേറ്റാനുള്ള വരുമാനം ലഭിക്കുമ്പോൾതന്നെ വലിയ ഭൂമി ആവശ്യമില്ലാതെ കാലിവളർത്തൽ പോലുള്ള ജോലികൾ ചെയ്യാമെന്നതാണ് മെച്ചം. ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ ക്ഷീരവികസന-മൃഗസംരക്ഷണ മേഖലകളിൽ ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ട്. പാൽ ഉൽപ്പാദനത്തിലെ സ്വയംപര്യാപ്തത നമ്മുടെ പ്രഖ്യാപിത ലക്ഷ്യമായിരുന്നു. നമുക്കാവശ്യം വരുന്ന പാൽ ഗുണമേന്മയോടെ, മായംകലരാതെ ഇവിടെ നിന്നുതന്നെ ലഭ്യമാക്കുക എന്നതായിരുന്നു നമ്മുടെ ലക്ഷ്യം. തുടർച്ചയായി രണ്ട് പ്രളയങ്ങളും ഇപ്പോൾ നാം നേരിടുന്ന കൊറോണ രോഗവ്യാപനവും വന്നില്ലായിരുന്നെങ്കിൽ ഇതിനോടകം നാം ആ ലക്ഷ്യം കൈവരിച്ചേനെ. എങ്കിലും നമ്മുടെ സ്ഥിതി ആശാവഹമാണെന്ന് പറയാം. നാം ഈ രംഗത്ത് സ്വയംപര്യാപ്തതയോടടുക്കുകയാണെന്ന് കണക്കുകൾ പറയുന്നു. ക്ഷീരസംഘങ്ങളിൽ കൂടിയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം 2.5 ലക്ഷം ലിറ്ററിന്റെ വർദ്ധനവുണ്ടാക്കാൻ നമുക്ക് കഴിഞ്ഞു. 2016-17 ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ പാൽ ഉല്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം 9 ലക്ഷം ലിറ്ററായിരുന്നെങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം പൂർത്തിയാകുമ്പോഴേക്ക് അത് 5 ലക്ഷം ലിറ്ററാക്കി കുറയ്ക്കാൻ നമുക്ക് കഴിഞ്ഞു.

ക്ഷീരസഹകരണ മേഖലയിലെ ശാക്തീകരണത്തിന്റെ നാല് വർഷങ്ങളാണ് കടന്നുപോയത്. ക്ഷീരസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഏകദേശം 14.5 കോടി രൂപ ചെലവഴിച്ച് വിവിധ സഹായങ്ങൾ സർക്കാർ നല്കി. ചെലവുകുറഞ്ഞ മാലിന്യസംസ്കരണ പ്ലാന്റ്, സൗരോർജ്ജ പ്ലാന്റ്, ശുചിത്വമുറപ്പാക്കുന്നതിനായി ഹൈജീനിക് പാൽശേഖരണ മുറികൾ, കാലിത്തീറ്റസംഭരണ മുറികൾ, ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്ററുകൾ, ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ തുടങ്ങിയവ സ്ഥാപിച്ചു. നമ്മുടെ അതിർത്തി പ്രദേശങ്ങളിലൂടെ കടന്നുവരുന്ന പാൽ പരിശോധിക്കുന്നതിനായി കൊല്ലം ജില്ല യിലെ ആര്യങ്കാവിലും പാലക്കാട് ജില്ല യിൽ മീനാക്ഷിപുരത്തും പാൽ പരിശോധന ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ചു. സംസ്ഥാന ഡയറിലാബിനെ

ദേശീയനിലവാരമുള്ള ലാബാക്കി മാറ്റാനും നമുക്ക് കഴിഞ്ഞു. 2017 വരെ ക്ഷീരകർഷകന് ലഭിച്ച പെൻഷൻ 500 രൂപയായിരുന്നെങ്കിൽ അത് പല ഘട്ടങ്ങളിലായി വർദ്ധിപ്പിച്ച് ഇപ്പോൾ 1300 രൂപയായി.

സംസ്ഥാനത്തെ കന്നുകാലി പ്രജനന നയത്തിൽ കാലോചിതമായ പൊളിച്ചെഴുത്ത് നടത്താൻ നമുക്ക് കഴിഞ്ഞു. കേരള ലൈവ്സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡിന്റെ നേതൃത്വത്തിൽ തനത് നാടൻ ജനസ്സുകളായ വെച്ചൂർ, കാസർകോട് കുള്ളൻ തുടങ്ങിയവയുടെ സംരക്ഷണത്തിന് പ്രത്യേക പദ്ധതി നടപ്പിലാക്കി വരികയാണ്.

രാത്രിയായാൽ ഒരു വെറ്ററിനറി ഡോക്ടറുടെ സേവനം ലഭിക്കുക ഏറെ ക്ലേശകരമായിരുന്നു നമ്മുടെ നാട്ടിൽ. എന്നാൽ സംസ്ഥാനത്തെ 105 ബ്ലോക്കുകളിൽ ഡോക്ടർമാരുടെ രാത്രികാല സേവനം ഇപ്പോൾ ഉറപ്പുവരുത്തിയിട്ടുണ്ട്. ഇങ്ങനെ കർഷകക്ഷേമപരമായ വിവിധ പദ്ധതികളുമായാണ് സർക്കാർ മുന്നോട്ട് പോവുന്നത്. പാലിന്റെ കാര്യത്തിൽ മാത്രമല്ല മാംസം, മുട്ട ഇവയുടെ കാര്യത്തിലും ഉല്പാദന വർദ്ധനവും ഗുണമേന്മയും സർക്കാരിന്റെ ലക്ഷ്യമാണ്. കേരള സംസ്ഥാന പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷന്റെ നേതൃത്വത്തിൽ കുടുംബശ്രീ അംഗങ്ങൾക്കായി കെപ്കോ വനിതാമിത്രം, വിധവകൾക്കായുള്ള ആശ്രയപദ്ധതി, കുട്ടികൾക്കുവേണ്ടി കുഞ്ഞുകൈകളിൽ കോഴികുഞ്ഞ്, കോർപ്പറേഷൻ മുനിസിപ്പാലിറ്റി മേഖലകളിലായി നഗരപ്രിയ എന്ന പ്രത്യേക പദ്ധതി തുടങ്ങിയവ നടപ്പിലാക്കി വരികയാണ്. ഗുണമേന്മയുള്ള മാംസം ന്യായമായ വിലയ്ക്ക് ജനങ്ങളിലെത്തിക്കുന്നതിനാണ് മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. എടയാറിൽ സ്ഥാപിച്ച അത്യാധുനിക സംവിധാനങ്ങളോടുള്ള മാംസ സംസ്കരണ പ്ലാന്റ് ഈ രംഗത്തെ ഒരു സുപ്രധാന ചുവടുവയ്പ്പാണ്. പ്രതിദിനം 25 മെട്രിക് ടൺ മാംസം ആധുനികരീതിയിൽ സംസ്കരിക്കാൻ ശേഷിയുള്ളതാണ് ഈ പ്ലാന്റ്.

കഴിഞ്ഞ ഏതാനും വർഷങ്ങളായി നാം നേരിട്ട പ്രകൃതിദുരന്തങ്ങളും പകർച്ചവ്യാധികളും മൃഗപരിപാലന മേഖലയിലും വലിയ പ്രതിസന്ധികളാണ് സൃഷ്ടിച്ചത്. പ്രളയക്കെടുതികൾ നേരിടുന്നതിനായി 182 കോടി രൂപ അനുവദിച്ചുകൊണ്ട് കേരള പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായുള്ള വിവിധ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

ഗുണമേന്മയുള്ള കോഴിയിറച്ചി ലഭ്യമാക്കുന്നതിനും കോഴിവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുമായി സർക്കാർ നടത്തിയ ഫലപ്രദമായ ഇടപെടലിന്റെ ഫലമാണ് കേരളചിക്കൻ എന്ന പദ്ധതി. മൃഗസംരക്ഷണവകുപ്പും കുടുംബശ്രീ, കെപ്കോ, എം.പി.ഐ, വയനാട് ബ്രഹ്മഗിരി സൊസൈറ്റി, വെറ്ററിനറി സർവ്വകലാശാല എന്നീ ഏജൻസികളുമായി ചേർന്നു കൊണ്ട് വിപണിയിലിറക്കിയ കേരളചിക്കൻ വിജയകരമായി മുന്നേറുന്നു.



കഴിഞ്ഞ ഏതാനും വർഷങ്ങളായി നാം നേരിട്ട പ്രകൃതിദുരന്തങ്ങളും പകർച്ചവ്യാധികളും മൃഗപരിപാലന മേഖലയിലും വലിയ പ്രതിസന്ധികളാണ് സൃഷ്ടിച്ചത്. പ്രളയക്കെടുതികൾ നേരിടുന്നതിനായി 182 കോടി രൂപ അനുവദിച്ചുകൊണ്ട് കേരള പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായുള്ള വിവിധ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

കൊവിഡ് വ്യാപനത്തിനു ശേഷം പ്രഖ്യാപിച്ച സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി 215 കോടിരൂപയുടെ പദ്ധതികൾ ക്ഷീരവികസന മേഖലയിൽ നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ജീവനോപാധികൾ എന്ന നിലയിൽ പ്രത്യേക സഹായം, ക്ഷീരസംഘങ്ങളുടെയും ഡയറി പ്ലാന്റുകളുടെയും അടിസ്ഥാന സൗകര്യവികസനം തുടങ്ങിയവ നടപ്പിലാക്കും. പാൽ അധികമായി വന്നാൽ അവ പൊടിയാക്കി മാറ്റി സൂക്ഷിക്കുക എന്നതാണ് കരണീയമായ മാർഗ്ഗം. എന്നാൽ കേരളത്തിന് ഒരു പാൽപ്പൊടി നിർമ്മാണ യൂണിറ്റ് ഇന്ന് ഇല്ല. മിൽമയ്ക്ക് കീഴിൽ സർക്കാർ ധനസഹായത്തോടെ ആധുനിക രീതിയിലുള്ള പാൽപ്പൊടി നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുവാൻ സർക്കാർ പദ്ധതി തയ്യാറാക്കിയിരിക്കുകയാണ്. ലോക്ഡൗൺ കാരണം ദുരിതത്തിലായവർക്ക് കൈത്താങ്ങാവാൻ പരമാവധി പരിശ്രമങ്ങൾ സർക്കാർ തലത്തിൽ നടത്താൻ കഴിഞ്ഞു എന്ന ചാരിതാർത്ഥ്യമുണ്ട്. അടച്ചിടൽ കാലത്ത് ഭക്ഷണത്തിനായി പ്രയാസമനുഭവിച്ച കന്നുകാലികൾക്കും നാട്ടാനകൾക്കുമുൾപ്പെടെ ഭക്ഷണമെത്തിക്കുന്ന പദ്ധതി നടന്നുവരികയാണ്. ഇങ്ങനെ ജനക്ഷേമം മുൻനിർത്തി വികസനകുതിപ്പിന്റെ പുതിയ പാഠങ്ങൾ രചിക്കുകയാണ് കേരളത്തിലെ ജനകീയ സർക്കാർ.



# സുഭിക്ഷ കേരളം

■ ശാരദാ മുരളീധരൻ ഐ.എ.എസ്.

**കൊവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണിനെ തുടർന്നുണ്ടായ സാമ്പത്തിക നഷ്ടത്തിൽ നിന്നും തകർച്ചയിൽ നിന്നും കേരളത്തെ രക്ഷിക്കുന്നതിനും സാമ്പത്തിക വളർച്ചയുടെ പാതയിലേക്ക് കേരളത്തെ തിരിച്ചു കൊണ്ടുവരുന്നതിനും അതിനോടൊപ്പം സംസ്ഥാനത്തെ ഭക്ഷ്യ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി പൊതുപങ്കാളിത്തത്തോടെ തുടക്കം കുറിച്ച പദ്ധതിയാണ് 'സുഭിക്ഷ കേരളം'.**

ആഗോള-ദേശീയ-സംസ്ഥാനതലങ്ങളിലെ സാമ്പത്തിക രംഗത്ത് വലിയ തകർച്ചയാണ് ഉണ്ടായികൊണ്ടിരുന്നത്. ആ ഘട്ടത്തിലും കേരളത്തിന്റെ സാമ്പത്തിക വളർച്ച 7.5 ശതമാനമായി ഉയർത്തി നിർത്താൻ കേരള സർക്കാരിന് സാധിച്ചിരുന്നു. എന്നാൽ കൊവിഡ്-19 ന്റെ വരവോടെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് വലിയതോതിൽ തിരിച്ചടിയുണ്ടാവുകയാണ് ഉണ്ടായത്. ഗൾഫിൽ നിന്നുൾപ്പെടെയുള്ള പ്രവാസികളുടെ പുറം വരുമാനത്തിൽ വന്ന ഇടിവ്, കാർഷിക-വ്യവസായ-സേവന മേഖലകളിലുണ്ടാവുന്ന നിഷ്ക്രിയത്വം എന്നിവയാണ് ഇതിന്റെ പ്രധാന കാരണങ്ങൾ. കൊവിഡ്-19 ന്റെ പ്രതിരോധ പ്രവർത്തനങ്ങൾ വികസന പ്രക്രിയയിലെ ഇത്തരം ദൗർബല്യങ്ങളെ തുറന്നു കാട്ടിയിട്ടുണ്ട്. അതിലെ പ്രധാനപ്പെട്ട ഒന്ന് നമ്മുടെ നാടിനുവേണ്ട കാർഷികോല്പാദനം ഇവിടെ ഉണ്ടാകുന്നില്ല എന്നതാണ്. അതുകൊണ്ട് മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതി ഉണ്ടാകുകയാണ്. കൊവിഡ് കാലഘട്ടത്തിൽ മറ്റു സംസ്ഥാനങ്ങളിലെ കാർഷിക ഉല്പാദന രംഗവും തകർച്ച നേരിട്ടേക്കാം. ഈ സ്ഥിതിവിശേഷത്തിന് കേരളത്തിന്റെ സാധ്യതകൾക്കനുസരിച്ച് മാറ്റം വരുത്താനാവണം.

ധാന്യങ്ങളുടെ കാര്യത്തിൽ കേരളത്തെ സംബന്ധിച്ചിടത്തോളം സ്വയംപര്യാപ്തത പെട്ടെന്ന് സാധ്യമല്ലെങ്കിലും പാൽ, മുട്ട, പഴങ്ങൾ, പച്ചക്കറി എന്നിവയുടെ കാര്യത്തിൽ ഉടൻ സ്വയംപര്യാപ്തത ആർജ്ജിക്കാൻ കഴിയുന്നതാണ്. കേരളത്തിന്റെ കാലാവസ്ഥയും മണ്ണുമെല്ലാം അതിന് പര്യാപ്തമായ വിധത്തിലുള്ളതുമാണ്. ഈ നാട്ടിൽ ജനിച്ചവർക്ക് ഇവിടെത്തന്നെ തൊഴിൽ ചെയ്ത് ജീവിക്കാനുള്ള സാധ്യതകൾ വളർത്തിയെടുക്കേണ്ടതും ഏറ്റവും

പ്രാധാന്യമേറിയ കാര്യമാണ്. അതിന് അനുയോജ്യമായ ഇടപെടലുകളാണ് സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാകുന്നത്.

കാർഷികമേഖലയിലെ സർക്കാർ ഇടപെടൽ ശക്തിപ്പെട്ടതിന്റെ ഭാഗമായി ഈ രംഗത്ത് വലിയ പുരോഗതി ഉണ്ടായിട്ടുണ്ട്. എങ്കിലും നമ്മുടെ ആവശ്യവുമായി താരതമ്യം ചെയ്തു നോക്കിയാൽ ഇനിയും ഏറെ പുരോഗതി കൈവരിക്കേണ്ടതുണ്ട്. തരിശുഭൂമിയെ കൂടി കാർഷിക ഉല്പാദനത്തിന്റെ മേഖലയാക്കി വളർത്തിയെടുക്കുക എന്നത് ഈ കാർഷിക പുരോഗതിക്ക് ഏറെ പ്രധാനമാണ്. ടെറസുകളും പുരയിടവുമെല്ലാം ഉല്പാദന കേന്ദ്രങ്ങളാക്കി മാറ്റിയെടുക്കാൻ സാധിച്ചാൽ ഈ പ്രശ്നങ്ങളെ പരിഹരിക്കുന്നതിന് ഒരുപരിധിവരെ സാധ്യമാകും. കൊവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണിനെ തുടർന്നുണ്ടായ സാമ്പത്തിക നഷ്ടത്തിൽ നിന്നും തകർച്ചയിൽ നിന്നും കേരളത്തെ രക്ഷിക്കുന്നതിനും സാമ്പത്തിക വളർച്ചയുടെ പാതയിലേക്ക് കേരളത്തെ തിരിച്ചു കൊണ്ടുവരുന്നതിനും അതിനോടൊപ്പം സംസ്ഥാനത്തെ ഭക്ഷ്യ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി പൊതുപങ്കാളിത്തത്തോടെ തുടക്കം കുറിച്ച പദ്ധതിയാണ് 'സുഭിക്ഷ കേരളം'.

> ധാന്യങ്ങളുടെ കാര്യത്തിൽ കേരളത്തെ സംബന്ധിച്ചിടത്തോളം സ്വയംപര്യാപ്തത പെട്ടെന്ന് സാധ്യമല്ലെങ്കിലും പാൽ, മുട്ട, പഴങ്ങൾ, പച്ചക്കറി എന്നിവയുടെ കാര്യത്തിൽ ഉടൻ സ്വയംപര്യാപ്തത ആർജ്ജിക്കാൻ കഴിയുന്നതാണ്.

## ലക്ഷ്യം ഭക്ഷ്യോല്പാദനം

നെല്ല്, പഴങ്ങൾ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പാൽ, ഉൾനാടൻ മത്സ്യകൃഷി, മുട്ട, മാംസം എന്നിവയുടെ വലിയ തോതിലുള്ള ഉല്പാദനമാണ് സുഭിക്ഷ കേരളം പദ്ധതി ലക്ഷ്യമിടുന്നത്. തരിശുനിലങ്ങളിൽ കൃഷി ആരംഭിക്കാൻ താത്പര്യമുള്ള കർഷകർ, ചെറുപ്പക്കാർ, പ്രവാസി മലയാളികൾ, കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ എന്നിവർക്ക് സുഭിക്ഷ കേരളം വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കുന്നതാണ്. ഭക്ഷ്യസുരക്ഷ, ഭക്ഷ്യ ഉല്പാദനത്തിൽ സ്വയംപര്യാപ്തത, മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വരുമാന വർദ്ധനവ്, കർഷകരുടെയും കർഷക തൊഴിലാളികളുടെയും ക്ഷേമം, കൂടുതൽ തൊഴിലവസരങ്ങൾ, പരിസ്ഥിതി പുനഃസ്ഥാപനം എന്നിവയാണ് സുഭിക്ഷ കേരളം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

വിപുലമായ തോതിൽ ജനപങ്കാളിത്തം ഉറപ്പാക്കി കാമ്പയിൻ മാതൃകയിലാണ് സർക്കാർ ഈ പദ്ധതി നടപ്പിലാക്കുന്നത്.



കൃഷി, തദ്ദേശസ്വയംഭരണം, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, ജലവിഭവം, സഹകരണം, വ്യവസായം എന്നീ വകുപ്പുകളുടെയും പ്രാദേശിക സർക്കാരുകളുടെയും നേതൃത്വത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഹരിത കേരളം, കുടുംബശ്രീ, തൊഴിലുറപ്പ് തുടങ്ങിയ മിഷനുകൾ, മറ്റ് ഏജൻസികൾ, കാർഷിക-വെറ്ററിനറി-ഫിഷറീസ് സർവ്വകലാശാലകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, യുവജന ക്ലബ്ബുകൾ, ബഹുജന സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണം ഈ പദ്ധതിയുടെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിന് ആവശ്യമാണ്. സംസ്ഥാനതലത്തിൽ ഈ പദ്ധതി കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിലാണ് നടപ്പാക്കേണ്ടത്. പ്രാദേശിക തലത്തിൽ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കാനാവണം. കൊവിഡ്-19 ന്റെ പ്രതിരോധത്തിന്റെ മുൻനിരയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാനായത് ഈ സവിശേഷത ഉള്ളതു കൊണ്ടാണ്. അത് ഉപയോഗപ്പെടുത്തി തരിശുഭൂമി ഉൾപ്പെടെ കൃഷിക്ക് ഉപയുക്തമാക്കാവുന്ന സ്ഥലമെല്ലാം കാർഷിക ഭൂമിയാക്കി മാറ്റുന്നതിന് സാധ്യമാകുന്ന ഇടപെടൽ നടത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ഏറ്റവും നന്നായി കഴിയുക.

കൊവിഡിനെ പ്രതിരോധിക്കുമ്പോൾ തന്നെ ദീർഘകാലമായ പദ്ധതികളെ വികസിപ്പിച്ച് പുതിയ സാഹചര്യത്തെ നേരിടുന്നതിന് കഴിയണം. അതിനായി വലിയ തോതിൽ ഭക്ഷ്യോത്പാദനം വർധിപ്പിക്കുക എന്ന ആശയത്തിലാണ് സുഭിക്ഷ കേരളം എന്ന ഈ വലിയ പരിപാടിക്ക് സർക്കാർ രൂപം നൽകിയത്. തദ്ദേശസ്വയംഭരണ സ്ഥാപന പദ്ധതി വിഹിതം, ഓരോ മേഖലയുമായി ബന്ധപ്പെട്ടുള്ള വകുപ്പുകളുടെ വിഹിതം, ബാങ്കുകളുടെയും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെയും വായ്പ, നബാർഡ് സ്കീമുകൾ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി/അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ഉൾപ്പടെ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വിഹിതം തുടങ്ങിയവ ഈ പദ്ധതിക്കായി മാറ്റി വച്ചിട്ടുണ്ട്.



കേരളത്തിന്റെ കാർഷികമേഖലയുടെ സവിശേഷതകൾ പലതാണ്. കൃഷി ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് ഭൂമിയില്ല. ഭൂമിയുള്ളവർക്ക് കൃഷി ചെയ്യാനുള്ള താത്പര്യവുമില്ല. ഭൂമിയുള്ളവരിൽ കൃഷി ചെയ്യാൻ താത്പര്യമുള്ള ഒരു വിഭാഗവും ഉണ്ട് എന്നതും വസ്തുതയാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ തരിശായി കിടക്കുന്ന ഭൂമിയിൽ കൃഷിയിറക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ സർക്കാർ വിഭാവനം ചെയ്യുന്നത്.

കൃഷിക്ക് ആവശ്യമായ പലിശരഹിത വായ്പ പോലുള്ള സംവിധാനങ്ങൾ ഇതിനായി ഉപയോഗപ്പെടുത്തുന്നതിനും അതിലൂടെ കർഷകർക്ക് ആവശ്യമായ മൂലധനം സ്വരൂപിക്കുന്നതിനും സംഭരണവും വിപണനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സുഭിക്ഷ കേരളം പദ്ധതി ജനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. കാർഷിക ഉല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികളും പ്രധാനമാണ്. ഉല്പാദനോപാധികളും സബ്സിഡി സഹായങ്ങളും വിള ഇൻഷ്വറൻസ്, സൂക്ഷ്മ ജലസേചന സഹായങ്ങളും കൂടി ഈ പദ്ധതിയിലൂടെ ജനങ്ങൾക്ക് ലഭിക്കുന്നതാണ്.

## സംഘടനാ സംവിധാനം

സുഭിക്ഷ കേരളം പദ്ധതിയുടെ സംഘടനാ സംവിധാനം എന്നത് സംസ്ഥാനതലത്തിൽ മന്ത്രിസഭാ ഉപസമിതിയും അതിന്റെ താഴെ ഉന്നതതല ഏകോപന സമിതിയും ചേർന്നതാണ്, ജില്ലാതലത്തിൽ ഏകോപനത്തിനും മോണിട്ടറിങ്ങിനും വേണ്ടി ജില്ലാ ആസൂത്രണ സമിതിയും അതിനോടൊപ്പം ആവശ്യമുള്ള സാങ്കേതിക സഹായങ്ങൾ നൽകുന്നതിനു വേണ്ടി സാങ്കേതിക സമിതിയും രൂപീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ ചെയർപേഴ്സൺ ആയ കമ്മിറ്റിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനതല കമ്മിറ്റി. വിവിധ വകുപ്പുകളുടെയും മിഷനുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഏകോപിപ്പിക്കുക, നിർവ്വഹണ ഏകോപനം, മോണിട്ടറിംഗ് തുടങ്ങിയവയാണ് ഈ കമ്മിറ്റിയുടെ ചുമതലകൾ. വാർഡുതലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും മോണിട്ടർ ചെയ്യുകയുമാണ് സുഭിക്ഷ കേരളം വാർഡുതല കമ്മിറ്റിയുടെ ചുമതലകൾ.

## മുന്നൊരുക്കങ്ങൾ

സുഭിക്ഷ കേരളം പദ്ധതിയുടെ ആസൂത്രണവുമായി ബന്ധപ്പെട്ട് ധാരാളം മുന്നൊരുക്കങ്ങൾ നടത്തേണ്ടതുണ്ട്. ഓരോ പഞ്ചായത്തിലെയും കൃഷി ചെയ്യാവുന്ന തരിശു നിലങ്ങളും പുരയിടങ്ങളും കണ്ടെത്തി ശാസ്ത്രീയ കൃഷി രീതി അവലംബിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കണം. ഓരോ ഭൂപ്രദേശത്തും ഏറ്റെടുത്ത് നടത്താൻ സാധിക്കുന്ന കാർഷിക വിളകൾ, മൃഗസംരക്ഷണ പ്രവർത്തനങ്ങൾ, മത്സ്യബന്ധന പ്രവർത്തനങ്ങൾ എന്നിവ കണ്ടെത്തണം. ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നവരുടെ വിശദവിവരം ശേഖരിച്ച് ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തണം. സ്ഥല ഉടമ

**ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റെ സുരക്ഷ ഉടമയെ ബോധ്യപ്പെടുത്തി കൃഷി ചെയ്യുന്ന കർഷകന് കൈമാറേണ്ടത് തദ്ദേശഭരണസ്ഥാപനത്തിന്റെ ചുമതലയാണ്. വാർഡുതല സമിതിയുടെ നേതൃത്വത്തിലാണ് കൃഷിസ്ഥലങ്ങളുടെയും കർഷക/ഗ്രൂപ്പുകളുടെയും വിവര ശേഖരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തേണ്ടത്.**

നേരിട്ട് കൃഷി ചെയ്യാൻ സന്നദ്ധമല്ലെങ്കിൽ കൃഷി ചെയ്യുന്നതിന് താല്പര്യമുള്ള കർഷക കൂട്ടായ്മ, പാടശേഖര സമിതി/സ്വയംസഹായ സംഘങ്ങൾ/കുടുംബശ്രീ ഗ്രൂപ്പുകൾ, പ്രൊഡ്യൂസർ കമ്പനി/സഹകരണ സംഘങ്ങൾ/ചാരിറ്റബിൾ ഗ്രൂപ്പുകൾ, താല്പര്യമുള്ള യുവാക്കൾ, മടങ്ങിവന്ന പ്രവാസികൾ എന്നിവരെ കണ്ടുപിടിക്കുകയും വേണം. കൂടാതെ ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റെ സുരക്ഷ ഉടമയെ ബോധ്യപ്പെടുത്തി കൃഷി ചെയ്യുന്ന കർഷകന് കൈമാറേണ്ടത് തദ്ദേശഭരണസ്ഥാപനത്തിന്റെ ചുമതലയാണ്. വാർഡുതല സമിതിയുടെ നേതൃത്വത്തിലാണ് കൃഷിസ്ഥലങ്ങളുടെയും കർഷക/ഗ്രൂപ്പുകളുടെയും വിവര ശേഖരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തേണ്ടത്. വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ തദ്ദേശഭരണസ്ഥാപന അടിസ്ഥാനത്തിൽ കൃഷി മേഖലാ വർക്കിംഗ് ഗ്രൂപ്പ് ക്രോഡീകരിക്കേണ്ടതാണ്. തുടർച്ചയായി കൃഷി മേഖലയുടെ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് തദ്ദേശസ്വയംഭരണസ്ഥാപന പ്രദേശത്തിനു വേണ്ടിയുള്ള കരട് കാർഷിക പദ്ധതി തയ്യാറാക്കുക എന്നതും ആസൂത്രണത്തിന്റെ ഭാഗമാണ്. ഇതിന് സമാന്തരമായി തന്നെ മൃഗസംരക്ഷണം. കൃഷി വികസനം, മത്സ്യ വികസനം, ഭക്ഷ്യോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് തുടങ്ങിയ അനുബന്ധ മേഖലകളിലെ സംയോജിത പദ്ധതികൾക്കും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ രൂപം നൽകേണ്ടതാണ്. കൂടാതെ ആവശ്യമുള്ള സാങ്കേതിക സഹായം, പരിശീലനം, വിപണി സഹായങ്ങൾ ചെയ്തു കൊടുക്കുക, കൃഷി വകുപ്പ് മുൻകൈ എടുത്ത് കാർഷിക കലണ്ടർ തയ്യാറാക്കുക



ഇടങ്ങിയവയും സുഭിക്ഷ കേരളം പദ്ധതിയുടെ പ്രധാന ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങളാണ്.

കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് 3860 കോടി രൂപയുടെ പദ്ധതികളാണ് സുഭിക്ഷ കേരളം പദ്ധതിയിലൂടെ സർക്കാർ നടപ്പാക്കുന്നത്. കൃഷിക്ക് 1448.86 കോടി രൂപയും മൃഗസംരക്ഷണ മേഖലയ്ക്ക് 118.05 കോടി രൂപയും ക്ഷീര വികസനത്തിന് 215.81 കോടി രൂപയും മത്സ്യബന്ധന മേഖലയിൽ 2078 കോടി രൂപയുമാണ് പദ്ധതി വിഹിതം.

ഓരോ പഞ്ചായത്തിലെയും കൃഷിചെയ്യാവുന്ന തരിശുനിലങ്ങളും പുരയിടങ്ങളും കണ്ടെത്തി ശാസ്ത്രീയ കൃഷി രീതിയുടെ കീഴിൽ കൊണ്ടുവരിക എന്നതാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കേണ്ട പ്രധാന കാര്യങ്ങളിൽ ഒന്ന്. മറ്റൊന്ന് ഒരു കോടി ഫലവൃക്ഷ തൈ പദ്ധതിയിലൂടെയും പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങളുടെ കൃഷിയിലൂടെയും പോഷക സുരക്ഷയും വരുമാന വർധനവും ഉറപ്പാക്കുക എന്നതാണ്. കൃഷി വകുപ്പ്, മൃഗസംരക്ഷണം, ക്ഷീര ഉല്പന്നം, ഉൾനാടൻ മത്സ്യബന്ധനം ഉൾപ്പെടെയുള്ള മത്സ്യബന്ധനം എന്നിവയുടെ സംയോജനത്തിലൂടെ വിപുലമായ സംയോജിത ഗാർഹിക കൃഷിക്ക് പിന്തുണ നൽകുക, പ്രവാസികളെ വ്യാപകമായി ഇടപെടുവിച്ചുകൊണ്ട് പ്രാഥമിക മേഖലയിൽ സ്വകാര്യ നിക്ഷേപം സൃഷ്ടിക്കുക, ഉല്പന്നങ്ങൾക്കായി പ്രാദേശിക വിപണി വികസിപ്പിക്കുക, ഭക്ഷ്യ സംസ്കരണത്തെ പ്രോത്സാഹിപ്പിക്കുക, കോൾഡ് സ്റ്റോറേജ് ഉൾപ്പെടെയുള്ളവയിലെ കുറവുകൾ കണ്ടെത്തി നികത്തുക എന്നിവയാണ് മറ്റ് പ്രവർത്തനങ്ങൾ.

## സംയോജിത സമീപനം

തരിശുഭൂമി കൃഷി, പുരയിട കൃഷി, നിലവിലുള്ള കൃഷിയുടെ വിള വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ, മെച്ചപ്പെട്ട വിപണി സൗകര്യങ്ങൾ, വിളവെടുപ്പിനുശേഷമുള്ള പരിപാലനത്തിലെ ഇടപെടലുകൾ എന്നിവ ഉൾപ്പെടുന്ന ഒരു സംയോജിത സമീപനം ഈ പദ്ധതിയുടെ ലക്ഷ്യം

ഓരോ പഞ്ചായത്തിലെയും കൃഷിചെയ്യാവുന്ന തരിശുനിലങ്ങളും പുരയിടങ്ങളും കണ്ടെത്തി ശാസ്ത്രീയ കൃഷി രീതിയുടെ കീഴിൽ കൊണ്ടുവരിക എന്നതാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കേണ്ട പ്രധാന കാര്യങ്ങളിൽ ഒന്ന്.

കൈവരിക്കാൻ സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ട്. കൃഷിവകുപ്പ്, കേരള കാർഷിക സർവ്വകലാശാല, തദ്ദേശസ്വയംഭരണ വകുപ്പ്, കുടുംബശ്രീ, ഹോർട്ടികോർപ്പ് ഇടങ്ങിയവയുടെ സഹായത്തോടെ വിത്തു വിതരണ ശൃംഖല ഒരു സ്ഥിരസംവിധാനമായി രൂപപ്പെടുത്തും. ഉൾനാടൻ മത്സ്യബന്ധനം ഉൾപ്പെടെയുള്ള പ്രവർത്തന ങ്ങളിൽ യുവാക്കളെ പരിശീലകരായി ഉൾപ്പെടുത്തുന്നതിന് തൊഴിൽ നൈപുണ്യ പരിശീലനങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി സർക്കാർ നൽകും. കൂടാതെ കൃഷി, മത്സ്യബന്ധനം, മൃഗസംരക്ഷണം, ക്ഷീരം എന്നീ മേഖലകളിലെ പ്രാദേശിക ഉല്പന്നങ്ങളുടെ ഫലപ്രദമായ സംഭരണം, ഗതാഗതം, വില നിശ്ചയിക്കൽ, വിളവെടുപ്പിനുശേഷമുള്ള പരിപാലനം, സംസ്കരണം എന്നിവയ്ക്കുള്ള സംവിധാനങ്ങളും ഈ പദ്ധതിയിലൂടെ സർക്കാർ കൊണ്ടുവരും. അധികമായിട്ടുള്ള ഉല്പാദനം സ്ഥിരമായി പ്രാദേശികതലത്തിൽ തന്നെ ഈ പദ്ധതിയിലൂടെ സംഭരിക്കും. കൂടാതെ ഹോർട്ടികോർപ്പ്, വിഎഫ്പിസികെ, എഫ്പിഒകൾ, പിഎസികൾ എന്നിവ ഒരുമിച്ച് വീട്ടുപടിക്കൽ നിന്നും ശേഖരിക്കുന്ന ഒരു പദ്ധതി ഇടങ്ങുകയും അതുപോലെ തന്നെ വിൽപനയിലൂടെയുള്ള വരുമാനം കർഷകരുടെ അക്കൗണ്ടിലേക്ക് കാലതാമസമില്ലാതെ ക്രെഡിറ്റ് ചെയ്യുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളും സുഭിക്ഷ കേരളം പദ്ധതിയിലൂടെ സർക്കാർ നടപ്പിലാക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി ഹോംസ്റ്റെഡ് സപ്പോർട്ട് ഗ്രൂപ്പ്/മാർക്കറ്റിങ് ഗ്രൂപ്പ് എന്നിവ രൂപീകരിക്കുന്നതിനെക്കുറിച്ചും തീരുമാനം എടുക്കാവുന്നതാണ്.

കൃഷിക്കാരെയും കർഷകത്തൊഴിലാളികളെയും ഉപഭോക്താക്കളെയും മുൻനിർത്തി കൃഷിയിലേർപ്പെടുന്നവർക്ക് സ്ഥായിയായ വരുമാനം ഉറപ്പാക്കുന്നതിനും വിഷരഹിതമായ പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനും ഭക്ഷ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമുള്ള ഇടപെടലുകളാണ് സുഭിക്ഷ കേരളം പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. അതിലൂടെ ആരോഗ്യമുള്ള ഒരു ജനതയെ രൂപപ്പെടുത്തുന്ന ജീവിതരീതിയെ വികസിപ്പിക്കുന്നതിന് കൂട്ടായി പരിശ്രമിക്കാം. □

*ലേഖിക തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയാണ്.*



# കേരളം കാർഷിക വിപ്ലവത്തിലേക്ക്

**കേരളത്തിൽ ഒരു കാർഷിക വിപ്ലവത്തിന് വിത്തിട്ടിരിക്കുകയാണ് സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും. എല്ലാവിഭാഗം ജനങ്ങളെയും വിശ്വാസത്തിലെടുത്തുകൊണ്ട് സക്രിയമായ നിരവധി കർമ്മ പരിപാടികളാണ് സംസ്ഥാനത്ത് കഴിഞ്ഞ 4 വർഷങ്ങളായി നടപ്പിലാക്കുന്നത്.**

സാധാരണ ജനങ്ങളുടെ ജീവിതവുമായി നേരിട്ടും പരോക്ഷമായും ബന്ധപ്പെടുന്ന സമസ്തമേഖലകളിലും വികസനത്തിന്റെ കൈയ്യൊപ്പ് ചാർത്താൻ കഴിഞ്ഞ നാല് വർഷങ്ങളിലെ പ്രവർത്തനങ്ങളിലൂടെ സർക്കാരിന് സാധിച്ചതിന്റെ ചാരിതാർത്ഥ്യത്തിലാണ് നാം ഇന്ന്. ഹരിതകേരളം, ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ നാല് പ്രത്യേക മിഷനുകൾ വഴിയാണ് കേരളത്തിന്റെ സമഗ്രവും സർവ്വതല സ്പർശിയുമായ വികസനത്തിന് കളമൊരുക്കിയത്. വെല്ലുവിളികൾ ഏറെയുണ്ടായിരുന്നു. 2016ലെ കൊടുംവരൾച്ചയും 2017ലെ ഓഖി ചുഴലിക്കാറ്റും 2018ലെ മഹാപ്രളയവും 2019ലെ വെള്ളപ്പൊക്കവും നിപ്പ വൈറസ് ബാധയും 2020ലെ കൊറോണ വൈറസ് ബാധയുമെല്ലാം കടന്ന് കേരളത്തിൽ ഒരു കാർഷിക വിപ്ലവത്തിന് വിത്തിട്ടിരിക്കുകയാണ് സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും.

എല്ലാവിഭാഗം ജനങ്ങളെയും വിശ്വാസത്തിലെടുത്തുകൊണ്ട് സക്രിയമായ നിരവധി കർമ്മ പരിപാടികളാണ് നടപ്പിലാക്കുന്നത്. എല്ലാവരും പാടത്തേക്ക്, ജീവനി-നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം, കൃഷി പാഠശാല തുടങ്ങിയ പദ്ധതികൾ അതിന് ഉദാഹരണങ്ങളാണ്. പ്രളയാനന്തര കേരളത്തെ പുനർനിർമ്മിക്കുന്ന റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി കാർഷികകേരളത്തെ പുനരുദ്ധരിക്കുന്നതിനായി നടപ്പാക്കി പുനർജ്ജനി എന്ന പേരിൽ ബൃഹത്തായ ഒരു പദ്ധതിയുടെ ഫലമായി നെൽകൃഷി രംഗത്ത് ബംപർ വിളവാണ് ഉണ്ടായത്.

കൊവിഡ്19 ന്റെ വ്യാപനവും അതിനെ ചെറുക്കാൻ ഏർപ്പെടുത്തിയ ലോക്ക് ഡൗണും സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ കനത്ത ആഘാതമേൽപ്പിച്ച പശ്ചാത്തലത്തിൽ ജനങ്ങളുടെ ജീവന സുരക്ഷയും വരുമാനവും തിരിച്ചു പിടിക്കാനും സമഗ്ര കാർഷിക വികസനത്തിനുമുള്ള സുഭിക്ഷ കേരളം പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കം കുറിച്ചു. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, ജലവിഭവം, സഹകരണം, വ്യവസായം തുടങ്ങിയ മേഖലകളെ കൂട്ടിയോജിപ്പിച്ച് കാമ്പെയിൻ രീതിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന തലത്തിൽ കൃഷി വകുപ്പും താഴെ തട്ടിൽ തദ്ദേശഭരണ സ്ഥാപനങ്ങളുമാണ് ഇതിന്റെ ഭാഗമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

ഹരിത കേരളം മിഷന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പതിനായിരങ്ങൾ അണിനിരന്ന ദൗത്യങ്ങളിലൂടെ തരിശു വയലുകൾ കൃഷിയോഗ്യമാക്കിയും ജലാശയങ്ങൾ ശുചിയാക്കിയും ജലസംരക്ഷണ യജ്ഞങ്ങളിലൂടെയും കാർഷിക രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞു. ഹരിത കേരളം ദൗത്യത്തിന്റെ ഭാഗമായി സംസ്ഥാനത്ത് അറുപതിനായിരത്തോളം ജലസേചന കനാലുകളാണ് നിർമ്മിച്ചത്. അമ്പതിനായിരത്തിലധികം പരമ്പരാഗത ജലസ്രോതസുകൾ പുനരുദ്ധരിച്ചു. തരിശു

നിലങ്ങൾ കൃഷിയോഗ്യമാക്കി 14,000 കാർഷിക സംഘങ്ങൾ കൃഷി ചെയ്യുന്നു. 160- ഓളം ക്ലസ്റ്ററുകളിലായി 5,000 ലധികം ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടന്നുവരുന്നു. സുസ്ഥിരവികസനത്തിന്റെ ഒരു പുത്തൻ വികസന ലക്ഷ്യത്തിലേക്ക് കേരളം മുന്നേറുകയാണ്. അരി, പച്ചക്കറി, മുട്ട, കോഴിയിറച്ചി, പാൽ, പഴവർഗ്ഗങ്ങൾ, പയറുവർഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, മത്സ്യം എന്നിവയ്ക്ക് സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള വിശദ കർമ്മപദ്ധതി സർക്കാർ തയ്യാറാക്കിയിട്ടുണ്ട്.

## നേട്ടങ്ങൾ

### നെൽകൃഷിയിൽ മുന്നേറ്റം

തരിശുകിടന്നിരുന്ന 90000 ഹെക്ടർ ഭൂമിയിൽ കൃഷിയിറക്കുന്നതിനുള്ള ഫലവത്തായ ഇടപെടലുകൾ കഴിഞ്ഞ നാല് വർഷങ്ങളിൽ നടത്തി. ഇത്രയും ഭൂമി വീണ്ടും നെൽകൃഷിയിലേക്ക് കൊണ്ടുവരാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. സുസ്ഥിര നെൽകൃഷി വികസനം, തരിശുനില കൃഷി, കരനെൽകൃഷി, ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂ കൃഷി, സവിശേഷ ഇനങ്ങളുടെ കൃഷി പ്രോത്സാഹനം, നെല്ല് വികസന ഏജൻസികൾക്ക് ധനസഹായം, മിനി/ ചെറുകിട റൈസ് മില്ലുകളുടെ സ്ഥാപനം, രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി എന്നീ വിവിധ ഘടകങ്ങളിലൂടെയാണ് ഇത് പ്രാവർത്തികമാക്കുന്നത്.

തരിശായിക്കിടന്നിരുന്ന ആറന്മുള മെത്രാൻ കായൽ, ആവളപാണ്ടി, തഴവ കായൽ പുഞ്ച, മുട്ടത്ത് വടക്കുവശം പായിപ്പാട്ടുതറ, മയ്യിൽ കീഴാലം പാടശേഖരം, മാലിക്കരി, മധുരവേലി പടിഞ്ഞാറേ പാടശേഖരം, വി.എം.കെ. പാടശേഖരം, വെളിയന്നൂർകല്ലി, കൊയിലാണ്ടി, വടക്കംപുറം കിഴക്കുംപുറം പാടശേഖരം, തേരേറ്റ കായൽ കോൾപടവ്, കീഴാൽ പാടശേഖരം, റാണിചിത്തിരക്കായൽ എന്നീ പ്രദേശങ്ങളിൽ കർഷകഗ്രൂപ്പുകളുടെ സഹായത്തോടെ നെൽകൃഷി പ്രാവർത്തികമാക്കാൻ സാധിച്ചു.

2017-18 വർഷം 2,20,449 ലക്ഷം ഹെക്ടറിൽ നെൽകൃഷി കൊണ്ടു വന്ന് ഈ മേഖല ഒരു കുതിച്ചുചാട്ടത്തിന് സാക്ഷ്യം വഹിച്ചു. 6 ലക്ഷത്തിൽ അധികം മെട്രിക് ടൺ അരി ഉല്പാദിപ്പിച്ചു. 2018 ഓഗസ്റ്റ് മാസത്തിലുണ്ടായ അതിരൂക്ഷമായ വെള്ളപ്പൊക്കത്തിൽ പതിനായിരക്കണക്കിന് ഹെക്ടർ കൃഷി നശിച്ചിട്ടും 'പുനർജനി' പ്രവർത്തനങ്ങളിലൂടെ ശക്തമായി തിരിച്ചുവരികയും 2 ലക്ഷം ഹെക്ടർ പ്രദേശത്ത് നെൽകൃഷി ചെയ്യുകയും ചെയ്തു. 2019 ൽ പ്രളയം വീണ്ടും കാർഷിക കേരളത്തിൽ നാശനഷ്ടങ്ങൾ വിതയ്ക്കുകയുണ്ടായി. രണ്ടുവർഷം തുടർച്ചയായി പ്രകൃതി ഇടഞ്ഞുനിന്നെങ്കിലും 40,000 ഏക്കർ തരിശുഭൂമിയിൽ കൃഷിയിറക്കുവാനായത് കാരണം നെൽകൃഷി വിസ്തൃതി കുറയാതെ പിടിച്ചു നിർത്തുവാനായി. ഈ വർഷം കൂടുതൽ തരിശു നിലങ്ങൾ കൃഷിയോഗ്യമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

- തണ്ണീർത്തട സംരക്ഷണ നിയമം കൂടുതൽ ഫലപ്രദമാക്കാൻ ആവശ്യമായ ഭേദഗതി വരുത്തി.
- നെൽകൃഷിയിൽ ഉത്തമമുറകൾ പാലിക്കുന്നതിനായി കുട്ടനാട് ജി.എ.പി. പദ്ധതിയും വരിനെല്ലിന്റെ നിയന്ത്രണം, കരിമണ്ണിന്റെ പരിപാലനം, ജൈവ ഉപാധികളുടെ നിർമ്മാണം, കളനിയന്ത്രണം, ഇക്കോളജിക്കൽ എഞ്ചിനീയറിംഗ്, വിപണി ഇടപെടൽ, മറ്റ് ജൈവകാർഷിക മുറകൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തി.
- ചെറുകിട കർഷകർക്ക് സഹായകരമായ നിലയിൽ 430 ചെറുകിട അരിമില്ലുകളും 17 സംസ്കരണ യൂണിറ്റുകളോടു കൂടിയ അരിമില്ലുകളും ആരംഭിച്ചു. ഇതുവഴി ചെറുകിട കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് സംസ്കരിച്ച് പാടശേഖര സമിതികൾ മുഖേന തനത് ബ്രാൻഡിൽ വിപണിയിലെത്തിക്കുന്നതിന് സാധിക്കുന്നു.

### പച്ചക്കറി കൃഷിയിൽ കുതിച്ചുചാട്ടം

2015-16 കാലയളവിൽ സംസ്ഥാനത്ത് 46,500 ഹെക്ടർ സ്ഥലത്താണ് പച്ചക്കറി കൃഷി ചെയ്തിരുന്നത്. ഉല്പാദനം 6.28 ലക്ഷം മെട്രിക് ടൺ. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2018-19 വർഷത്തോടെ പച്ചക്കറി കൃഷിയുടെ വിസ്തൃതി 82,166 ഹെക്ടർ ആയും ഉല്പാദനം 12.12 ലക്ഷം മെട്രിക് ടൺ ആയും വർദ്ധിച്ചു. 2015-16 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 35,666 ഹെക്ടർ സ്ഥലത്ത് അധികമായി കൃഷിചെയ്യുവാനും 5.84 ലക്ഷം ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിക്കുവാനും കഴിഞ്ഞു.

- 2017-18 മുതൽ ഓണത്തിന് വിഷരഹി

## ജനകീയാസൂത്രണവും കാർഷിക മൃഗസംരക്ഷണ മേഖലകളും

തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളിൽ ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ടു കൊണ്ട് പദ്ധതി തുക ചെലവഴിക്കുന്നതിൽ സമഗ്രമായ പരിഷ്കരണങ്ങളാണ് സർക്കാർ വരുത്തിയത്. ഇതുപ്രകാരം ത്രിതല പഞ്ചായത്തുകൾ പൊതു വിഭാഗത്തിൽ സാധാരണ വിഹിതത്തിന്റെ 30 ശതമാനം തുകയും നഗര തദ്ദേശ ഭരണ സ്ഥാപനങ്ങൾ 10 ശതമാനം തുകയും ഉല്പാദന മേഖലാ പ്രോജക്ടുകൾക്ക് നീക്കിവെയ്ക്കണമെന്ന് നിർദ്ദേശിച്ചു. മേഖലാ പരിധിയിൽ വരുത്തിയ മാറ്റത്തിന്റെ ഫലമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി കഴിഞ്ഞ 4 വർഷങ്ങളിൽ കാർഷിക, മൃഗസംരക്ഷണ മേഖലയിൽ വലിയ മുന്നേറ്റം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 22,83,156 ഏക്കർ സ്ഥലത്ത് തരിശുഭൂമി കൃഷി, കാർഷിക സമൃദ്ധിക്കായി1,41,471ജൈവകൃഷിസംരംഭങ്ങൾ, ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി 24,81,061 ഏക്കർ സ്ഥലത്ത് നെൽകൃഷി, എന്നിവ കാർഷിക മേഖലയിലെ പ്രധാന നേട്ടങ്ങളാണ്. 666 കാർഷിക കർമ്മസേനകളും ഇക്കാലയളവിൽ രൂപീകരിച്ചു.

കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മൃഗസംരക്ഷണ മേഖലയിൽ 56,382 പശുക്കളെയും 12,890 എരുമകളെയും 1,18,755 ആടുകളെയും വിതരണം ചെയ്തു. 2,521 ഇറച്ചിക്കോഴി യൂണിറ്റുകളാണ് ഇക്കാലയളവിൽ പ്രവർത്തനം ആരംഭിച്ചത്. കർഷകർക്ക് ആദായകരമായ പ്രവർത്തനം എന്ന നിലയിൽ 31,63,236 മുട്ടക്കോഴികളെ ഇക്കാലയളവിൽ വിതരണം ചെയ്തിട്ടുണ്ട്. 6,61,752 പേർക്ക് പാൽ സബ്സിഡി തുക വിതരണം ചെയ്തിട്ടുണ്ട്. 4,98.17 കോടി രൂപയാണ് ഈ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചത്.

തമായ പച്ചക്കറി വീട്ടുവളപ്പിൽ ഉല്പാദിപ്പിക്കുന്നതിന്റെ ഭാഗമായി **'ഓണത്തിന് ഒരു മുറം പച്ചക്കറി'** എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

- വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്കായി കഴിഞ്ഞ മൂന്ന വർഷങ്ങളിൽ 160 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളും 296.35 ലക്ഷം പച്ചക്കറിത്തൈകളും 1,19,918 ഗ്രോബാഗ് യൂണിറ്റുകളും വിതരണം ചെയ്തു.
- ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് 42 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ വിതരണം ചെയ്തു.
- 2018 പുനർജ്ജനിയുടെ ഭാഗമായി ഒരു കോടി പച്ചക്കറിത്തൈകളും 77 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളും വിതരണം ചെയ്തു.
- **പുതിയ തലമുറയെ കൃഷിയിലേക്ക്**; 2018-19, 2019-20 വർഷം 5000 വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടങ്ങൾ സ്ഥാപിച്ചു. 487 സർക്കാർ / സ്വകാര്യ സ്ഥാപനങ്ങളിലെ തരിശായിക്കിടന്ന 359.32 ഹെക്ടർ സ്ഥലത്ത് പച്ചക്കറികൃഷി ചെയ്തു. ഉല്പാദനം 3852 ടൺ.
- വാണിജ്യാടിസ്ഥാനത്തിൽ ക്ലസ്റ്ററുകൾ, തരിശുനില കൃഷി, സ്റ്റാഗേർഡ് ക്ലസ്റ്ററുകൾ എന്നിവ മുഖേന 34,102 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തു.
- 4520 മഴമറകളും 2971 ഫെർട്ടിഗേഷൻ യൂണിറ്റുകളും 819 ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ യൂണിറ്റുകളും പച്ചക്കറി സംഭരണത്തിനായി 1536 സീറോ എനർജി കൂൾ ചേമ്പറുകളും സ്ഥാപിച്ചു.
- 2019-20 വർഷം 2000 പമ്പ്സെറ്റ് യൂണിറ്റുകൾ സ്ഥാപിച്ചു.
- ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകൾക്ക് പ്രോത്സാഹനം. 2017-18, 2018-19 വർഷങ്ങളിലായി 75% സബ്സിഡി നിരക്കിൽ 56 യൂണിറ്റുകൾക്ക് 89 ലക്ഷം രൂപ നൽകി.
- 2019-20 വർഷം 3580 ഹെക്ടർ സ്ഥലത്ത് വികേന്ദ്രീകൃത ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള യൂണിറ്റുകൾക്ക് ധനസഹായം. 750 ഹെക്ടർ തരിശു നിലങ്ങളിൽ പുതുതായി പച്ചക്കറി കൃഷി ചെയ്തു.

## ജീവനി – നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം

പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തയോടൊപ്പം വിഷവിമുക്ത പച്ചക്കറിയുല്പാദനവും ലക്ഷ്യമിട്ട്, 2020 ജനവരി ഒന്ന മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസത്തിനുള്ള വിഷവിമുക്ത പച്ചക്കറി സംസ്ഥാനത്തൊട്ടാകെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി "ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി നടപ്പിലാക്കുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുവാനും വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കുവാനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കുവാനും പദ്ധതി ലക്ഷ്യമിടുന്നു.

## കേരഗ്രാമം

2016-17 മുതൽ 2019-20 കാലയളവിൽ 250 ഹെക്ടർ വീതമുള്ള 206 കേരഗ്രാമങ്ങൾ തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നടപ്പാക്കി. പദ്ധതിയുടെ ഭാഗമായി 2018-19 വരെ 58,884 ഹെക്ടറിൽ സംയോജിത വിളപരിപാലന മുറകൾ നടപ്പിലാക്കുകയും 3512.67 ഹെക്ടറിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്തു. 2019-20 വർഷം 13,500 ഹെക്ടർ തെങ്ങിൻ തോട്ടങ്ങളിലാണ് സംയോജിത പരിപാലന മുറകൾ നടപ്പാക്കി വരുന്നത്.

## കിഴങ്ങ് – പയർവർഗ്ഗ വിളകളുടെ വ്യാപനം

കേരളത്തിലെ 14 ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത 20 സീഡ് വില്ലേജുകൾ വഴി, ഓരോ വില്ലേജുകളിൽ 1253.3 ഹെക്ടർ സ്ഥലത്ത് മരച്ചീനി, ചേന, ചേമ്പ്, കാച്ചിൽ എന്നീ കിഴങ്ങു വർഗ്ഗ വിളകളുടെ കൃഷി നടപ്പാക്കി. ആദിവാസി മേഖലകളായ പുത്തൂർ, ഉർങ്ങാട്ടിരി, മാങ്കുളം, മാനന്തവാടി, തവിഞ്ഞാൽ എന്നിവിടങ്ങളിൽ 250 ഹെക്ടർ സ്ഥലത്ത് കിഴങ്ങുവിള വ്യാപിപ്പിച്ചിട്ടുണ്ട്. 1375 ഹെക്ടർ സ്ഥലത്ത് ഉഴുന്ന്, മറ്റ് പയർ വിളകൾ എന്നിവ രണ്ടാം കൃഷിക്കു ശേഷം കൃഷി ചെയ്തിട്ടുണ്ട്.

**കേരളത്തിലെ 14 ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത 20 സീഡ് വില്ലേജുകൾ വഴി, ഓരോ വില്ലേജുകളിൽ 1253.3 ഹെക്ടർ സ്ഥലത്ത് മരച്ചീനി, ചേന, ചേമ്പ്, കാച്ചിൽ എന്നീ കിഴങ്ങു വർഗ്ഗ വിളകളുടെ കൃഷി നടപ്പാക്കി.**

## പ്രാദേശിക വിളകളുടെ വികസനവും ആദിവാസി മേഖലാ കൃഷിയും

ഓണാട്ടുകര പ്രദേശത്ത് എള്ള് കൃഷി 1132 ഹെക്ടർ സ്ഥലത്തും പാലക്കാട് ജില്ലയിൽ നിലക്കടല 169 ഹെക്ടർ സ്ഥലത്തും ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ കരിമ്പ് കൃഷി 1028.75 ഹെക്ടർ സ്ഥലത്തും നടപ്പിലാക്കി. അട്ടപ്പാടി പ്രദേശത്തെ ആദിവാസി മേഖലയുടെ സമഗ്രപുരോഗതിക്കായി ആദിവാസി കർഷകജനതയുടെ പാരമ്പര്യകൃഷി പുനസ്ഥാപിക്കുക, ഈ മേഖലയിലെ പോഷകാഹാരക്കുറവ് മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം ഉണ്ടാക്കുക, കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുക എന്നീ ലക്ഷ്യത്തോടു കൂടി 'മില്ലറ്റ് വില്ലേജ്' എന്ന പദ്ധതി നടപ്പിലാക്കി. 2017-18 ൽ 300 ഹെക്ടർ സ്ഥലത്ത് ചെറുധാന്യങ്ങളും 200 ഹെക്ടർ സ്ഥലത്ത് പയറുവർഗ്ഗങ്ങളും 15 ഹെക്ടറിൽ പച്ചക്കറികളും അട്ടപ്പാടിയിലെ 45 ആദിവാസി ഊരുകളിലായി കൃഷി ചെയ്തിട്ടുണ്ട്. 74.96 ടൺ ചെറുധാന്യങ്ങൾ ഉൾപ്പെടെ വിളവെടുക്കാൻ സാധിച്ചിട്ടുണ്ട്. 2018-19 വർഷം ആകെ 596 ഹെക്ടർ സ്ഥലത്ത് കൃഷി നടപ്പിലാക്കി.

## വിള ആരോഗ്യപരിപാലനം

വിളകളെ ബാധിക്കുന്ന കീടരോഗബാധ, സസ്യപോഷണമൂലകങ്ങളുടെ ഏറ്റക്കുറച്ചിൽ മുതലായവ മൂലം വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ ഫീൽഡുതല നിരീക്ഷണത്തിലൂടെ കണ്ടെത്തി വിളകളുടെ സംരക്ഷണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം കർഷകർക്ക് ലഭ്യമാക്കുകയെന്ന ഉദ്ദേശത്തോടെ വിള ആരോഗ്യപരിപാലന പദ്ധതി നടപ്പിലാക്കി.

- കീടരോഗനിയന്ത്രണത്തിന് ഇന്റർനെറ്റ് അടിസ്ഥാനമായുള്ള CPSS (Crop Pest Surveillance System) സേവനം കർഷകർക്ക്.
- പഞ്ചായത്ത് തലത്തിൽ പ്ലാന്റ് ഹെൽത്ത് ക്ലീനിക്കുകൾ.252 സസ്യാ

രോഗ്യ ക്ലിനിക്കുകൾ. 25 പുതിയ ക്ലിനിക്കുകൾ കൂടി ഉടൻ.

- ഓരോ വർഷവും 100-200 വരെ എലി നശീകരണ കാമ്പയിൻ.

## പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി

2017 മാർച്ച് 22 മുതൽ വിളയുടെ വിപണി മൂല്യത്തോടടുത്തു നിൽക്കുന്ന രീതിയിൽ വിളനാശത്തിന് നഷ്ടപരിഹാരമേകുവാൻ വിള ഇൻഷ്വറൻസ് പരിഷ്കരിച്ചു. വാഴ ഒന്നിന് 50 രൂപയിൽ നിന്നും 300 രൂപയായും നെല്ലിന് ഹെക്ടർ ഒന്നിന് 15,000 ൽ നിന്ന് 35,000 മായും ഉയർത്തി. ഇഞ്ചി ഹെക്ടർ ഒന്നിന് 40,000 ൽ നിന്ന് 80,000 മായും മഞ്ഞൾ ഹെക്ടർ ഒന്നിന് 40,000 ൽ നിന്ന് 60,000 മായും കാപ്പിച്ചെടി ഒന്നിന് കേവലം 75 രൂപയായിരുന്നത് 350 രൂപയായും വർദ്ധിപ്പിച്ചു.

- 2019-20 ഡിസംബർ വരെ 3,26,316 കർഷകർ പദ്ധതിയിൽ.
- കൃഷിനാശം സംഭവിച്ച 40052 കർഷകർക്ക് 55.6 കോടി രൂപ ആനുകൂല്യമായി വിതരണം ചെയ്തു.

## പുനർജ്ജനി

പ്രളയം മൂലം തകർന്നടിഞ്ഞ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി 'പുനർജ്ജനി' എന്ന പേരിൽ അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ നടപ്പിലാക്കി.

- 2018-19ൽ 65.81 കോടിരൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾക്ക് സർക്കാർ അംഗീകാരം ലഭിച്ചു.
- 5650.85 ടൺ നെൽവിത്തും 77 ലക്ഷം പച്ചക്കറി വിത്തുകിറ്റുകളും 30 ലക്ഷം പച്ചക്കറി തൈകളും സൗജന്യമായി വിതരണം ചെയ്തു. 665 ഹെക്ടർ സ്ഥലത്തു കൃഷി ചെയ്യുന്നതിനാവശ്യമായ ദീർഘകാല സുഗന്ധവ്യഞ്ജന വിളകളുടെ നടീൽ വസ്തുക്കളും വിതരണം ചെയ്തു. കൂടാതെ 4370.37 ഹെക്ടർ സ്ഥലത്തേക്കാവശ്യമായ കുമ്മായ വസ്തുക്കളും വിതരണം ചെയ്തു.
- പ്രകൃതിക്ഷോഭം മൂലം വിളനാശം സംഭവിച്ച കർഷകർക്ക് 2012 മുതലുള്ള നഷ്ടപരിഹാരം കുടിശ്ശിക ഉൾപ്പെടെ നല്കുന്നതിനായി 52 കോടി രൂപ അനുവദിച്ചു.

## കേരള പുനർനിർമ്മാണപദ്ധതി

പ്രളയാനന്തര കേരളത്തെ പുനഃസൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെ നവകേരളം പുനർനിർമ്മാണം പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി കേരളത്തിലെ കാർഷിക മേഖലയെ ഭൂപ്രകൃതിയുടെയും കാലാവസ്ഥയുടെയും ജൈവവൈവിധ്യത്തിന്റെയും അടിസ്ഥാനത്തിൽ കാർഷിക പാരിസ്ഥിതിക മേഖലകളായി പുനർവിഭജിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കോസ്റ്റൽ പ്ലെയിൻ, മിഡ് ലാന്റ് ലാറ്ററൈറ്റ്, ഫുട്ട് ഹിൽസ്, ഹൈ ഹിൽസ്, പാലക്കാട് പ്ലെയിൻ എന്നിങ്ങനെ 5 അഗ്രോ ഇക്കോളജിക്കൽ സോണുകളാണ് നിർണ്ണയിച്ചിട്ടുള്ളത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പിലെ നിലവിലുള്ള രീതിയും സംവിധാനങ്ങളും അതേപടി തുടർന്നുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളും കൃഷി വകുപ്പും തമ്മിലുള്ള ഏകോപനം ദൃഢമാക്കിക്കൊണ്ടുമാണ് പുനർവിഭജനം നടപ്പിലാക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട് 12 പദ്ധതികൾക്ക് 182.78 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## ഇ- ഗവേണൻസ് കൃഷിയിലും

കർഷകർക്കായി 'കാർഷിക വിവരസങ്കേതവും ഇ-വിപണി ആപ്ലിക്കേഷനും'. മൊബൈൽ ആപ്പ് വികസിപ്പിച്ചു. ഈ -വിപണി മൊബൈൽ ആപ്പ് പോർട്ടലുകളായ www.krishi.info, karshikavivarasanket hamoruviralthumpil, Call centre No.1800-425-1661, Whatsapp Call Centre 9447051661 മുതലായവയും വിപണി സംബന്ധിച്ച വിവരങ്ങൾ കർഷകർക്ക് നൽകുന്നു. കർഷകർക്ക് ഡിജിറ്റൽ മാധ്യമങ്ങൾ ഉപയോഗിച്ച് ആധുനിക കാർഷിക ശാസ്ത്രീയ പരിചരണമുറകൾ പരിചയപ്പെടുത്തുന്നതിലേക്കായി ഓൺലൈൻ ഫാർമേഴ്സ് ഫീൽഡ് സ്കൂൾ കാർഷിക വിവരസങ്കേതത്തിലൂടെ നടത്തി. kisan.gov.in എന്ന കർഷക രജിസ്ട്രേഷൻ പോർട്ടലിൽ 19.65 ലക്ഷം കർഷകരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## ജൈവകൃഷി വികസനം

സംസ്ഥാനത്ത് നിലവിലുള്ള ജൈവ കാർഷിക നയത്തെ അടിസ്ഥാനമാക്കി ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി പദ്ധതികൾ നടപ്പിലാക്കി വരുന്നു.

- ഉത്തമ കാർഷിക മുറകൾ പാലിച്ച് കഴിഞ്ഞ നാല് വർഷങ്ങളിലായി 59,095 ഹെക്ടറോളം സ്ഥലത്ത് ജൈവകൃഷി നടത്തുന്നു.
- ജൈവരീതിയിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിച്ച് 'കേരള ഓർഗാനിക്' എന്ന ബ്രാൻഡ് നാമത്തിൽ വിപണനം ചെയ്തുവരുന്നു.
- വിപണിയിൽ ലഭ്യമായ പഴം-പച്ചക്കറികളിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന കാർഷിക സർവ്വകലാശാലയുടെ അക്രഡിറ്റഡ് ലാബുകളിൽ പരിശോധിച്ച് ഫലം വിവിധ മാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിക്കുന്നു.
- സംസ്ഥാനത്ത് ജൈവോല്പന്ന വിപണിയായ 508 ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നു.

## കർഷകസഭയും ഞാറ്റുവേലചന്തയും

ഞാറ്റുവേല അടിസ്ഥാനമാക്കിയുള്ള പരമ്പരാഗത കൃഷിരീതി കർഷകർക്ക് ഒരു മുതൽക്കൂട്ടാണ്. ഈ കാലയളവിൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിനും കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനും സംസ്ഥാന മൊട്ടാകെ വാർഡ് തലത്തിൽ 2018-19 വർഷം മുതൽ കർഷകസഭയും അതോടനുബന്ധിച്ച് ഞാറ്റുവേല ചന്തയും നടത്തി വരുന്നു. സംസ്ഥാനത്തെ 15,962 ഗ്രാമ പഞ്ചായത്ത് വാർഡുകളിലും 3,122 മുനിസിപ്പാലിറ്റി വാർഡുകളിലും 414 കോർപ്പറേഷൻ വാർഡുകളിലും ഈ പരിപാടി നടപ്പിലാക്കുന്നു. ഇതിനായി ഓരോ വാർഡിനും 1000 രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. ☐

*വിവരങ്ങൾക്ക് കടപ്പാട്:*
*ഡയറക്ടർ, കൃഷി വകുപ്പ്*
*ഫാം ഇൻഫർമേഷൻ ബ്യൂറോ*

# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ മേഖലയും

**അധികാര വികേന്ദ്രീകരണത്തിന്റെയും ജനകീയാസൂത്രണത്തിന്റെയും അന്തസത്തയ്ക്ക് അനുസൃതമായി മൃഗസംരക്ഷണ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഒരു മനസ്സോടെ പ്രവർത്തിച്ചപ്പോൾ മൃഗസംരക്ഷണമേഖലയിൽ അത് അഭ്രുതപൂർവ്വമായ മാറ്റത്തിന് ഇടയാക്കി.**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ കർഷക സൗഹൃദമാക്കുന്നതിനും പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനും വേണ്ടി സ്തുത്യർഹമായ ഇടപെടലുകളാണ് ഇക്കഴിഞ്ഞ നാല് വർഷങ്ങളിൽ മൃഗസംരക്ഷണ മേഖലയിൽ സർക്കാർ നടത്തിയത്. അധികാര വികേന്ദ്രീകരണത്തിന്റെയും ജനകീയാസൂത്രണത്തിന്റെയും അന്തസത്തയ്ക്ക് അനുസൃതമായി മൃഗസംരക്ഷണ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഒരു മനസ്സോടെ പ്രവർത്തിച്ചപ്പോൾ മൃഗസംരക്ഷണമേഖലയിൽ അത് അഭ്രുതപൂർവ്വമായ മാറ്റത്തിന് ഇടയാക്കി.

ഉദാഹരണമായി കന്നുകാലി ഇൻഷ്വറൻസിനുള്ള സഹായം കർഷകർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം നൽകാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ 2016 നവംബർ മാസം ഇതിനായി പ്രത്യേക ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചതിലൂടെ ക്ഷീരകർഷകർക്ക് തങ്ങളുടെ വിലയേറിയ ഉരുക്കളെ ഇൻഷ്വർ ചെയ്യുന്നതിനുള്ള പ്രീമിയം തുകയുടെ ഒരു വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടി വഹിക്കുന്നതിന് അനുമതി ലഭിച്ചു. ഈ മേഖലയിൽ കൂടുതൽ കർഷകരെ ആകർഷിക്കുന്നതിനു ഇത് സഹായകമായി.



മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ, അടിസ്ഥാനസൗകര്യ വികസനം, കോഴി, ആട്, കന്നുകാലി വളർത്തൽ തുടങ്ങിയവയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം പ്രധാനമായും നടപ്പിലാക്കുന്നത്. കൂടാതെ തെരുവുനായ നിയന്ത്രണത്തിനുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്കുള്ള സാങ്കേതിക സഹായം മൃഗസംരക്ഷണ വകുപ്പാണ് നൽകുന്നത്. മൃഗസംരക്ഷണ വകുപ്പും തിരുവനന്തപുരം ജില്ലാപഞ്ചായത്തും സംയുക്തമായി ചെറ്റച്ചൽ ഫാമിൽ നിന്ന് നഗര പ്രദേശത്തിലേക്ക് ശുദ്ധമായ ഫാം ഫ്രഷ് പാലെത്തിക്കുന്ന 'ഗ്രീൻ മിൽക്ക്' പദ്ധതി നടപ്പിലാക്കി വരുന്നു.

## പ്രളയാനന്തര മൃഗസംരക്ഷണ മേഖല

പ്രളയം മൂലം മൃഗസംരക്ഷണ മേഖലയിൽ 172.08 കോടി രൂപയുടെ നഷ്ടം ഉണ്ടായി. 5163 പശുക്കൾ, 1228 കിടാരികൾ, 5166 പശുക്കുട്ടികൾ, 541 എരുമകൾ, 6380 ആടുകൾ, 1053 പന്നികൾ, 11.43 ലക്ഷം കോഴികൾ, 4.6 ലക്ഷം താറാവുകൾ എന്നിവ നഷ്ടപ്പെട്ടു. കൂടാതെ 18,342 കാലിത്തൊഴുത്തുകൾക്കും 1598 കോഴി ഷെഡുകൾക്കും കേടുപാടുകൾ സംഭവിച്ചു. 3416.93 ഹെക്ടർ സ്ഥലത്തെ തീറ്റപ്പുൽ കൃഷിയും 3735.8 മെട്രിക് ടൺ

വൈക്കോലും നഷ്ടമായി. ക്ഷീര സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ നഷ്ടപ്പെട്ടതു മൂലം 3.7 കോടിയുടെയും മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥാപനങ്ങളുടെ കേടുപാടുകൾ മൂലം 23 കോടി രൂപയുടെയും നഷ്ടമുണ്ടായിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ 95 സ്ഥാപനങ്ങൾക്ക് പ്രളയക്കെടുതിയിൽ നാശനഷ്ടം സംഭവിച്ചു. നഷ്ടം 23 കോടി. 214 ക്ഷീര സംഘങ്ങളിലായി 3.65 കോടി രൂപയുടെ നഷ്ടമുണ്ടായി. പ്രളയകാലത്ത് വളർത്തുമൃഗങ്ങളുടെ ജീവൻരക്ഷാ പ്രവർത്തനങ്ങൾ ഉൾപ്പെടെ നിരവധി കർമ്മ പരിപാടികളാണ് സർക്കാർ നടപ്പാക്കിയത്.

- പ്രളയബാധിത പ്രദേശങ്ങളിൽ 65.8 ലക്ഷം രൂപ ചെലവഴിച്ച് ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രാഥമിക ചികിത്സ, തീറ്റ വിതരണം എന്നിവ നടത്തി.
- പ്രളയബാധിത പ്രദേശങ്ങളിൽ തീറ്റ, വൈക്കോൽ, ധാതു ലവണ മിശ്രിതങ്ങൾ, മരുന്നുകൾ മുതലായവ വിതരണം ചെയ്തു.
- സംസ്ഥാന ശുചിത്വ മിഷന്റെ സഹായത്തോടെ മരണപ്പെട്ട ഉരുക്കളുടെ ജഡങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ചു.
- മൃഗസംരക്ഷണ വകുപ്പ് വഴി പാൽ, പാൽപ്പൊടി, 11 ലക്ഷം മുട്ടകൾ എന്നിവ ദുരിതബാധിതർക്ക് വിതരണം ചെയ്തു.
- ഉരുക്കൾ നഷ്ടപ്പെട്ട 39,163 കർഷകർക്ക് ദുരന്തനിവാരണ മാനദണ്ഡമനുസരിച്ച് 21.9 കോടി രൂപ വിതരണം ചെയ്തു.

## കർഷകർക്കൊരു കൈത്താങ്ങ്

സംസ്ഥാനമൊട്ടാകെയുള്ള കന്നുകാലികൾക്കും ക്ഷീര കർഷകർക്കും പരിരക്ഷ ഉറപ്പാക്കുന്നതിന് കേരള സർക്കാർ 2017-18 വർഷം സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചു. ഉരുക്കളുടെ മരണത്തിനും ഉല്പാദന പ്രത്യുത്പാദനക്ഷമതാ നഷ്ടത്തിനുമുള്ള പരിരക്ഷയാണ് പദ്ധതി നൽകുന്നത്.

- ഇൻഷ്വറൻസ് പരിരക്ഷ ഒരു വർഷം, മൂന്ന് വർഷം എന്നീ കാലയളവുകളിൽ
- പദ്ധതി നടപ്പിലാക്കുന്നത് ഓൺലൈൻ പോർട്ടൽ വഴിയാണ്. ഭൂമിക ആപ്പ് മുഖേന ക്ഷീര കർഷകരെ പൂർണമായും ജിയോ മാപ്പിംഗ് ചെയ്ത് ഐഡി നൽകുന്നു.

## അനിമൽ റിസോഴ്സ് ഡെവലപ്മെന്റ്

13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ സംസ്ഥാനത്തെ ആഭ്യന്തര പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി നടപ്പാക്കുന്ന പുതിയ പദ്ധതിയാണ് ആനിമൽ റിസോഴ്സ് ഡെവലപ്മെന്റ്.

**ആട് വളർത്തൽ യൂണിറ്റുകൾ – 191.5 ലക്ഷം**

2018-19 ൽ വ്യാവസായികാടിസ്ഥാനത്തിൽ 20 ആടുകളടങ്ങുന്ന 140 ആടു വളർത്തൽ യൂണിറ്റുകൾ സ്ഥാപിച്ചു. 1 യൂണിറ്റിന് ഒരു ലക്ഷം രൂപ ധനസഹായം നൽകി. 2019-20 ലും പദ്ധതി തുടരുന്നു.

**മാംസാവശ്യത്തിനായി മൂരിക്കുട്ടി വളർത്തൽ പദ്ധതി – 88.5 ലക്ഷം**

യൂണിറ്റിന് 10000 രൂപ ധനസഹായം നൽകി ഓണാട്ടുകര മേഖല വരുന്ന കൊല്ലം, ആലപ്പുഴ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിയത്. 2018-19 ൽ കൊല്ലം ജില്ലയിൽ 440 യൂണിറ്റും ആലപ്പുഴ ജില്ലയിൽ 555 യൂണിറ്റുകളും നടപ്പിലാക്കി. കഴിഞ്ഞ വർഷം 995 യൂണിറ്റുകൾ സ്ഥാപിച്ചു.

**പലിശ സബ്സിഡി സ്കീം – 180.42 ലക്ഷം**

മൃഗസംരക്ഷണ മേഖലയിൽ കർഷകർ എടുക്കുന്ന ലോണുകൾ ദീർഘകാല ലോണുകളായാണ് ബാങ്കുകൾ പരിഗണിക്കുന്നത്. അതിനാൽ ഇത്തരം ലോണുകളിലെ പലിശയിനത്തിൽ 5000 രൂപ വരെ പരിധി നിശ്ചയിച്ച് സബ്സിഡി നൽകുന്ന സ്കീം കർഷകർക്ക് ആശ്വാസപ്രദമായ രീതിയിൽ നടപ്പിലാക്കി. 2018-19 ൽ 6291 കർഷകർക്ക് ആനുകൂല്യം നൽകി. പദ്ധതി തുടരുന്നു.

**വെള്ളപ്പൊക്ക ബാധിത ജില്ലകളിൽ കിടാരി വളർത്തൽ – 281 ലക്ഷം**

2018-ലെ വെള്ളപ്പൊക്കം തീവ്രമായി ബാധിച്ച ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളിൽ ഗുണഭോക്താവ് ഒന്നിന് 25000 രൂപ ധനസഹായത്തോടെ 1 കിടാരിയും 6 മാസക്കാലയളവിലേക്കുള്ള തീറ്റയും സബ്സിഡി നിരക്കിൽ നൽകി. പദ്ധതി നടപ്പാക്കുന്നു.

- നഷ്ടപരിഹാര തുക സമയബന്ധിതമായി നേരിട്ട് കർഷകന്റെ ബാങ്ക് അക്കൌണ്ടിലേക്ക് നല്കുന്നു.
- ലഭ്യമായ ഇൻഷ്വറൻസ് പദ്ധതികളിൽ വച്ച് ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്ക്. ജനറൽ വിഭാഗത്തിന് പ്രീമിയം തുകയുടെ 50%വും എസ്.സി/എസ്.ടി വിഭാഗത്തിന് 70%വും സബ്സിഡി. 65,000 രൂപ വിലയുള്ള പശുവിന് ജനറൽ വിഭാഗത്തിന് ഒരു വർഷത്തേക്ക് 700 രൂപയും മൂന്നു വർഷത്തേക്ക് 1762 രൂപയും ഇൻഷ്വറൻസ് പ്രീമിയം. എസ്.സി/എസ്.ടി വിഭാഗത്തിന് ഇത് 420 രൂപയും 1058 രൂപയും മാത്രം. 65,000 രൂപയിൽ കൂടുതൽ വിലയുള്ള പശുക്കൾക്കും ഇതേ പ്രീമിയം നിരക്കിൽ പരിരക്ഷ.
- ഉരുക്കളോടൊപ്പം കർഷകനും 2 ലക്ഷം രൂപയുടെ അപകടമരണ ഇൻഷ്വറൻസ് പരിരക്ഷ. ഒരു വർഷത്തേക്ക് 22 രൂപയും മൂന്ന് വർഷത്തേക്ക് 58 രൂപയും പ്രീമിയം.
- പദ്ധതി സംസ്ഥാനത്തെ എല്ലാ മൃഗാശുപത്രികൾ മുഖേന നടപ്പാക്കുന്നു.

## കർഷകർക്ക് നഷ്ട പരിഹാരം

വന്യമൃഗങ്ങളുടെ ആക്രമണം, ഇടിമിന്നൽ, മുങ്ങി മരണം, വൈദ്യുതാഘാതം, സൂര്യതാപം, മറ്റ് അപകടങ്ങൾ, പ്രകൃതി ദുരന്തം, ആന്ത്രാക്സ്, പേവിഷ ബാധ, ആട് വസന്ത, താറാവ് വസന്ത, പക്ഷിപ്പനി തുടങ്ങിയവ മൂലം ഉരുക്കൾ/കോഴി-താറാവ് എന്നിവ നഷ്ടപ്പെടുന്ന കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷയില്ലെങ്കിലും നഷ്ടപരിഹാരം ലഭിക്കും. ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുൻപ് പദ്ധതിക്കുള്ള വിഹിതം 40 ലക്ഷം രൂപയായിരുന്നു. എന്നാൽ 2016-19 കാലയളവിൽ മാത്രം 2652 കർഷകർക്കായി 3.96 കോടി രൂപയുടെ ആനുകൂല്യം നൽകി കഴിഞ്ഞു.



## രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം

കർഷകരുടെ വീട്ടുപടിക്കൽ അടിയന്തര മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതി 60 ബ്ലോക്കുകളിലേക്ക് കൂടി വ്യാപിപ്പിച്ച് 105 ബ്ലോക്കുകളിലായി വിപുലീകരിച്ചു. വൈകിട്ട് 6 മണി മുതൽ പിറ്റേന്ന് രാവിലെ 6 മണി വരെയാണ് സേവനം. വെറ്ററിനറി സർജൻമാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

## കന്നുകുട്ടി പരിപാലന - ഗോവർദ്ധിനി പദ്ധതികൾ

പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്ത് ജനിക്കുന്ന കന്നുക്കുട്ടികളുടെ വളർച്ച ലക്ഷ്യമാക്കി അവയ്ക്ക് സബ്സിഡി നിരക്കിൽ തീറ്റയും ഇൻഷുറൻസ് പരിരക്ഷയും ശാസ്ത്രീയ പരിപാലനവും ഉറപ്പാക്കുന്നതിന് കന്നുകുട്ടി പരിപാലന - ഗോവർദ്ധിനി പദ്ധതികൾ സർക്കാർ നടപ്പാക്കുന്നു. ഒരു പശുക്കുട്ടിക്ക് 12,500 രൂപ സബ്സിഡി ലഭിക്കും. കഴിഞ്ഞ 3 വർഷങ്ങളിലായി 1,98,162 പശുക്കുട്ടികളെ പദ്ധതികളിൽ ഉൾപ്പെടുത്തി ശാസ്ത്രീയ പരിരക്ഷ നല്കി. 2019-20 ൽ കന്നുകുട്ടി പരിപാലന പദ്ധതിയിൽ 20878 കന്നുകുട്ടികളെയും ഗോവർദ്ധിനി പദ്ധതിയിൽ 14,448 കന്നുകുട്ടികളെയും ഉൾപ്പെടുത്തും. ഇരു പദ്ധതികൾക്കായി 60 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്.

## മൃഗചികിത്സാ മരുന്നുകളുടെ ലഭ്യത

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തെ മൃഗചികിത്സാ സ്ഥാപനങ്ങൾക്കുള്ള മരുന്ന് ലഭ്യത ഉറപ്പാക്കാൻ ബഡ്ജറ്റ് വിഹിതം ഉയർത്തി. 2015-16 കാലയളവിൽ 8 കോടി രൂപയായിരുന്നത് 2016-17 സാമ്പത്തിക വർഷം 12 കോടി രൂപയായും തുടർന്ന് 15 കോടി രൂപയായും വർദ്ധിപ്പിച്ചു. ഇതു കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിലുൾപ്പെടുത്തിയും മൃഗാശുപത്രികളുടെ ആവശ്യത്തിനായി മരുന്ന് വാങ്ങുന്നുണ്ട്.

## രോഗപ്രതിരോധം

മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട് (ADCP) ആണ് രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. വർഷം തോറും രണ്ട് തവണ വീതം സംഘടിപ്പിക്കുന്ന ഭവന സന്ദർശനം വഴി സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും കുളമ്പുരോഗത്തിനെതിരെ പ്രതിരോധ കുത്തിവയ്പ്പ് നൽകുന്ന ഗോരക്ഷാ പദ്ധതിയാണ് ഇതിൽ പ്രധാനം. കൂടാതെ ആട് വസന്ത, കോഴി -താറാവ് രോഗങ്ങൾ എന്നിവയ്ക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പുകളും എ.ഡി.സി.പി സംഘടിപ്പിക്കുന്നു.

- കന്നുകാലി രോഗനിയന്ത്രണ പദ്ധതിയുടെ ആസ്ഥാന മന്ദിരം തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തനം ആരംഭിച്ചു.
- കൊല്ലം ജില്ലയിലെ കുര്യോട്ടുമലയിൽ മിൽക്കിംഗ് പാർലർ, ബൾക്ക് മിൽക്ക് കൂളർ പോലുള്ള ആധുനിക സൗകര്യങ്ങളുള്ള ഹൈടെക് ഡയറി ഫാം ആരംഭിച്ചു.
- കൊല്ലം ജില്ലയിലെ ആയൂർ - തോട്ടത്തറയിൽ നവീന ഹാച്ചറി നിർമ്മിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. ആഴ്ചയിൽ 30,000 കോഴികുഞ്ഞുങ്ങളുടെ ഉത്പ്പാദനം നടക്കുന്നു.
- തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രി തുടങ്ങി. സർക്കാർ മേഖലയിലെ ആദ്യ സംരംഭം. 5.1 കോടി രൂപ ചെലവ്.
- ആധുനിക രോഗനിർണ്ണയ മൃഗചികിത്സാ സംവിധാനങ്ങളും കാഷ്വാലിറ്റി, സർജറി, ഗൈനക്കോളജി തുടങ്ങിയ സേവനങ്ങളും ഇവിടെ നിന്നു ലഭിക്കും.

## ഇ-ഗവേണൻസ്

- ഭരണ നിർവഹണം കാര്യക്ഷമമാക്കാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് മുതൽ ഫീൽഡുതല സ്ഥാപനങ്ങളിൽ വരെ ഇ-ഓഫീസ് സംവിധാനം.
- വിവിധ പദ്ധതികൾ അവലോകനം ചെയ്യുന്നതിനായി റിയൽ ടൈം ഓൺലൈൻ മോണിറ്ററിംഗ്. കുളമ്പു രോഗ കുത്തിവയ്പ്പ് അവലോകന സോഫ്റ്റ്‌വെയർ, ഫാൻ പദ്ധതി അവലോകന സോഫ്റ്റ്‌വെയർ മുതലായ നിരവധി സോഫ്റ്റ്‌വെയറുകൾ.
- കൃത്രിമബീജാദാന കേന്ദ്രങ്ങളിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക് 1248 കമ്പ്യൂട്ടർ ടാബ്ലെറ്റുകൾ.

## അംഗീകാരങ്ങൾ

- ISO: മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്, കാസർഗോഡ് ജില്ലയിലെ മൊഗ്രാൽ പുത്തൂർ ഡിസ്പെൻസറി, കണ്ണൂർ ജില്ലയിലെ ആറളം പഞ്ചായത്ത് - ഇട്ടൂർ ഡിസ്പെൻസറി, എറണാകുളം ജില്ലയിലെ ഊരമന ഡിസ്പെൻസറി എന്നിവയ്ക്ക് ISO അംഗീകാരം.
- NABL: എറണാകുളം ജില്ലയിലെ മരടിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ലബോറട്ടറി ഫോർ ലൈവ്സ്റ്റോക്ക്, മറൈൻ ആന്റ് അഗ്രി പ്രോഡക്ട്സ് (SLMAP)

ന് NABL (National Accreditation Board for Testing and calibration Laboratories) അക്രഡിറ്റേഷൻ.

- ലോക മൃഗാരോഗ്യ സംഘടന (bit) യുടെ സന്ദർശനത്തിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പിന് കേന്ദ്ര സർക്കാരിന്റെ ലെറ്റർ ഓഫ് അപ്രീസിയേഷൻ ലഭിച്ചു.
- നിപ്പ വൈറസ് പ്രതിരോധം-വിജയ ഗാഥ: 2018-ൽ നിപ്പ് വൈറസ് ബാധ കോഴിക്കോട് ഉണ്ടായ അവസരത്തിൽ ആരോഗ്യവകുപ്പുമായി സഹകരിച്ച് നടത്തിയ സ്തുത്യർഹ സേവനത്തിനു സർക്കാരിന്റെ അംഗീകാരം.

## പ്രധാന ഗുണഭോക്തൃ പദ്ധതികൾ

### സ്കൂൾ പൗൾട്രി ക്ലബ് പദ്ധതി

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 5 മുതൽ 9-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് 5 കോഴികുഞ്ഞുങ്ങളും തീറ്റയും നൽകുന്ന പദ്ധതിയാണിത്. ഒരു വിദ്യാലയത്തിലെ 50 വിദ്യാർത്ഥികൾക്ക് വീതം പദ്ധതി ആനുകൂല്യം ലഭ്യമാക്കി വരുന്നു.

- 2016-17 ൽ 701 വിദ്യാലയത്തിലെ 35050 വിദ്യാർത്ഥികൾക്ക് 1,75,250 കോഴി കുഞ്ഞുങ്ങൾ.
- 2017-18 ൽ 905 വിദ്യാലയത്തിലെ 45,250 വിദ്യാർത്ഥികൾക്ക് 2,26,250 കോഴി കുഞ്ഞുങ്ങൾ.
- 2018-19 ൽ 1304 വിദ്യാലയത്തിലെ 65200 വിദ്യാർത്ഥികൾക്ക് 3,26,000 കോഴി കുഞ്ഞുങ്ങൾ.
- 2019-20 ൽ 1305 സ്കൂളുകളിലെ 65,250 വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കും.

### മാതൃകാ മൃഗസംരക്ഷണ ഗ്രാമം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ മൃഗസംരക്ഷണ മേഖലയിലുള്ള പദ്ധതികൾ നടപ്പിലാക്കി മാതൃകാ മൃഗസംരക്ഷണ ഗ്രാമമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. മേഖലാടിസ്ഥാനത്തിൽ രൂപം കൊള്ളുന്ന പ്രോജക്ടുകൾക്ക് മൃഗസംരക്ഷണ വകുപ്പിന്റെ സഹായമായി ഒരു പഞ്ചായത്തിന് 5 ലക്ഷം രൂപ ധനസഹായം നൽകി വരുന്നു. 2019-20 ൽ 20 പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കും.

## മൃഗസംരക്ഷണ മേഖലയിലെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതികൾ

### സഞ്ചരിക്കുന്ന ടെലി വെറ്ററിനറി യൂണിറ്റുകൾ

കർഷകരുടെ വീട്ടു പടിക്കൽ ആധുനിക ചികിത്സാ സംവിധാനങ്ങൾ നൽകുന്നതിനായി ടെലി മെഡിസിൻ സൗകര്യങ്ങളോടു കൂടിയ സഞ്ചരിക്കുന്ന മൃഗചികിത്സാ യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് അനുമതി. കൊല്ലം ജില്ലയിൽ നിലവിൽ നടപ്പിലാക്കി വരുന്ന യൂണിറ്റിന്റെ മാതൃകയിൽ മേഖലാടിസ്ഥാനത്തിൽ 2 പുതിയ യൂണിറ്റുകൾ കൂടി സ്ഥാപിക്കും. ഇതിനായി 2.2 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി.

### ജിയോഗ്രാഫിക്ക് മാപ്പിംഗ്

ജിയോഗ്രാഫിക്ക് ഇൻഫർമേഷൻ സംവിധാനം വഴി ഉരുക്കളുടെ കാതുകളിൽ മൈക്രോചിപ്പ് (റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ ഡിവൈസ്) ഘടിപ്പിച്ച് കന്നുകാലികളെ ജീവിതകാലം മുഴുവൻ തിരിച്ചറിയുന്നതിനായി യൂണീക് ഐ.ഡി.നമ്പർ നൽകും. മൃഗസംരക്ഷണ മേഖലയുടെ സമഗ്രമായ വിവരശേഖരണം ലഭിക്കുന്നതോടെ കൃത്യമായ ആസൂത്രണവും മേൽനോട്ടവും നടത്താനാകും. ഈ പദ്ധതിയ്ക്കായി 20.8 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ റീജിയണൽ ഡിസീസ് ഡയഗ്നോസ്റ്റിക്ക് ലാബിനും NAL അക്രഡിറ്റേഷൻ ലഭിക്കുകയുണ്ടായി.

### മൃഗസംരക്ഷണ മേഖലയിൽ ജീവനോപാധി സഹായ പാക്കേജ്

റീബിൽഡ് കേരള പദ്ധതിയിലൂടെ മൃഗസംരക്ഷണ മേഖലയെ പുനരുദ്ധരിക്കുന്നതിനായി 77 കോടി രൂപയുടെ ജീവനോപാധി സഹായ പാക്കേജ് - പശു വളർത്തൽ, കിടാരി വളർത്തൽ, ശാസ്ത്രീയ കന്നുകാലിത്തൊഴുത്ത് നിർമ്മാണം, സബ്സിഡി നിരക്കിൽ കാലിത്തീറ്റ, യന്ത്രവത്ക്കരണത്തിന് സഹായം, തീറ്റപ്പുൽ ഉല്പാദനത്തിനുള്ള സഹായം, പന്നി, ആട്, കോഴി, താറാവ് വളർത്തൽ പദ്ധതികൾ, കന്നുകുട്ടി പരിപാലനത്തിനുള്ള ധനസഹായം തുടങ്ങി വിവിധങ്ങളായ കർഷകക്ഷേമ പദ്ധതികളാണ് പാക്കേജിലൂടെ നടപ്പിലാക്കുന്നത്.

### കൂടുകളിൽ കോഴി വളർത്തൽ (നഗര പ്രദേശങ്ങളിൽ)

കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ കൂടുകളിൽ കോഴിവളർത്തൽ നടപ്പിലാക്കുന്ന പദ്ധതി. കൂട്, മുട്ടക്കോഴി (5 എണ്ണം) എന്നിവയുൾപ്പെടെ 5000 രൂപയുടെ സഹായം ഒരു ഗുണഭോക്താവിന് ലഭിക്കും. 2016-19 കാലയളവിൽ 1610 യൂണിറ്റുകൾ നൽകി. 2019-20 ൽ 410 പുതിയ യൂണിറ്റുകൾ.

### ആട്ടു വളർത്തൽ പദ്ധതി

5 പെണ്ണാടും 1 മുട്ടനാടും നൽകുന്ന പദ്ധതി. ഒരു ഗുണഭോക്താവിന് 25000 രൂപ ധനസഹായം ലഭിക്കും. 2016-19 കാലയളവിൽ 2800 യൂണിറ്റുകൾ നൽകി. 2019-20 ൽ 1298 പുതിയ യൂണിറ്റുകൾ.

### താറാവ് വളർത്തൽ പദ്ധതി

ഒരു ഗുണഭോക്താവിന് 2 മാസം പ്രായമുള്ള 10 താറാവ് കുഞ്ഞുങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി. 1200 രൂപ ധനസഹായം. 2016-19 കാലയളവിൽ 9508 യൂണിറ്റുകൾ നൽകി. 2019-20 ൽ 4000 പുതിയ യൂണിറ്റുകൾ.

### കറവയന്ത്ര വിതരണ പദ്ധതി

2018-19ൽ 184 യൂണിറ്റുകൾ നടപ്പിലാക്കി. യൂണിറ്റൊന്നിന് 25,000 രൂപ സഹായം. 2019-20 ൽ 200 യൂണിറ്റുകൾ നടപ്പിലാക്കും - 50 ലക്ഷം രൂപ

### മാലിന്യ സംസ്കരണ യൂണിറ്റ്

2018-19ൽ 1393 യൂണിറ്റുകൾ സ്ഥാപിച്ചു. യൂണിറ്റൊന്നിന് 12500 രൂപ സഹായം. 2019-20 ൽ 225 ലക്ഷം രൂപയുടെ 1800 യൂണിറ്റുകൾ.

*വിവരങ്ങൾക്ക് കടപ്പാട്:*
*ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്*

നവകേരളത്തിന്റെ 4 നാലുവർഷങ്ങൾ

# കേരനാടിനൊരു ധവളകവാടം



**ക്ഷീരമേഖലയ്ക്ക് ഒരു പുത്തൻ ഉണർവ്വും പ്രതീക്ഷയും നൽകുന്ന പ്രവർത്തനങ്ങളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ കാഴ്ചവച്ചു വരുന്നത്.**

ഗ്രാമീണ കേരളത്തിന്റെ സ്പന്ദനം ആണ് ക്ഷീരമേഖല. അനേകായിരം ജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനൊപ്പം മെച്ചപ്പെട്ട ഒരു ഉപജീവനമാർഗ്ഗമായും സംസ്ഥാനത്ത് പശുവളർത്തൽ മാറിയിരിക്കുന്നു. ഒന്നോ രണ്ടോ പശുക്കളെ വളർത്തുക എന്ന മുൻരീതിയിൽ നിന്നും വ്യത്യസ്തമായി 5 പശു, 10 പശു തുടങ്ങി വാണിജ്യാടിസ്ഥാനത്തിൽ പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന യുവസംരംഭകരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്നത് ഈ മേഖലയ്ക്ക് കേരളത്തിന്റെ സമ്പത്ത് ഘടനയിൽ ഉള്ള സ്വാധീനം വിളിച്ചോതുന്നു. ക്ഷീരമേഖലയ്ക്ക് ഒരു പുത്തൻ ഉണർവ്വും പ്രതീക്ഷയും നൽകുന്ന പ്രവർത്തനങ്ങളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ കാഴ്ചവച്ചു വരുന്നത്. തുടർച്ചയായ 2 വർഷങ്ങളിൽ സംസ്ഥാനം നേരിട്ട പ്രളയക്കെടുതികളും ഇപ്പോൾ കൊവിഡ് 19 മഹാമാരിയും ക്ഷീരകർഷകരെയും ഈ മേഖലയെയും പ്രതികൂലമായി ബാധിച്ചുവെങ്കിലും സർക്കാരിന്റെ ഇച്ഛാശക്തിയോടു കൂടിയ പ്രവർത്തനത്തിന്റെ പരിണിത ഫലമായി ഈ മേഖലയ്ക്ക് കൂടുതൽ കരുത്താർജ്ജിക്കുവാൻ സാധിച്ചു. സംസ്ഥാനത്ത് പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യം മുൻനിർത്തി ആരംഭിച്ച വികസന പ്രവർത്തനങ്ങൾ ഈ മേഖലയെ ശക്തിപ്പെടുത്തിയതോടൊപ്പം ക്ഷീരകർഷകർക്ക് സാമൂഹിക സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കുകയും ചെയ്തു. കഴിഞ്ഞ നാലു വർഷക്കാലം ഈ സർക്കാർ നടത്തിയ ഇടപെടലുകൾ കേരള സംസ്ഥാനത്തെ ഒരു കർഷക സൗഹൃദ സംസ്ഥാനമായി രൂപാന്തരപ്പെടുത്തി എന്ന് നിസ്സംശയം പറയുവാൻ സാധിക്കും.

### നേട്ടങ്ങൾ

- കേരളത്തിൽ ഏകദേശം പ്രതിദിനം 89 ലക്ഷം ലിറ്റർ പാൽ ആവശ്യമായി ഉണ്ട്. ഇതിൽ 81 ലക്ഷം ലിറ്റർ പാൽ ആഭ്യന്തരമായി സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നു. സംസ്ഥാനത്ത് 2018-19 വർഷത്തെ പാൽ ഉല്പാദനം 25.49 ലക്ഷം മെട്രിക് ടൺ ആണ്. ഇത് ആവശ്യകതയുടെ 94 ശതമാനത്തോളം വരുന്നു. 3643 ക്ഷീരസഹകരണ സംഘങ്ങളിൽ കൂടി പ്രതിദിനം 18.60 ലക്ഷം ലിറ്റർ പാൽ ശരാശരി സംഭരിക്കുന്നു.

### പാലുല്പാദനം: ഇന്ത്യാ ടുഡേ അവാർഡ് കേരളത്തിന്

- 2018-19 വർഷം കേരളം ക്ഷീരമേഖലയിൽ ഉണ്ടാക്കിയ മികച്ച നേട്ടങ്ങളും കൈവരിച്ച ഉയർച്ചയും കണക്കിലെടുത്ത് അഖിലേന്ത്യാതലത്തിലുള്ള ഇന്ത്യാ ടുഡേ അവാർഡ് കേരളത്തിന് ലഭിച്ചു. ഇങ്ങനെ ഒരു ദേശീയ അംഗീകാരം ക്ഷീരരംഗത്ത് ആദ്യമായാണ് കേരളത്തിന് ലഭിക്കുന്നത്.
- കേരളത്തിൽ ക്ഷീരസഹകരണ മേഖലയിലെ പാൽ സംഭരണ വിപണനത്തിലൂടെ മാത്രം 2019-20 ൽ 2511.93 കോടി രൂപ പാൽ വിലയായി ക്ഷീര കർഷകർക്ക് ലഭിച്ചു.
- കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കേരളത്തിൽ ക്ഷീരസഹകരണ സംഘങ്ങളിലൂടെയുള്ള പാൽ സംഭരണത്തിൽ ദേശീയ വളർച്ചാ ശരാശരിയെക്കാൾ ഏകദേശം ഇരട്ടി വർദ്ധനവ് രേഖപ്പെടുത്തി. 6.4 % ദേശീയ തലത്തിൽ വളർച്ച രേഖപ്പെടുത്തിയപ്പോൾ സംസ്ഥാനത്ത് ഇത് 12.46 % ആയിരുന്നു.
- അന്യസംസ്ഥാനത്ത് നിന്നും ഇറക്കുമതി ചെയ്യുന്ന പാലിന്റെ അളവിൽ ഗണ്യമായ കുറവ് രേഖപ്പെടുത്തി. 2016-17 ൽ 4 ലക്ഷം ലിറ്റർ എന്നുള്ളത് 2019-20 വർഷം 1.5 ലക്ഷം ലിറ്ററിൽ താഴെയായി.
- മിൽമയുടെ പ്രവർത്തനങ്ങളിൽ കാതലായ മാറ്റം വരുത്തി. ലിഡ ജേക്കബ് ഐ.എ.എസ് (റിട്ട.) ചെയർമാനായുള്ള വിദഗ്ദ്ധ പഠന കമ്മറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നു.
- **ക്ഷീരസംഘങ്ങളെ ശാക്തീകരിക്കുന്നതിനായി നൂതന പദ്ധതികൾ;** മഴവെള്ള സംഭരണി, ചെലവ് കുറഞ്ഞ മാലിന്യ

സംസ്കരണ പ്ലാന്റ്, സൗരോർജ്ജപ്ലാന്റ്, ശുചിത്വം ഉറപ്പാക്കുന്നതിനായി ഹൈജിനിക്ക് മിൽക്ക് കളക്ഷൻ മുറികൾ, കാലിത്തീറ്റ സംഭരണ മുറികൾ, ഫാർമർ ഫെസിലിറ്റേഷൻ സെന്ററുകൾ, ആട്ടോമാറ്റിക്ക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുവാനായി 14.5 കോടി രൂപ സർക്കാർ ധനസഹായം നൽകി.

- പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ ത്രൈമാസ അണുഗുണനില വാര യജ്ഞം നടപ്പിലാക്കി. കേരളത്തിലെ ക്ഷീരസംഘങ്ങൾ വഴി സംഭരിച്ച് സംസ്കരിച്ച് വിറ്റഴിക്കുന്ന പാൽ ദക്ഷിണ ഭാരതത്തിൽ ഏറ്റവും മെച്ചപ്പെട്ടതായി.
- 52 ക്ഷീരസംഘങ്ങൾക്ക് ഐ.എസ്.ഒ 22000-2005 അന്തർദേശീയ അംഗീകാരം ലഭിച്ചു.
- കഴിഞ്ഞ നാല് വർഷങ്ങളിൽ തീറ്റപ്പുൽ വികസന പദ്ധതികൾക്കായി 25.20 കോടി രൂപ ചെലവഴിച്ചു. 8287 ഹെക്ടർ സ്ഥലത്ത് അധികമായി തീറ്റപ്പുൽ കൃഷി. 14.05 ലക്ഷം മെട്രിക്ക് ടൺ ഫോഡർ അധിക ഉല്പാദനം. 69,087 ക്ഷീരകർഷകർക്ക് ധനസഹായം നൽകി. 2020-21 വർഷം 760 ലക്ഷം രൂപ വകയിരുത്തി.
- **തരിശുഭൂമിയിൽ പുൽകൃഷി പദ്ധതി:** 2017-20 ൽ 254 ഹെക്ടർ തരിശു ഭൂമിയിൽ സർക്കാർ ധനസഹായത്തോട് കൂടി തീറ്റപ്പുൽകൃഷി പദ്ധതി. 2020-21 വർഷം 90 ഹെക്ടർ തരിശു ഭൂമിയിൽ പദ്ധതി നടപ്പിലാക്കും.
- **ക്ഷീരകർഷകർക്ക് പച്ചപ്പുൽ / വൈക്കോൽ:** കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ 7.05 കോടി രൂപ ധനസഹായത്തോടെ പച്ചപ്പുൽ/വൈക്കോൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു. 2020-21 ൽ 3 കോടി രൂപയുടെ പദ്ധതി നടപ്പാക്കും.
- രാജ്യത്തിന് മാതൃകയായി മീനാക്ഷിപുരം, ആര്യങ്കാവ് ചെക്ക് പോസ്റ്റുകളിൽ സ്ഥിരം പാൽ പരിശോധനാ സംവിധാനം.
- ഇന്ത്യയിൽ ആദ്യമായി ക്ഷീരകർഷകരെയും കുടുംബാംഗങ്ങളെയും കന്നുകാലികളെയും ഉൾപ്പെടുത്തി സർക്കാർ ധനസഹായത്തോടെ 'ക്ഷീരസാന്ത്വനം' സമഗ്ര ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതി. കൊവിഡ് 19 പാക്കേജിന്റെ ഭാഗമായി ക്ഷീരസംഘം ജീവനക്കാരുടെയും കുടുംബങ്ങളുടെയും പ്രീമിയം തുകയുടെ ഒരു ഭാഗം സർക്കാർ വഹിക്കും.
- ക്ഷീരകർഷകർക്കുള്ള ക്ഷേമ പെൻഷൻ 500 രൂപയിൽ നിന്നും 1300 രൂപയായി ഉയർത്തി. അതിൽ 1000 രൂപ സർക്കാർ വിഹിതം. 2020 പുതുവത്സര സമ്മാനമായി ക്ഷീരകർഷകർക്ക് കുടുംബ പെൻഷൻ 150 രൂപയിൽ നിന്നും 550 രൂപയായി വർദ്ധിപ്പിച്ചു.
- ക്ഷീരവികസനത്തിന് അനുകൂല സാഹചര്യമുള്ള ബ്ലോക്കുകളിൽ സമഗ്ര ക്ഷീരവികസന പദ്ധതി, ഡെയറി സോൺ രൂപീകരണ പദ്ധതി, ക്ഷീരഗ്രാമം എന്നീ നൂതന പദ്ധതികൾ.
- പുതിയതലമുറ ഉരുക്കളെ സംസ്ഥാനത്ത് തന്നെ വളർത്തി എടുക്കുക എന്ന ലക്ഷ്യത്തോട് കൂടി കിടാരി പാർക്ക് പദ്ധതി (100 കിടാരികൾ വീതം ഉള്ള പാർക്കുകൾ), കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി. കന്നുകുട്ടികൾക്ക് ആദ്യ 3 മാസം ശാസ്ത്രീയമായ തീറ്റയും പരിചരണവും നൽകി നല്ല ഉരുക്കളായി വളർത്തിയെടുക്കുക ലക്ഷ്യം.
- 24,799 കറവപ്പശുക്കളെയും കൂടാതെ 8422 കിടാരികളെയും വാങ്ങുന്നതിന് കർഷർക്ക് ധനസഹായം നൽകി.

☐

*വിവരങ്ങൾക്ക് കടപ്പാട്:*
*ഡയറക്ടർ, ക്ഷീരവികസന വകുപ്പ്*

## ക്ഷീരവികസനമേഖലയ്ക്ക് ഉയർന്ന ഫണ്ടും പദ്ധതി വിഹിതവും

- 2016-17 മുതൽ ക്ഷീരവികസന മേഖലയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പദ്ധതി വിഹിതത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായി. ക്ഷീരസംഘങ്ങളിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും 4 രൂപയിൽ അധികരിക്കാതെ കാലിത്തീറ്റ സബ്സിഡി തുകയായി അനുവദിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം പ്രാബല്യത്തിൽ വന്നു. 2018-19 വർഷം മാത്രം 117 കോടി രൂപ ഈ ഇനത്തിൽ ചെലവഴിക്കുവാൻ സാധിച്ചു.
- 2018, 2019 എന്നീ പ്രളയ ദുരിത സമയത്തും കൊവിഡ് 19 മഹാമാരിയുടെ സമയത്തും കാലിത്തീറ്റയുടെ ലഭ്യത കർഷകർക്ക് ഉറപ്പാക്കി. 2016-17 മുതൽ 2019-20 വരെ 35.24 കോടി രൂപ കാലിത്തീറ്റ സബ്സിഡി ആയി ക്ഷീരസംഘങ്ങളിൽ അളക്കുന്ന പാലിന് 1 രൂപ നിരക്കിൽ കർഷകർക്ക് നൽകി. പ്രതിവർഷം ഏകദേശം 2 ലക്ഷം കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.
- കൊവിഡ് 19 പുനരധിവാസ പദ്ധതിയുടെ ഭാഗമായി 2020-21 വർഷം 2.5 ലക്ഷം കാലിത്തീറ്റ ബാഗുകൾ ഒരു ബാഗിന് 400 രൂപ ധനസഹായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യും. 10 കോടി രൂപ ഇതിനായി ചെലവിടും.
- 2018, 2019 വർഷങ്ങളിലെ പ്രകൃതിക്ഷോഭം മൂലം നഷ്ടം സംഭവിച്ച ക്ഷീരകർഷകരെ പുനരധിവസിപ്പിക്കുന്നതിനും ക്ഷീരമേഖലയുടെ പുനർനിർമ്മാണവും ലക്ഷ്യം വച്ച് ദുരിതം ബാധിച്ച 50 ബ്ലോക്കുകളെ ഉൾപ്പെടുത്തി 44 കോടി രൂപ മുതൽമുടക്കിൽ പ്രത്യേക പുനരധിവാസ പദ്ധതി നടപ്പിലാക്കി. 48,100 കർഷകർക്ക് പ്രയോജനം ലഭിച്ചു.
- കടക്കെണിയിലായ ക്ഷീരകർഷകർക്ക് ധനാശ്വാസമായി 5 കോടി രൂപ ഈ സർക്കാർ അനുവദിച്ചതുവഴി 2285 കർഷകർക്ക് സാമ്പത്തിക സുരക്ഷ ഉറപ്പാക്കുവാൻ സാധിച്ചു. ക്ഷീരകർഷകർക്ക് മാത്രമായി ആദ്യമായാണ് ഒരു സംസ്ഥാനം സാമൂഹിക പ്രതിബദ്ധതയോടെ ഇങ്ങനെ ഒരു ദൗത്യം ഏറ്റെടുത്തത്.
- കൊവിഡ് 19 മഹാമാരി പുനരധിവാസ പാക്കേജ് ആയി 215 കോടി രൂപയുടെ പദ്ധതികൾ ക്ഷീരമേഖലയിൽ നടപ്പാക്കും. ജീവനോപാധിക്കായി പ്രത്യേക പദ്ധതികൾ, ഡെയറി ഫാം ആട്ടോമേഷൻ പദ്ധതികൾ, പ്രത്യേക തീറ്റപ്പുൽ വികസന പദ്ധതികൾ, പാൽ ഉല്പന്ന നിർമ്മാണ പദ്ധതികൾ, മൊബൈൽ ആപ്പ്, മിൽമയ്ക്ക് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുവാൻ ധനസഹായം, നിലവിലുള്ള ഡെയറി പ്ലാന്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനികവത്ക്കരണത്തിനും ധനസഹായം എന്നിവ ഇതിൽ ഉൾപ്പെടും.



# വരൂ മുന്നേറാം...

## കരുതലായി തദ്ദേശ സ്ഥാപനങ്ങളുണ്ട്

■ പ്രസാദ് കാവീട്ടിൽ

**മഹാമാരിയായ കൊവിഡ് 19 ലോകം മുഴുവൻ പടർന്ന് പിടിച്ചപ്പോൾ ലോകത്തെ സാമ്പത്തിക രാഷ്ട്രീയ ശക്തികളായ രാജ്യങ്ങൾ പോലും എന്ത് ചെയ്യണമെന്നറിയാതെ പകച്ചു നിന്നപ്പോൾ കേരളം ലോകരാജ്യങ്ങൾക്കു തന്നെ മാതൃകയായി മാറി.**

"നാട്ടിൽ ഒരാളും ഒരു നേരം പോലും പട്ടിണിയിലാകില്ല എന്ന ഉറപ്പ് വരുത്തണം. വീട്ടിൽ ഭക്ഷണം പാകം ചെയ്യാത്തവർക്ക് തദ്ദേശസ്ഥാപനങ്ങൾ അത് വീട്ടിലെത്തിച്ച് നല്കണം. അതിനായി തദ്ദേശസ്ഥാപനങ്ങൾ 'കമ്മ്യൂണിറ്റി കിച്ചൻ' ഒരുക്കണം. പാചകത്തിന് ആളെ ഏർപ്പെടുത്തണം. തികഞ്ഞ ശുചിത്വം പാലിച്ചു വേണം ഭക്ഷണം പാകം ചെയ്യാൻ. അത് വിതരണം ചെയ്യാൻ പ്രത്യേക സംവിധാനം വേണം. ചെറിയ റോഡുകളിലൂടെ പോയി ഭക്ഷണം വിതരണം നടത്തേണ്ട സ്ഥലങ്ങളിൽ അതിനും ക്രമീകരണം ഉണ്ടാക്കണം. പഞ്ചായത്ത് അതിർത്തികളിൽ എത്ര പേർക്ക് വീടുകളിൽ ഭക്ഷണം എത്തിച്ചു നല്കണം എന്നതിൽ കൃത്യമായ കണക്ക് ഉണ്ടാവണം. ആവശ്യക്കാർക്ക് ബന്ധപ്പെടാൻ പൊതു കോണ്ടാക്ട് നമ്പർ പരസ്യപ്പെടുത്തണം. അത് തദ്ദേശ സ്ഥാപന ചുമതലക്കാരുടെ മനസ്സിൽ ഉണ്ടാകണം."

അടച്ചിടൽ പ്രഖ്യാപിച്ചതിനുശേഷമുള്ള മുഖ്യമന്ത്രിയുടെ വാർത്താസമ്മേളനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടുള്ള അദ്ദേഹത്തിന്റെ നിർദ്ദേശമാണ് മുകളിൽ പറഞ്ഞത്. നാട് അടച്ചിടുമ്പോൾ ഒരാൾ പോലും കഷ്ടപ്പെടരുത് എന്ന ഭരണാധികാരിയുടെ കരുതൽ. ഈ നിർദ്ദേശം അതിന്റെ എല്ലാ അർത്ഥത്തിലും ഏറ്റെടുക്കുകയാണ് തദ്ദേശസ്വയംഭരണ വകുപ്പ് ചെയ്തത്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും 'കമ്മ്യൂണിറ്റി കിച്ചൻ' തയ്യാറാക്കാൻ നിർദ്ദേശമുണ്ടായി. പിറ്റേന്ന് തന്നെ ഭൂരിഭാഗം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം ആരംഭിച്ചു. നിർദ്ധനർ, അഗതി കുടുംബങ്ങൾ, കിടപ്പു രോഗികൾ, ഭിക്ഷാടകർ എന്നിങ്ങനെ സമൂഹത്തിലെ അവശത നേരിടുന്നവർക്ക് സൗജന്യമായി ഭക്ഷണം വിതരണം ചെയ്യാനായി ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധപ്രവർത്തകരും ഒത്തുചേർന്നു. ഇതിനാവശ്യമായ തുക സംഭാവന വഴിയോ സ്പോൺസർഷിപ്പ് മുഖേനയോ കണ്ടെത്തണമെന്നും അല്ലാത്ത പക്ഷം തദ്ദേശസ്ഥാപനത്തിന്റെ



തനത് ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ ചെലവാക്കാമെന്നും ഉത്തരവായി. സൗജന്യ ഭക്ഷണം ആവശ്യമുള്ളവരുടെ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തി. പഞ്ചായത്തുതല സമിതികളും വാർഡുതല സമിതികളും രൂപീകരിച്ചു. ഭക്ഷണം പാകം ചെയ്യാൻ പറ്റുന്നവർക്ക് അരിയും പലവ്യഞ്ജനങ്ങളും നല്കി. എത്തിച്ചു നല്കുന്നതിനായി സന്നദ്ധ പ്രവർത്തകരായ 'റാപ്പിഡ് റെസ്പോൺസ് ടീം' (RRT)ന്റെ സേവനം ഉപയോഗപ്പെടുത്തുകയും ചെയ്തു. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, കുടുംബശ്രീ മെമ്പർ സെക്രട്ടറി, സിഡിഎസ് ചെയർപേഴ്സൺ, ഹെൽത്ത് ഇൻസ്പെക്ടർ, സന്നദ്ധ പ്രവർത്തകർ, തദ്ദേശസ്ഥാപനം നിർദ്ദേശിക്കുന്ന സംഘടനാ പ്രതിനിധി എന്നിവർ അടങ്ങുന്ന മോണിറ്ററിങ്ങ് സമിതി രൂപീകരിക്കുകയും ചെയ്തു. കേരളത്തെ ഭക്ഷണമൂട്ടുന്ന വലിയൊരു പ്രവർത്തനമാണ് തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുത്തത്. സർക്കാരിന്റെ ഉദ്ദേശ്യം നിറവേറ്റുന്നതിന് രാപ്പകലില്ലാതെ തന്നെ പ്രവർത്തിച്ചു.

> നാട് അടച്ചിടുമ്പോൾ ഒരാൾ പോലും കഷ്ടപ്പെടരുത് എന്ന ഭരണാധികാരിയുടെ കരുതൽ. ഈ നിർദ്ദേശം അതിന്റെ എല്ലാ അർത്ഥത്തിലും ഏറ്റെടുക്കുകയാണ് തദ്ദേശസ്വയംഭരണ വകുപ്പ് ചെയ്തത്.

### ബ്രേക്ക് ദ ചെയിൻ

കൊവിഡ് 19 മഹാമാരിയിൽ നിന്ന് ഏവരെയും രക്ഷിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യവകുപ്പ് നിർദ്ദേശിച്ച പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും 'ബ്രേക്ക് ദ ചെയിൻ' ക്യാമ്പയിന്റെ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരുന്നു ജനപ്രതിനിധികളും ജീവനക്കാരും. സമൂഹം നേരിടുന്ന ഈ വലിയ പ്രതിസന്ധിയെ പ്രതിരോധിക്കാൻ ബോധവത്ക്കരണത്തിനായി കവലകളിലും ബസ് സ്റ്റോപ്പുകളിലും തുടങ്ങി ആളുകൾ ചേരുന്നിടത്തൊക്കെ ഹാൻഡ് വാഷുകളും സാനിറ്റൈസറുകളും സ്ഥാപിക്കുകയും എല്ലാ വീടുകളിലും നോട്ടീസുകളും വിതരണം ചെയ്യുകയും ചെയ്തു. കൈ കഴുകുകയും ശാരീരിക അകലം പാലിക്കുകയുമാണ് ഈ മഹാമാരിയിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗം എന്ന് ജനങ്ങളെ ബോധവത്ക്കരണം നടത്തികൊണ്ടിരിക്കുകയാണെന്നു തദ്ദേശ സ്ഥാപനങ്ങൾ.

### അതിഥിതൊഴിലാളികൾക്ക് പ്രത്യേക കരുതൽ

അതിഥിതൊഴിലാളികളുടെ ക്ഷേമത്തിനായി തദ്ദേശസ്ഥാപനങ്ങൾ നിസ്തുലമായ സേവനമാണ് നടത്തിയത്. അതിഥിതൊഴിലാളികളോട് വലിയൊരു കരുതലാണ് നമ്മുടെ സർക്കാർ സ്വീകരിച്ചത്. അതിഥി തൊഴിലാളികളുടെ തൊഴിലുടമയുടെ വിവരങ്ങളും കേരളത്തിലെ താമസവിവരങ്ങളും അവരുടെ നാട്ടിലെ വിവരങ്ങളും ശേഖരിച്ചു. അടച്ചിടൽ പ്രഖ്യാപിച്ചതോടെ തൊഴിൽ നഷ്ടപ്പെട്ട അവർക്ക് താമസിക്കാനുള്ള സ്ഥലം ഏർപ്പാടാക്കാനും കമ്മ്യൂണിറ്റി






*നാട്ടിലേക്ക് പുറപ്പെടുന്ന അതിഥി തൊഴിലാളികളെയും കുടുംബത്തെയും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ യാത്ര അയയ്ക്കുന്നു.*

കിച്ചൻ മുഖേന ഭക്ഷണം നല്കാനും തദ്ദേശ സ്ഥാപനങ്ങൾ നേതൃത്വം നല്കി. ഒരു ഘട്ടത്തിൽ അവർക്ക് കേരളീയ ഭക്ഷണമല്ല വേണ്ടത് എന്നും അവരുടേതായ ഭക്ഷണം വേണം എന്ന ആവശ്യം വന്നപ്പോഴും അത് എത്തിച്ചു നല്കാനും തദ്ദേശ സ്ഥാപനങ്ങൾ മുന്നിൽ നിന്ന് പ്രവർത്തിച്ചു. സ്വന്തം സംസ്ഥാനത്തേക്കാളും കരുതൽ കേരള സർക്കാർ അവരോട് കാണിച്ചുവെങ്കിലും സ്വന്തം വീട്ടിലേക്ക് പോകണമെന്നുള്ള അവരുടെ ആഗ്രഹത്തെ നല്ല രീതിയിൽതന്നെ സർക്കാർ ഏറ്റെടുത്തു. അതിനായി കേന്ദ്രത്തോട് അഭ്യർത്ഥിച്ച് പ്രത്യേക ട്രയിൻ ഏർപ്പാടാക്കി. അവരുടെ താമസ സ്ഥലങ്ങളിൽ നിന്ന് പ്രത്യേക വാഹനങ്ങളിൽ കയറ്റി റെയിൽവേ സ്റ്റേഷനിൽ എത്തിക്കുന്നതു വരെയുള്ള പ്രവർത്തന





ങ്ങളിൽ തദ്ദേശസ്ഥാപനങ്ങൾ ഭാഗഭാക്കായി.

## സ്വന്തം നാടിന്റെ സുരക്ഷിതത്വത്തിലേക്ക്

വിദേശ രാജ്യങ്ങളിൽ നിന്നും അന്യ സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്നവർ സ്വന്തം നാടിന്റെ സുരക്ഷിതത്വത്തിൽ എത്തണം എന്ന മലയാളികളുടെ വികാരം മനസ്സിലാക്കി അവരെ നാട്ടിലെത്തിക്കാൻ കേന്ദ്ര സർക്കാരിനോട് സമ്മർദ്ദം ചെലുത്തിയതിന്റെ ഭാഗമായി വിദേശത്തു നിന്നും രാജ്യത്തേക്കുള്ള ആദ്യ വിമാനം അബുദാബിയിൽ നിന്നും നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ ഇറങ്ങി. ഈ വിമാനത്തിൽ വന്നവരെ സുരക്ഷിതമായി താമസിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി ഗുരുവായൂരിലെ താമസസ്ഥലത്ത് എത്തിച്ചത് പുലർച്ചെ 3.30 നാണ്. ആ സമയത്ത് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രിയും ജനപ്രതിനിധികളും കളക്ടർ അടക്കമുള്ള ഉദ്യോഗസ്ഥരും പ്രവാസികളെ കാത്ത് നിന്നത് അവരോടുള്ളേ സംസ്ഥാന സർക്കാരിന്റെ കരുതലിന്റെ സാക്ഷ്യപത്രമാണ്. പ്രവാസികളെ താമസിപ്പിക്കുന്നതിനുള്ള ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിനുള്ള സംവിധാനം തയ്യാറാക്കിയതും തദ്ദേശസ്ഥാപനങ്ങളാണ്. അന്യസംസ്ഥാനത്തു നിന്ന് വന്നവർക്കും സ്വന്തം വീടുകളിൽ ക്വാറന്റൈൻ സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കാനും ഇല്ലാത്തവർക്ക് ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനുള്ള സംവിധാനം തയ്യാറാക്കിയതും തദ്ദേശ സ്ഥാപനങ്ങളാണ്.

ആലംബഹീനരായി തെരുവിൽ കഴിയുന്നവർക്ക് അഭയകേന്ദ്രം ഒരുക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറായി. ഭിക്ഷാടനക്കാരും തെരുവുകച്ചവടക്കാരുമായി നിരവധിയാളുകൾ തെരുവിൽത്തന്നെ അന്തിയുറങ്ങിയിരുന്നു. അവരെ കണ്ടെത്തുകയും അവരെ ഒരിടത്ത് കേന്ദ്രീകരിക്കുകയും ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുകയും ഭക്ഷണവും മരുന്നും വസ്ത്രവും നല്കി പുനരധിവസിപ്പിക്കുകയും ചെയ്തു. അവരിൽ പലരും വീട് വിട്ടിറങ്ങിപ്പോന്നവരാണ്. അവരുടെ വീട്ടുകാരെ കണ്ടെത്താനും വീട്ടിലെത്തിക്കാനും തദ്ദേശസ്ഥാപനങ്ങൾക്ക് സാധിച്ചു.

മഹാമാരിയായ കൊവിഡ് 19 ലോകം മുഴുവൻ പടർന്ന് പിടിച്ചപ്പോൾ, ലോകത്തെ സാമ്പത്തിക രാഷ്ട്രീയ ശക്തികളായ രാജ്യങ്ങൾ പോലും എന്ത് ചെയ്യണമെന്നറിയാതെ പകച്ചു നിന്നപ്പോൾ കേരളം ലോക രാജ്യങ്ങൾക്കു തന്നെ മാതൃകയായി മാറി. മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പഴുതടച്ച പ്രവർത്തനമാണ് ഇവിടെ നടന്നത്. രോഗം പകരാതിരിക്കാൻ ആരോഗ്യ വകുപ്പിനൊപ്പം രാപ്പകലില്ലാതെ പ്രവർത്തിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് ജീവനക്കാർ സദാ ജാഗരൂകരായിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി നേരിട്ടെത്തി പ്രവർത്തനങ്ങൾ ഏകോപ്പിച്ചത് ജീവനക്കാർക്കും ജനപ്രതിനിധികൾക്കും വലിയൊരു ആവേശമായി. വകുപ്പ് ചെയ്യേണ്ട പ്രവർത്തനങ്ങൾക്ക് പുറമേ മറ്റു വകുപ്പുകളുടെ പ്രവർത്തനങ്ങൾക്ക് പോലും സഹായകമായി മാറി. നാടിന്റെ കാവലാളായി മാറുകയായിരുന്നു തദ്ദേശ സ്ഥാപനങ്ങളിലെ ജീവനക്കാരും ജനപ്രതിനിധികളും. □

*ലേഖകൻ തൃശ്ശൂർ ജില്ലയിലെ പെർഫോമൻസ് ആഡിറ്റ് യൂണിറ്റിൽ സീനിയർ ക്ലാർക്കാണ്.*

# വാർത്തകൾ വിശേഷങ്ങൾ

## സുഭിക്ഷകേരളം

- സുഭിക്ഷകേരളം - സബ്സിഡി മാർഗ്ഗരേഖയിൽ ഭേദഗതികളും കൂട്ടിച്ചേർക്കലുകളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. (സ.ഉ. (സാധാ) നം. 1009/2020/തസ്വഭവ, തീയതി 29.05.2020)

## കാലവർഷപൂർവ്വ പ്രതിരോധ പ്രവർത്തനങ്ങൾ

- കാലവർഷപൂർവ്വ പ്രതിരോധ പ്രവർത്തനങ്ങൾ -തദ്ദേശ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട അടിയന്തര നടപടികൾ സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിച്ചു. (സർക്കു ലർ ഡി.എ. 1/142/2020 തസ്വഭവ, തീയതി 27.05.2020)

## ചെലവനുവാദം

- പരിസ്ഥിതി ദിനത്തിൽ തൈകൾ നടുന്നതിന് ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും തനത്/പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചു. (സ.ഉ. (സാധാ) നം 1031/2020/തസ്വഭവ, തീയതി 02.06.2020)

## ഓറഞ്ച് ബുക്ക്

- കാലവർഷ തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ – ഓറഞ്ച് ബുക്ക് – ദുരന്ത പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്ന് നടപ്പിൽ വരുത്തുന്നതിന് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചു. (സ.ഉ. (സാധാ) നം. 1028/2020/തസ്വഭവ, തീയതി 01.06.2020)

## സമയപരിധി നീട്ടി

- കോവിഡ്- 19 പ്രത്യേക സാഹചര്യം പരിഗണിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വസ്തുനികുതി പിഴ കൂടാതെ അടയ്ക്കുന്നതിനും വ്യാപാര ലൈസൻസ് ഉൾപ്പെടെയുള്ള വിവിധ ലൈസൻസുകൾ പുതുക്കുന്നതിനും വിനോദ നികുതി അടയ്ക്കുന്നതിനുമുള്ള അവസാന തീയതി 30.06.2020 വരെ ദീർഘിപ്പിച്ച് നല്കിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടകകുടിശ്ശിക പിഴ ഒഴിവാക്കി അടയ്ക്കുന്നതിനുള്ള സമയപരിധി 5.07.2020 വരെ ദീർഘിപ്പിച്ച് നല്കി ഉത്തരവ് പുറപ്പെടുവിച്ചു. (സ.ഉ (സാധാ) നം 1062/2020/തസ്വഭവ, തീയതി 05.06.2020)

## ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കാം

- കോവിഡ് -19 നിർവ്യാപന/പ്രതിരോധ പ്രവർത്തനങ്ങൾ - വിദേശത്ത് നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന കേരളീയരുടെ ക്വാറന്റൈൻ സംവിധാനം – ശുചീകരണ പ്രവർത്തനങ്ങൾക്കായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലിക്കാരെ നിയോഗിക്കുന്നതിന് അനുമതി നല്കി ഉത്തരവായി. (സ.ഉ (സാധാ) നം 1065/2020/തസ്വഭവ, തീയതി 05.06.2020)

## റാപ്പിഡ് റെസ്പോൺസ് ടീം

- കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - ആർ.ആർ.ടി വാർഡ് സമിതികൾ - റൊട്ടേഷനും തുടർപരിപാലനവും സംബന്ധിച്ച സർക്കുലർ പുറപ്പെടുവിച്ചു. (സർക്കുലർ നം. എൽ.എസ്.ജി.ഡി–ഡിഎ1/113/ 2020 തീയതി 15.06.2020)

## മുൻഗണന പുതുക്കി

- 2020-21 വാർഷിക പദ്ധതി – കോവിഡ് 19 മഹാമാരി കണക്കിലെടുത്ത് നടപ്പ് സാമ്പത്തിക വർഷത്തെ ഫണ്ട് അർദ്ധ വർഷങ്ങളായി തിരിച്ച് പദ്ധതിയുടെ മുൻഗണനാക്രമം ചിട്ടപ്പെടുത്തി പുതുക്കി ഉത്തരവ് പുറപ്പെടുവിച്ചു. (സ.ഉ (സാധാ) നം. 19/2020/പ്ലാനിംഗ് തീയതി 12.06.2020)

## പ്രത്യേക വിഹിതം പദ്ധതികൾ സ്പിൽഓവറാക്കാം

- പ്രളയബാധിത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2019-20 സാമ്പത്തിക വർഷം അനുവദിച്ച പ്രത്യേക വിഹിതം വകയിരുത്തി ഏറ്റെടുത്ത പ്രോജക്ടുകൾ 2020-21 ൽ സ്പിൽ ഓവർ പ്രോജക്ടുകളായി നടപ്പാക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചു. (സ.ഉ (സാധാ) നം 1219/2020/തസ്വഭവ, തീയതി 22.06.2020)

**തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.**






# 2.75 ഏക്കർ ഭൂമി സൗജന്യമായി കൈമാറി സുകുമാരൻ വൈദ്യൻ

**ലൈഫ് പദ്ധതിയ്ക്കായി വ്യക്തിപരമായി ലഭിക്കുന്ന ഏറ്റവും കൂടിയ വിസ്തൃതിയുള്ള ഭൂമിയാണ് പൂവച്ചലിലേത്. ഭൂമിക്ക് ഏതാണ്ട് മൂന്ന് കോടിയോളം രൂപ വിലവരും.**

തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ പന്നിയോട് എന്ന സ്ഥലത്ത് ആയുർവേദത്തിൽ പരമ്പരാഗത ചികിത്സ നടത്തുന്ന സുകുമാരൻ വൈദ്യൻ കേരള സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷന് 2.75 ഏക്കർ ഭൂമി സൗജന്യമായി നല്കി. പന്നിയോട് വാർഡിലെ കുളവ്പാറയിൽ തന്റെ അമ്മയുടെ ഓർമ്മയ്ക്കായി സ്ഥാപിച്ച ജാനകി മെമ്മോറിയൽ ട്രസ്റ്റിന്റെ പേരിൽ അദ്ദേഹം വാങ്ങിയ ഭൂമിയാണ് പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ പേരിൽ ഇഷ്ടദാനമായി കൈമാറിയത്. ഈ ഭൂമിക്ക് ഏതാണ്ട് മൂന്ന് കോടിയോളം രൂപ വിലവരും. ലൈഫ് പദ്ധതിയ്ക്കായി വ്യക്തിപരമായി ലഭിക്കുന്ന ഏറ്റവും കൂടിയ വിസ്തൃതിയുള്ള ഭൂമിയാണ് പൂവച്ചലിലേത്.

പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ 113 കുടുംബങ്ങൾ സംസ്ഥാന സർക്കാരിന്റെ ലൈഫ് ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇവർക്ക് വീട് വയ്ക്കുന്നതിന് പഞ്ചായത്ത് വക 70 സെന്റ് ഭൂമി നേരത്തെ തന്നെ ലൈഫ് മിഷന് കൈമാറിയിരുന്നു. എന്നാൽ ഈ ഭൂമിയിൽ പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ എല്ലാ ഭൂരഹിത ഭവനരഹിതർക്കുമുള്ള ഭവന സമുച്ചയ നിർമ്മാണം സാധ്യമല്ലാതെ വന്നതിനാൽ ഗ്രാമപഞ്ചായത്ത് ഇദ്ദേഹത്തെ സമീപിക്കുകയായിരുന്നു. തുടർന്നാണ് അദ്ദേഹം സ്വന്തം അധ്വാനത്തിലൂടെ വിലയ്ക്ക് വാങ്ങിയ 2.75 ഏക്കർ ഭൂമി ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി പ്രകാരം വീട് വച്ച് നല്കുന്നതിന് പഞ്ചായത്തിന് സൗജന്യമായി കൈമാറിയത്. ഒട്ടനവധി കാരുണ്യ പ്രവർത്തനങ്ങൾ നടത്തിവരുന്ന ഇദ്ദേഹം പന്നിയോട് ജംഗ്ഷനിൽ ലക്ഷങ്ങൾ മുടക്കി കാത്തിരിപ്പുകേന്ദ്രം, വായനശാല, ഗ്രന്ഥശാല എന്നിവയും ട്രസ്റ്റിന്റെ പേരിൽ നിർമ്മിച്ച് നല്കിയിട്ടുണ്ട്.

വെറുതേ ഭൂമി നല്കുകയല്ല, വിശദമായി അന്വേഷിച്ച് കാര്യങ്ങൾ മനസിലാക്കിയ ശേഷമാണ് ലൈഫ് മിഷന് ഭൂമി നല്കാൻ സ്വമേധയാ തീരുമാനമെടുത്തതെന്ന് സുകുമാരൻ വൈദ്യർ പറഞ്ഞു. തനിക്കിത് എങ്ങനെയെങ്കിലും കളയാനുള്ള ഭൂമിയല്ല. ഇത് പാവങ്ങൾക്ക് കിട്ടണം. ഇതിനായി അടിമാലിയിലെ ലൈഫ് മിഷന്റെ ഫ്ളാറ്റ് സമുച്ചയം ഉൾപ്പെടെയുള്ള ലൈഫ് പദ്ധതികളും കടയ്ക്കലിൽ ലൈഫിനു ഭൂമി നല്കിയ അബ്ദുള്ളയെയും സന്ദർശിച്ചു. ഇതിനെല്ലാം ശേഷമാണ് പാവപ്പെട്ടവർക്ക് ഗുണകരമാകാൻ അദ്ദേഹം ലൈഫിന് ഭൂമി കൈമാറുന്നത്.

പാരമ്പര്യ ആയുർവേദ വിധിപ്രകാരം നടത്തുന്ന ഹൃദ്രോഗചികിത്സയിൽ പ്രശസ്തനാണ് സുകുമാരൻ വൈദ്യൻ. ദിവസവും മുന്നൂറിലേറെ പേരാണ് ഇദ്ദേഹത്തിന്റെ ചികിത്സ തേടി ഇവിടെ എത്താറുള്ളത്. ചികിത്സയ്ക്ക് ആരുടെ കൈയിൽ നിന്നും ഇദ്ദേഹം ഫീസ് ഈടാക്കാറില്ല.

2020 ജൂൺ 17 ന് രാവിലെ 11.00 മണിക്ക് മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ വച്ച് നടന്ന ചടങ്ങിൽ സുകുമാരൻ വൈദ്യൻ ഭൂമിയുടെ ഇഷ്ടദാനം മുഖ്യമന്ത്രി പിണറായി വിജയന് കൈമാറി. ചടങ്ങിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ, മുൻ മന്ത്രി എ. നീലലോഹിതദാസൻ നാടാർ എന്നിവരും സംബന്ധിച്ചു. □



# ഫുഡ് ഫോറസ്റ്റ് @ ലിമ ബിജി പാംപ്ലാനിയിൽ

■ **എ.ജെ. അലക്സ് റോയ്**

**പാംപ്ലാനിയിൽ ലിമ ബിജുവിന്റെ കൃഷിയിടം ആപത്ഘട്ടങ്ങളിൽ പിടിച്ച നിൽക്കാൻ ഉറപ്പുനൽകുന്ന ഭക്ഷ്യവിളകളുടെ താളമുള്ള ഒരു തോട്ടമാണ്. കൃഷിയെന്നാൽ ചോരയ്ക്കൊപ്പം ലയിച്ചിട്ടുള്ളതെന്ന് ലിമയും ഭർത്താവ് ബിജി തോമസും പറയും.**

ലോക്ക്ഡൗൺ കാല ദിനങ്ങളിൽ നാം രോഗഭീതിക്കുപരി ഭയന്നൊരു കാര്യം ഭക്ഷണത്തിന്റേതായിരുന്നുവെന്നത് നേര്. എന്നാൽ പാലാക്കാർ പലകാര്യങ്ങളിലുമെന്നപോലെ ഇക്കാര്യത്തിലും പേടിക്കാൻ തയ്യാറായിരുന്നില്ല. പറമ്പിലുള്ള കപ്പച്ചെടിയുടെ, കാച്ചിലിന്റെ, കറിവേപ്പിന്റെ, കാന്താരിച്ചീനിയുടെ വരെ എണ്ണം കൃത്യം പറയാൻ കഴിയുന്നവരാണ് പാലാക്കാരും സമീപത്തുള്ള കാഞ്ഞിരപ്പള്ളിക്കാരും. പ്ലാവിലെ ചക്കയുടെയും കൂട്ടിലെ കോഴിയുടെയും കുളത്തിലെ മീനിന്റെയും പശുവിന്റെയും ആടിന്റെയും പറമ്പിലെ മറ്റുവിളകളുടെയും ബലത്തിൽ കുറച്ചുകാലം പിടിച്ചുനിൽക്കാനാകുമെന്നവർ കണക്കുകൂട്ടി. കാര്യം സത്യവുമാണ്. പാലായ്ക്ക് തൊട്ടടുത്ത് പൈക, പാംപ്ലാനിയിൽ ലിമ ബിജുവിന്റെ കൃഷിയിടം ഇത്തരത്തിൽ ആപത്ഘട്ടങ്ങളിൽ പിടിച്ച നിൽക്കാൻ ഉറപ്പുനൽകുന്ന ഭക്ഷ്യവിളകളുടെ താളമുള്ള ഒരു തോട്ടമാണ്. കൃഷിയെന്നാൽ ചോരയ്ക്കൊപ്പം ലയിച്ചിട്ടുള്ളതെന്ന് ലിമയും ഭർത്താവ് ബിജി തോമസും പറയും.

### മനസ്സൊരുക്കം – മണ്ണൊരുക്കം

കൃഷിയുടെ ആദ്യ ചുവടുവെയ്പ്പ് മനസ്സിലും തുടർന്ന് മണ്ണിലുമാണ് വേണ്ടത്. മണ്ണിനെ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടാകണം കൃഷിയിലേക്ക് ചുവടുവയ്ക്കാൻ. കല്ല് കയ്യാലകൾ, മഴക്കുഴികൾ, പുതയിടീൽ, തീറ്റപ്പുൽ ഉൾപ്പടെ മണ്ണിനോട് ചേർന്ന് വളരുന്ന വിളകളുടെ പരിപാലനം ഇവയെല്ലാം തോട്ടത്തിൽ ഉറപ്പുവരുത്തണം.

മണ്ണ് പരിശോധന നടത്തി ചെടികളുടെ വളർച്ചയ്ക്ക് അത്യാവശ്യം വേണ്ടുന്ന മൂലകങ്ങളെല്ലാം തന്നെ മണ്ണിലെത്തിക്കാൻ പ്രദേശത്തെ കൃഷിഭവൻ അധികൃതരുടെ



സഹായം ഉറപ്പുവരുത്തണം. വിളകളെ തെരഞ്ഞെടുക്കുന്നതിലും കൃത്യമായ ശ്രദ്ധ പുലർത്തണം. നമുക്ക് വേണ്ടത്, നമ്മുടെ നാട്ടിൽ ശരിയായി വളരുന്നവയ്ക്കാവണം പറമ്പിൽ ഇടം നൽകേണ്ടത്. നമുക്ക് അല്ലെങ്കിൽ നാം വളർത്തുന്ന കാലികൾക്കും പക്ഷികൾക്കുമെങ്കിലും ഭക്ഷണമാകാൻ കഴിയുന്നവയ്ക്ക് മുൻഗണന വേണം.

## ഭക്ഷ്യവിള – ആദ്യവിള

കാലാവസ്ഥ വ്യതിയാനവും അപ്രതീക്ഷിത കുഴപ്പങ്ങളുമാണ് ഇന്നും ഇനിയും വരാനിരിക്കുന്നത്. ഈ പ്രശ്നങ്ങളെ പരിഹരിക്കുന്നതിന് നമ്മുടെ നാടിനിണങ്ങിയ ഭക്ഷ്യവിളകളെ സ്വീകരിക്കുന്നതാണ് ഉചിതം. ഇത് പരിഗണിച്ചാണ് ലിമയും കുടുംബവും തെങ്ങ്, പ്ലാവ്, മാവ്, പേര, സപ്പോട്ട, ചാമ്പയിനങ്ങൾ, ചെറി, നെല്ലി, പാഷൻഫ്രൂട്ട് തുടങ്ങിയ വിളകൾക്ക് ആദ്യ പരിഗണന നൽകിയത്. പച്ചക്കറി ഇനങ്ങളെല്ലാം തന്നെ ഇവിടെ ഭംഗിയായി വിളയിക്കുന്നു. കാന്താരിച്ചീനി മുതൽ കൂർക്ക കിഴങ്ങ് വരെ മികച്ച വിളവാണ് നൽകുന്നത്. വാഴ, ചേന, കാച്ചിൽ, ചേമ്പ്, ഇഞ്ചി, മഞ്ഞൾ എന്നിവയാൽ സമൃദ്ധമാണ് പാംപ്ലാനിയിൽ പുരയിടം.

രണ്ടു കിലോയോളം തൂക്കമുള്ള കോശ്ശേരി മാവാണിവിടെ താരം. വിത്തെന്നത് പേരിന് മാത്രമാണിവയ്ക്ക്. നല്ല രുചിയും. കൃത്യമായി മൂപ്പ് നോക്കി വിള



വെട്ടുക്കണമെന്നതാണ് മുഖ്യം. ഗുണത്തിനും മണത്തിനും പേര് കേട്ട ചുവന്നിഞ്ചിയും തോട്ടത്തിന് സൗരഭ്യമേകുന്നുണ്ട്.

## വിപണിയറിഞ്ഞ് വിള

തോട്ടത്തിൽ പുതിയ വിളകളെ പരീക്ഷിക്കാനൊരുങ്ങുമ്പോൾ വിപണിയെക്കൂടി പരിഗണിക്കണമെന്നിവർ പറയും. ഏതെങ്കിലും ഒരു വിളയ്ക്ക് പുറകെ പായാതെ സമ്മിശ്ര കൃഷി സമീപനമാണ് വേണ്ടത്. കുരുമുളക്, കവുങ്ങ്, ജാതി, കൊക്കോ തുടങ്ങിയ വിളകൾക്കും ഈ കൃഷിതോട്ടത്തിലിടമുണ്ട്. കവുങ്ങ് മംഗളയും കാസർകോടൻ ഇനങ്ങളിലുള്ളവയുമാണ്. വേനലിനെ പ്രതിരോധിക്കുന്നതും തൂക്കം കൂടിയതുമായ കാസർകോടനാകും നമ്മുടെ കാലാവസ്ഥയ്ക്കിണങ്ങുകയെന്ന് ഈ കർഷക ദമ്പതികൾ സാക്ഷ്യപ്പെടുത്തുന്നു.

## കപിലയാണ് താരം

പശുവില്ലാത്ത കൃഷിയിടം പൂർണ്ണമാകില്ലെന്ന് പറയുന്നതിൽ ലിമയ്ക്കും ബിജിക്കും ഒരു സ്വരം. എന്നാൽ പശു കേരളത്തിന്റെ തനത് തങ്കത്തുക്കമുള്ള കാസർകോടൻ കപിലയാകുമ്പോൾ കളിമാറും. പാംപ്ലാനി തോട്ടത്തിൽ കാസർകോടൻ കപില ശുദ്ധജനസ്സിൽപെട്ട രണ്ടു പശുക്കളും അവയുടെ കിടാക്കളുമുണ്ട്.

നല്ല പോഷകമൂല്യമുള്ള പാലാണിവയുടേത്. പറമ്പിലെ കളയും പുല്ലും അത്യാവശ്യത്തിന് തവിടും നൽകിയാൽ സ്വർണ്ണത്തിന്റെ മൂല്യമുള്ള പാലാണിവ ചുരത്തുക. പറമ്പിലെ മുഴുവൻ കൃഷിക്കും ഇവയുടെ ചാണകവും മൂത്രവും മതിയാകുമെന്നിവരുടെ പക്ഷം. ബിജിയോട് കുറുമ്പുകാട്ടുന്ന പശുക്കൾക്ക് ലിമയോടാണ് കൂടുതൽ പ്രിയം.

കേരളത്തിന്റെ തനത് ആടിനമായ മലബാറിയുടെ മദർയൂണിറ്റും ഇവിടെയുണ്ട്. പ്രത്യേക പരിചരണമില്ലാതെ കൃത്യമായ വരുമാനം എന്നതാണിവയുടെ പ്രത്യേകത. പറമ്പിലെ പുല്ല് ഇവയ്ക്ക് തീറ്റയായി ചെത്തിക്കൊടുക്കുക വഴി കൃഷിയിടം എപ്പോഴും വൃത്തിയായിരിക്കുമെന്നതാണ് കാര്യം.

## പറമ്പായാൽ കുളം വേണം

പറമ്പായാൽ കുളം വേണം - കുളത്തിൽ മീനും. ഇത് കാലം പഴയതല്ല. ഏതുപറമ്പിലും കുളമുണ്ടാക്കാം. മണ്ണുനീക്കി ശരിയായി പടുതയിട്ടാൽ നല്ല സുന്ദരൻ



പടുതാക്കുളമായി. കുളം നിർമ്മിക്കുന്നതിന് കൃഷിവകുപ്പിന്റെ സഹായം ഉറപ്പ്. ഫിഷറീസ് വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങളും കൂടെയാകുമ്പോൾ നല്ല പെടയ്ക്കണ മീൻ പറമ്പിൽനിന്നും പിടിക്കാം. വിഷമിട്ട മീൻ, ട്രോളിംഗ് നിരോധനം, ഹർത്താൽ എന്നിവയെയൊന്നും പേടിക്കുകയും വേണ്ട. പാംപ്ലാനിയിൽ കഷിയിടത്തിൽ ഗിഫ്റ്റ് തിലാപ്പിയ ഇനത്തിൽപെട്ട മീനുകളുടെ ചാകരക്കാലമാണിത്.

## കൃഷിയിടത്തിൽ കൊക്കരോക്കൂട്ടം

നല്ല നാടൻ കോഴിമുട്ടയ്ക്ക് ഇന്ന് ആറര രൂപ വിലയുണ്ട്. പ്രതിവർഷം ശരാശരി 320 മുട്ട നൽകുന്ന ബി വി - 380 ഇനത്തിൽപെട്ട കോഴികളായാൽ കുഴപ്പമില്ലാതെ പിടിച്ചു നിൽക്കാം. നല്ല തീറ്റ പരിവർത്തന ശേഷിയാണിവയ്ക്ക്. സമ്മിശ്ര തീറ്റയ്ക്കൊപ്പം പറമ്പിൽ പാഴാകുന്ന ചക്കയും മാങ്ങയും കപ്പയിലയും ഇവയ്ക്ക് തീറ്റയായി നൽകാം.

## കൃഷിയെന്ന തുടർപാഠം

കൃഷിയെന്നത് ഒരു ജീവിതചര്യയായി തുടരേണ്ടതാണ്. കൃഷിയറിവുകൾ പകർത്തേണ്ടതും പകരേണ്ടതുമാണ്. കൃഷി -അനുബന്ധ വകുപ്പുകൾ, നാട്ടറിവു കൂട്ടങ്ങൾ ഇവരുമായി സുദൃഢ ബന്ധമുണ്ടാക്കി വേണം കൃഷിയ്ക്കിറങ്ങുവാൻ. ആനുകൂല്യങ്ങൾ അവകാശമായി സ്വീകരിക്കാൻ മടികാണിക്കേണ്ടതില്ല. വീട്ടുകാരെല്ലാം കൂടി കൃഷിയിടത്തിൽ ഒത്തുകൂടിയാൽ ഭക്ഷണമേശയ്ക്ക് ചുറ്റും കൂടുതൽ സ്വാദും മണവും പരക്കുന്നത് നേരിട്ടറിയാമെന്ന് ഈ മാതൃകാ കൃഷി ദമ്പതികൾ പറയുന്നു.

ഇന്നിന്റെ കൃഷിരീതികളെ കുറിച്ച് പറയാൻ ലിമയും ബിജിയും ഒരുക്കമാണ്. മക്കളായ ലിയോയും കെവിനും ഷായയും ഒപ്പം കൂട്ടുമെന്നുറപ്പ്. (ഫോൺ: 9495021573, 8921944352). □

*ലേഖകൻ എലിക്കുളം കൃഷിഭവനിൽ അസി. കൃഷി ആഫീസറാണ്.*

# ഊഷരഭൂമിയെ കതിരണിയിച്ച കർഷകന്റെ
# കർമ്മ നിയോഗ കാഴ്ചകൾ

■ ഗിരീഷ് അയിലക്കാട്



**പുൽകാട്ടുകൾ പിടിച്ച് കൃഷിയോഗ്യമല്ലാതായ് തീർന്ന ഭൂമിയെ അത്യദ്ധ്വാനത്തിലൂടെ പച്ചപ്പൊരുക്കിയിരിക്കയാണ് ആനക്കര, കുമ്പിടി ശ്രീദേവി നിലയത്തിലെ ശശീന്ദ്രൻ എന്ന എഴുപത്തഞ്ചുക്കാരനായ കർഷകൻ.**

നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചെങ്കല്ലെടുത്തും മറ്റും വർഷങ്ങളായി ഉപയോഗശൂന്യമായ തരിശായ പാറക്വാറി പ്രദേശങ്ങൾ. ഒരു പക്ഷെ കേരളത്തിലെ പല തദ്ദേശസ്വയംഭരണസ്ഥാപന പ്രദേശങ്ങളിലും ഇത്തരത്തിലുള്ള ധാരാളം തരിശ് ഭൂമി പ്രദേശങ്ങൾ. മറ്റൊന്നും ചെയ്യാനാകാതെ ഒരു പ്രേതഭൂമി പോലെ കിടക്കുന്നത് കാണാം. ജനസാന്ദ്രതയും പാർപ്പിടങ്ങളും വർദ്ധിച്ച് സ്ഥല ലഭ്യതകൾ ചുരുക്കപ്പെടുന്ന വർത്തമാന സ്ഥിതി വിശേഷത്തിൽ ഇത്തരത്തിലുള്ള ഭൂമിയിലേക്കും നാം കണ്ണോടിച്ചേ മതിയാകൂ. ആ ഭൂമിയിലും അനുകൂല സാഹചര്യങ്ങളൊരുക്കി കൃഷിക്ക് അവകാശഭൂമിയാക്കണമെന്ന തിരിച്ചറിവ് ജനതയിലേക്ക് പകർത്തപ്പെടുന്നതിനുള്ള ഏറ്റെടുക്കലുകളും ഇടപെടലുകളും ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് ഉയർന്ന് വരുന്നതു മഹനീയമായിരിക്കും. പറഞ്ഞു വരുന്നത് അസാധ്യമായ പാറകളെ പച്ചപ്പണിയിക്കുന്ന വിഷയമല്ല അനുകൂല സാഹചര്യങ്ങളുള്ളവയെ പൊരുത്തപ്പെടുത്തിയെടുക്കുന്ന പ്രവർത്തന ഇടപെടലുകളാണ്.

ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ വിജയ സാധ്യതകൾ ഓർമ്മപ്പെടുത്തുന്ന അനുഭവപാഠമാണ് പാലക്കാട് ജില്ലയിലെ കുമ്പിടിയിൽ നിന്ന് നമ്മിലേക്ക് പകർത്തപ്പെടുന്നത്. പുൽക്കാട്ടുകൾ പിടിച്ച് കൃഷിയോഗ്യമല്ലാതായി തീർന്ന ഭൂമിയെ അത്യദ്ധ്വാനത്തിലൂടെ ഒരു കർമ്മനിയോഗം പോലെ പച്ചപ്പൊരുക്കിയിരിക്കുകയാണ് ആനക്കര, കുമ്പിടി ശ്രീദേവി നിലയത്തിലെ ശശീന്ദ്രൻ എന്ന എഴുപത്തഞ്ചുകാരനായ കർഷകൻ. രണ്ട് ഏക്കറോളമുള്ള





കല്ലേട്ടുത്ത് ഉപേക്ഷിച്ച വരട്ടിപ്പള്ളിയാൽ എന്ന സ്ഥലത്തെ പാറപ്രദേശം. നാല് വർഷം മുൻപാണ് ശശിന്ദ്രൻ കൗതുകപൂർവ്വം വിലയ്ക്ക് വാങ്ങിയത്. കല്ലേട്ടുത്ത് അഞ്ചാൾ പൊക്കത്തിൽ വൻ കുഴിയായ് മാറിയ ചെങ്കൽ ക്വാറി വാങ്ങിയപ്പോൾ നാട്ടിലൊരുപാട് പേർ കളിയാക്കിയെങ്കിലും ശശീന്ദ്രൻ തളർന്നില്ല.

ചെങ്കല്ലേട്ടുത്ത് ഒരു പക്ഷെ തീർത്തും ഊഷരഭൂമിയായി മാറാവുന്ന ഒരു പ്രദേശത്തെ ശശീന്ദ്രൻ തന്റെ കഠിന പ്രയത്നത്തിലൂടെ തന്നെ പച്ചപ്പിന്റെ വീഥിയിലേക്ക് വീണ്ടെടുത്തു കൊണ്ടിരിക്കുന്ന കാർഷിക പ്രവർത്തനങ്ങൾ ഇപ്പോഴും തുടരുകയാണ്. തെങ്ങും വാഴയും ഫലവൃക്ഷങ്ങളും മരങ്ങളുമൊക്കെ ഇവിടെ വച്ചു പിടിപ്പിക്കുന്ന തിരക്കിലാണിപ്പോൾ ഈ കർഷകൻ. തെങ്ങുകളിൽ പലതും കായ്ച്ചു തുടങ്ങിയപ്പോൾ അദ്ധ്വാനം ഫലം കണ്ട ആശ്വാസം.

ശശീന്ദ്രന്റെ പ്രവർത്തനങ്ങൾക്ക് ആനക്കര ഗ്രാമപഞ്ചായത്തിന്റെയും കൃഷിഭവന്റെയും പിന്തുണയുമുണ്ട്. സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം ഇപ്പോഴിവിടെ നൂറോളം മാവ് ഗ്രാഫ്റ്റുകളും അൻപതോളം കശുമാവ് ഗ്രാഫ്റ്റുകളും കൃഷിഭവൻ നിർദ്ദേശപ്രകാരം വച്ച് പിടിപ്പിച്ചിട്ടുണ്ട്. മഴക്കാലത്ത് ക്വാറിയുടെ ഒരു ഭാഗത്തായ് കുഴിച്ച കുളത്തിൽ ശേഖരിക്കപ്പെടുന്ന മഴ വെള്ളമാണ് വേനലിന്റെ കാഠിന്യത്തിൽ വിളകൾക്ക് തെളിനീർ പകരുന്നത്. കെഎസ്ഇബിയിൽ നിന്നും വിരമിച്ച ജീവനക്കാരനാണ് ശശീന്ദ്രൻ.

*ലേഖകൻ ആനക്കര കൃഷിഭവനിലെ അഗ്രിക്കൾച്ചർ അസിസ്റ്റന്റാണ്.*
*Mob: 9745632828*





# കുടുംബശ്രീ ആയുർ മാസ്ക്

കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മാസ്കും ഡിസൈനർ മാസ്കും ഫേസ് ഷീൽഡും നിർമ്മിച്ച കുടുംബശ്രീ ഇനി ആയുർ മാസ്ക് നിർമ്മാണ രംഗത്തേക്കും കടക്കുന്നു. സംസ്ഥാന ആയുഷ് വകുപ്പുമായി സഹകരിച്ചാണ് പ്രവർത്തനങ്ങൾ. ഇതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ നഗരസഭാ സി.ഡി.എസുകളിലെ മണികണ്ഠേശ്വര, വന്ദന എന്നീ കുടുംബശ്രീ യൂണിറ്റുകളെ തെരഞ്ഞെടുത്ത് പൊതു അവബോധന പരിശീലനം നല്കി. ഇനി മാസ്ക് നിർമ്മാണവുമായി ബന്ധപ്പെട്ട പരിശീലനവും നല്കും.

തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ മെഡിക്കൽ കോളേജിലെ അസി. പ്രഫസർ ഡോ. എസ്. ആനന്ദിന്റെ നേതൃത്വത്തിലാണ് ആയുർ മാസ്കുകൾ വികസിപ്പിച്ചെടുത്തത്. പ്രകൃതിദത്ത വസ്തുക്കൾ മാത്രം ഉപയോഗിച്ചാണ് ആയുർ മാസ്കുകളുടെ നിർമ്മാണം. ശ്വസനപ്രക്രിയയെ സഹായിക്കുന്നതെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ള തുളസി, മഞ്ഞൾ എന്നീ ഔഷധ സസ്യങ്ങളിൽ നിന്നുള്ള ഔഷധാംശങ്ങൾ നിശ്ചിത അളവിൽ ജലത്തിൽ ലയിപ്പിച്ച് കുറുക്കിയ ശേഷം ഇത് ബാഷ്പരൂപത്തിൽ കൈത്തറി തുണി കൊണ്ടുള്ള മാസ്കിൽ പതിപ്പിക്കുകയാണ് ചെയ്യുന്നത്. മാസ്ക് ധരിക്കേണ്ടി വരുന്ന അവസരത്തിലെല്ലാം ശ്വസിക്കുന്നതിനോടൊപ്പം മാസ്കിൽ നിന്നുള്ള ഔഷധഗുണങ്ങളും ഉള്ളിലെത്തുന്നതു വഴി ശ്വസന പ്രവർത്തനങ്ങൾ ആരോഗ്യകരമാക്കുന്നതിനും സാധിക്കും. ആയുർ മാസ്കുകൾ കഴുകി ഉപയോഗിക്കാൻ കഴിയുന്നതോടൊപ്പം ഇതിൽ നിന്നും മൂന്നു മാസം വരെ മഞ്ഞളിന്റെയും തുളസിയുടെയും ഔഷധഗുണങ്ങൾ നഷ്ടപ്പെടില്ല എന്നതും പ്രത്യേകതയാണ്. ഗുണനിലവാരം ഉറപ്പു വരുത്തി നിർമ്മിക്കുന്ന ആയുർ മാസ്കുകൾ പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുകയാണ് കുടുംബശ്രീയുടെ ലക്ഷ്യം.

പ്രകൃതിദത്ത വസ്തുക്കൾ മാത്രം ഉപയോഗിച്ചാണ് ആയുർ മാസ്കുകളുടെ നിർമ്മാണം. ശ്വസനപ്രക്രിയയെ സഹായിക്കുന്നതെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ള തുളസി, മഞ്ഞൾ എന്നീ ഔഷധ സസ്യങ്ങളിൽ നിന്നുള്ള ഔഷധാംശങ്ങൾ നിശ്ചിത അളവിൽ ജലത്തിൽ ലയിപ്പിച്ച് കുറുക്കിയ ശേഷം ഇത് ബാഷ്പരൂപത്തിൽ കൈത്തറി തുണി കൊണ്ടുള്ള മാസ്കിൽ പതിപ്പിക്കുകയാണ് ചെയ്യുന്നത്.

സംസ്ഥാനത്ത് കൊറോണ വൈറസ് വ്യാപനം തടയുന്നതിന്റെ ഭാഗമായി കഴിഞ്ഞ മാർച്ചു മുതലാണ് കുടുംബശ്രീയുടെ നേതൃത്വത്തിൽ മാസ്ക് നിർമ്മാണം ആരംഭിച്ചത്. തുടർന്ന് വിവിധ വകുപ്പുകളുടെ ആവശ്യമനുസരിച്ച് സംസ്ഥാനത്ത് കുടുംബശ്രീയുടെ കീഴിലുള്ള നാനൂറോളം യൂണിറ്റുകൾ മുഖേന 47 ലക്ഷം മാസ്കുകൾ നിർമ്മിച്ചു വിതരണം ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ ആയുർ മാസ്കിന്റെ നിർമ്മാണവും കുടുംബശ്രീയെ ഏല്പിച്ചത്. □



*ഡോ.എസ്. ആനന്ദിന്റെ നേതൃത്വത്തിൽ കുടുംബശ്രീ അംഗങ്ങൾക്ക് ആയുർ മാസ്ക് നിർമ്മാണത്തിൽ പൊതു അവബോധന പരിശീലനം നല്കുന്നു.*

അരങ്ങൊഴിഞ്ഞ വീട്ടുനന്മകൾ–8

# ശുചിത്വസംസ്കാരത്തിന്റെ അടയാളക്കുറിയായ ചൂൽ



■ മുരളീധരൻ തഴക്കര

ചൂൽ ശുചിത്വത്തിന്റെ നേരടയാളമാണ്. വ്യക്തിശുചിത്വത്തിനും സാമൂഹ്യശുചിത്വത്തിനും ഏറെ പ്രാധാന്യമുള്ള കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ചൂലിനും അടിച്ചുവാരലിനും മറ്റും മുമ്പെന്നത്തേക്കാളുപരി പ്രസക്തി ഏറുകയാണ്.

'പുത്തനച്ചി പുരപ്പുറം തൂക്കും'

'ചൊല്ല് പഴകിയാലും ചൂല് പഴകരുത്'

'ചൂലെടുക്കാത്ത പെണ്ണ്, ചാലേയറിയും'

'ഈർക്കിലൊടിക്കാം, ചൂലായാലോ'

'ചൂലിട്ട മുറ്റത്തേ ചേലൊള്ളൂ'

'അടിച്ചാൽ നല്ലണം' - ചൂലുമായി ബന്ധപ്പെട്ട ചൊല്ലുകളാണിതെല്ലാം. തിരുവനന്തപുരം ഭാഗത്ത് ചൂലിന് തുറപ്പ എന്നാണ് പറയുക. കേരളത്തിൽ ചൂലില്ലാത്ത ഒരു വീടുപോലും ഉണ്ടാകില്ല. നേരം പുലർന്നാൽ വീടുകളിൽ ആദ്യം നടക്കുന്ന ജോലി, മുറ്റം അടിച്ചുവാരി വൃത്തിയാ ക്കുക എന്നതായിരുന്നു. വീട്ടമ്മമാർ വളരെ നിഷ്ഠയോടെ ഈ മുറ്റമടിക്കൽ നടത്തിയിരുന്നു. രാവിലെയും വൈകുന്നേരവും മുറ്റം തൂത്തുവൃത്തിയാക്കുന്ന വീടുകളുണ്ടായിരുന്നു. കുനിഞ്ഞും നിവർന്നും വിശാലമായ വീട്ടുമുറ്റങ്ങൾ പ്രഭാതത്തിൽ തൂക്കുന്നത് സ്ത്രീകൾക്ക് പരോക്ഷമായ ഉത്തമ വ്യായാമവുമായിരുന്നു.

മുറ്റം തൂക്കുന്നതിനും പുരയ്ക്കകം തൂക്കുന്നതിനും വീടുകളിൽ അടുക്കള അടിച്ചുവാരുന്നതിനുമെല്ലാം പ്രത്യേകം പ്രത്യേകം ചൂലുകളുണ്ടായിരുന്നു. ഈർക്കിൽചൂലും തെങ്ങ് ചൂലുമാണ് ഏറെ പരിചിതമായിരുന്നത്. വെട്ടിയെടുക്കാൻ പാകത്തിൽ ചെറിയ കെട്ടാക്കി കൈയിൽ ഒതുങ്ങും വിധമാണ് ഈർക്കിൽ ചൂലുണ്ടാക്കുക. കമുകിന്റെ ഓല അഥവാ തെങ്ങ് ചെറുതായി മുറിച്ചെടുത്ത് കെട്ടിയും ചൂലുണ്ടാക്കുന്നു. ഇത് ചണക്ക് ചൂലാണ്. ക്രമേണ പുല്ല് ചൂലും ധാരാളമായി ഉപയോഗിച്ചു തുടങ്ങി. ചില പ്രത്യേകതരം പുല്ല് വെട്ടി ഉണക്കി കൈയിലൊതുങ്ങുന്ന ചെറിയ കെട്ടാക്കി ചൂലാക്കിയിരുന്നു. പക്ഷെ ഇപ്പോഴിതാ പല നിറത്തിലും ആകൃതിയിലുമുള്ള പ്ലാസ്റ്റിക് ചൂലുകളും സുലഭം! തെല്ലും കുനിയാതെ നിവർന്നുനിന്ന് തൂക്കാൻ കഴിയുന്ന ചൂലുകളും ധാരാളം.

ഉച്ചഊണ് കഴിഞ്ഞ് അടുക്കള ജോലികളുടെ തിരക്കൊഴിയുമ്പോൾ വീടിന്റെ വരാന്തയിലിരുന്ന് ഓലക്കാലു ചീകി ചൂലുണ്ടാക്കാൻ ഈർക്കിലെടുക്കുന്ന മുത്തശ്ശിമാരുടെയും അമ്മമാരുടെയും രൂപം മനസ്സിൽ തെളിയുന്നു. ഈർക്കിൽചൂലായാലും തെങ്ങ് ചൂലായാലും പുല്ല ചൂലായാലും ഇവയെല്ലാം പ്രകൃതിജന്യമായിരുന്നു. നമ്മുടെ തൊടിയിൽ നിന്നും ജീവിത പരിസരത്തുനിന്നും ലഭിച്ചിരുന്ന ഇവയ്ക്കൊന്നും തന്നെ വില നൽകേണ്ടിയും വന്നിരുന്നില്ല.

പക്ഷെ ഈ പുതിയ കാലത്ത് ഏത് തരം ചൂലായാലും അതും ഓൺലൈനിൽ ലഭ്യമാണ്. മലയാളിയുടെ സഹജമായ അലസത കാരണം ചൂലും സൂപ്പർമാർക്കറ്റിൽ നിന്ന് വിലകൊടുത്തു വാങ്ങേണ്ട അവസ്ഥയായി. തമിഴ് നാട്ടിലെ കമ്പം, മധുര, തൊട്ടുവട്ടി തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് ലക്ഷക്കണക്കിന് രൂപയുടെ ചൂലാണ് കേരളത്തിലെത്തുന്നത്.

മാത്രമല്ല, മുറ്റമില്ലാതാകുമ്പോൾ പിന്നെ ചൂലെന്തിന്? തൂത്തുവൃത്തിയാക്കുവാൻ മുറ്റം തന്നെ ഇല്ലാതാവുകയാണ്. നാലുകെട്ടും നടുമുറ്റവും പൂമുഖവും വിശാലമായ വീട്ടുമുറ്റവും പടിപ്പുരയും മറ്റും കേരളീയ ജീവിതപരിസരത്ത് നിന്നും എന്നെന്നേക്കുമായി പടിയിറങ്ങിക്കഴിഞ്ഞു. ബഹുനില കോൺക്രീറ്റ് സൗധങ്ങൾക്കു മുന്നിലെ ആകെ അവശേഷിക്കുന്ന ഇത്തിരി മുറ്റവും കോൺക്രീറ്റ് ചെയ്യുകയോ ഇന്റർലോക്ക് പാകുകയോ ആണ്. കൊറോണ വൈറസ്സിനെക്കാൾ വേഗത്തിൽ ഈ പ്രകൃതി വിരുദ്ധപ്രവണത സമൂഹവ്യാപനമായിരിക്കുന്നു. മറ്റം ഉണ്ടെങ്കിലല്ലേ മുറ്റം തൂത്തുവൃത്തിയാക്കേണ്ടതുള്ളൂ. ചൂലുവേണ്ട, തൂക്കാൻ ആളുവേണ്ട, കുനിയുകയും നിവരുകയും വേണ്ടാ, എല്ലാം ശ്ലോകത്തിൽ കഴിയ്ക്കാം. വീടിനകം തൂക്കുന്നതിന് പകരം, മണ്ണും പൊടിയും മറ്റ് മാലിന്യങ്ങളും നീക്കുന്നതിനായി വാക്വം ക്ലീനറുകളും പ്രയോഗത്തിലായിരിക്കുന്നു.

ഓണത്തിന്റെ ദിവസങ്ങളിൽ പണ്ട് മറ്റൊരുതരം ചൂലും നമ്മൾ ഉപയോഗിച്ചിരുന്നു. ഓണാട്ടുകര പ്രദേശങ്ങളിൽ ഉത്രാടത്തിനും തിരുവോണത്തിനും ഈർക്കിൽ ചൂലുകൊണ്ട് വീട് അടിച്ചു വാരാറില്ല - മഹാബലി എത്തുമ്പോൾ സകല മാലിന്യങ്ങളും തൂക്കുന്ന അശ്രീകരമായ ഈർക്കിൽച്ചൂൽ ഒഴിവാക്കി ഓണത്തുമ്പയെന്ന പ്രത്യേകതരം തുമ്പച്ചെടി പറിച്ച് കെട്ടി അതുകൊണ്ടാണ് വീടിനകം തൂത്തിരുന്നത്. ഈ പ്രത്യേകതരം കുറ്റിച്ചെടി ഓണക്കാലമാകുമ്പോൾ അതായത് ചിങ്ങമാസമാകുമ്പോൾ നമ്മുടെ തൊടികളിലും നിരത്തുകളിലുമൊക്കെ ധാരാളമായി കാണാമായിരുന്നു. പക്ഷെ ഇപ്പോൾ ഓണത്തുമ്പയെന്ന

## ...എന്റെ വായനക്കാർ

### ഇച്ഛാശക്തിയും നിശ്ചയദാർഢ്യവും ഒത്തുചേർന്നപ്പോൾ

പഞ്ചായത്ത് രാജ് മാസിക മാർച്ച് ലക്കം വായനക്കാരുടെ മനസ്സിലേക്ക് മാർച്ച് ചെയ്യെത്തുന്ന ലക്കമായി തോന്നി. വാസയോഗ്യമായൊരു വീട് ലോകത്തേതൊരു പൗരന്റെയും സ്വപ്നവും അവകാശവുമാണ്. തന്റെ ആഗ്രഹങ്ങളും മോഹങ്ങളും പ്രതീക്ഷകളും കുടുംബാംഗങ്ങളുമായി പങ്കുവയ്ക്കപ്പെടുന്ന ആനന്ദയിടമാണ് പാർപ്പിടം. വിശ്രമത്തിനിടമായ വീട് തേടാത്ത ഒരു ജീവിയുമില്ല ഭൂമിയിൽ.

അപ്പോഴും സ്വന്തമായി ഒരു വീടുണ്ടാക്കാൻ സാമ്പത്തികപ്രാപ്തിയില്ലാത്ത അനേകായിരങ്ങൾ നമുക്കിടയിലുണ്ടെന്ന സത്യം നാം കാണാതിരുന്നുകൂടാ. അങ്ങനെയുള്ളവർക്ക് ആശയും ആശ്വാസവും മാത്രമല്ല ആവേശം കൂടിയാണ് ഇടതുസർക്കാരിന്റെ ലൈഫ് ഭവനപദ്ധതി. രണ്ടു ലക്ഷത്തിലധികം വീട് പൂർത്തീകരിച്ചു എന്നു പറയുമ്പോൾ ഒരു ജനകീയസർക്കാരിന്റെ ഇച്ഛാശക്തിയും നിശ്ചയദാർഢ്യവും ചേർന്ന ഭരണമികവാണത്. 8000 കോടി രൂപ ഇതിനകം ഇതിനായി ചെലവഴിക്കാൻ കഴിഞ്ഞത് ചെറിയ കാര്യമല്ല. കവർ സ്റ്റോറിയിലെ മുഖ്യമന്ത്രിയുടെ വാക്കുകൾ ഉത്തമഭരണാധിപമാതൃകയുടെ ഉദാഹരണമാണ്. തദ്ദേശമന്ത്രി ലൈഫ് ദൗത്യം തുടരുമെന്ന് ഉറപ്പിച്ച് വ്യക്തമാക്കുന്നു. ഭവനരഹിതരില്ലാത്തൊരു കേരളമാണ് അദ്ദേഹത്തിന്റെയും ലക്ഷ്യം. പദ്ധതിയുടെ അനുഭവസ്ഥരായ ഗുണഭോക്താക്കളിൽ ചിലരെ പരിചയപ്പെടുത്തിയത് സന്ദർഭോചിതമായി.

**പ്രിൻസി, കൊല്ലം.**

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.

---

ഈ കുറ്റിച്ചെടി കാണാനേയില്ല. തുമ്പച്ചെടി ചേർത്തുകെട്ടി ചൂലാക്കി ഓണത്തിന് വീടുളുത്തിരുന്ന രീതിയും അന്യമായിരിക്കുന്നു!

ആടിയറുതിക്ക് പഞ്ഞവും പറുതലയും പാഴ്‌വസ്തുക്കളും ഒന്നിച്ച് ഒരു മുറത്തിലാക്കി വീട്ടമ്മമാർ നാലും കൂടുന്ന വഴിയിൽ ഉപേക്ഷിക്കും. കർക്കിടകമാസം അവസാനം 'പൊട്ടി പുറത്ത് ശീവോതി അകത്ത്' എന്നു പറഞ്ഞുകൊണ്ടാണ് ഈ ആചാരം അനുഷ്ഠിച്ചിരുന്നത്. വീട്ടാവശ്യത്തിന് ഉപയോഗിച്ചിരുന്ന പഴകിയതും ഉപയോഗശൂന്യവുമായ ചൂല്, ചിരട്ടത്തവി, കുട്ട തുടങ്ങിയ സാധനങ്ങളെല്ലാമാണ് ഇപ്രകാരം വഴയിൽ ഉപേക്ഷിക്കുന്നത്. പിറ്റേന്ന് ചിങ്ങം പിറക്കുമ്പോൾ പുതിയ വീട്ടുസാധനങ്ങളുടെയും കാർഷികോപകരണങ്ങളുടെയും പുതുമയിലാണ് പുതുവർഷം പിറക്കുന്നത്. ജ്യേഷ്ഠയെ പുറത്താക്കി ശ്രീയെ ക്ഷണിച്ചിരുത്തുന്ന നന്മയാണ് ഈ ആചാരത്തിലൂടെ ലക്ഷ്യമാക്കുന്നത്. മഹാലക്ഷ്മിയുടെ മൂത്ത സഹോദരിയാണ് ജ്യേഷ്ഠ ഭഗവതി. ശ്രീഭഗവതിയാണ് ശീവോതി. പഴമയുടെ ചാരുതയും നന്മയുമുള്ള ഈ ആചാരം പോയകാല ജീവിതത്തിലെ ശുചിത്വബോധത്തിന്റെ സാക്ഷ്യം കൂടിയാണ്. ഈ ആചാരത്തിലും അടിച്ചുവാരി വൃത്തിയാക്കാൻ ഉപയോഗിക്കുന്ന ചൂലിന് പ്രഥമ പരിഗണനയാണ് നൽകിയിരിക്കുന്നത്.

ശുചിത്വത്തിന്റെ അടയാളക്കുറിയായ ചൂൽ ഉപേക്ഷിക്കുമ്പോൾ നമുക്ക് കൈമോശം വരുന്നത് വീടും മുറ്റവും അടിച്ചുവാരി വൃത്തിയാക്കുന്നതിനുള്ള ചൂലുമാത്രമല്ല നന്മയാർന്ന ഒരു സംസ്കാരം കൂടിയാണ്. പ്ലാസ്റ്റിക് കണക്കേ ഭൂമിക്ക് ഭാരമായി മാറാത്ത പണച്ചെലവില്ലാത്ത പ്രകൃതിയുടെ ഉദാത്തമായ ഈർക്കിലും തണ്ടുകളും കൊണ്ടു തയ്യാറാക്കുന്ന ചൂൽ പ്രകൃതിയിലേക്ക് മടങ്ങാം എന്ന ഓർമ്മപ്പെടുത്തലുമായിരുന്നു. അത് മാത്രമല്ല ചൂലുകൊണ്ട് കുനിഞ്ഞും നിവർന്നും തൂക്കുമ്പോൾ സ്ത്രീകളുടെ കാര്യത്തിൽ ഇതൊരു ഫലപ്രദമായ വ്യായാമം കൂടിയായിരുന്നു.

ഇതൊക്കെയാണെങ്കിലും കുറച്ചുകാലം കൂടിക്കഴിഞ്ഞാൽ ഈർക്കിൽ ചൂലും തണ്ടുചൂലും പുല്ലുചൂലുമൊക്കെ അപൂർവ്വ വസ്തുക്കളുടെ ശേഖരത്തിൽ ഏതെങ്കിലും പ്രദർശനങ്ങളിലോ മറ്റോ പ്രത്യക്ഷപ്പെട്ടേക്കാം. നഗരവേഗങ്ങൾ അത്രകണ്ട് വേഗത്തിലാണ് നമ്മുടെ ചിരപുരാതന ഗ്രാമീണ ജീവിതനന്മകളിൽ അധിനിവേശം നടത്തുന്നത്. □

## "അടിച്ചാൽ നുള്ളാത്ത ചക്കിയുണ്ടോ?"

ചൂലുമായി ബന്ധപ്പെട്ട് പ്രചാരത്തിലുള്ള ചൊല്ലുകളിൽ വളരെ അർത്ഥവത്തും രസകരവുമായ പഴമൊഴിയാണ് 'അടിച്ചാൽ നുള്ളാത്ത ചക്കിയുണ്ടോ' എന്നത്. 'അടിച്ചാൽ നുള്ളണം' - ഇങ്ങനെയും ഈ ചൊല്ല് ചില പ്രദേശങ്ങളിൽ പറയുന്നുണ്ട്. എന്താണ് ഈ ചൊല്ലിന്റെ സാരസംഗ്രഹം? - ചൂലുകൊണ്ട് മുറ്റം അടിക്കുമ്പോൾ അങ്ങിങ്ങായി മുറ്റത്ത് മുളച്ചുപൊന്തുന്ന പുല്ലും നുള്ളിക്കളയണമെന്നാണ് ഈ ചൊല്ലിന്റെ സാരം. അതായത് മുറ്റത്ത് വീഴുന്ന ചപ്പുചവറുകളും കരിയിലയും മറ്റും തൂത്ത് വൃത്തിയാക്കുന്നതോടൊപ്പം മുറ്റത്ത് പുല്ല് വളരാൻ അനുവദിക്കരുത്. അങ്ങനെ മുളച്ചുവരുന്ന പുല്ല് മുറ്റം തൂക്കുന്നതായ സമയത്ത് നുള്ളിക്കളയുവാൻ മറക്കരുതെന്നാണ് ഈ ചൊല്ല് ഓർമ്മിപ്പിക്കുന്നത്.

'ചൂലെടുക്കാത്ത പെണ്ണ് - ചാലേയറിയും' എന്ന പഴമൊഴിയും ഏറെ പ്രസക്തമാണ്. ചൂലെടുത്ത് മുറ്റവും പുരയ്ക്കകവും അടിച്ചുവരാത്ത പെൺകുട്ടി അഥവാ സ്ത്രീകൾ ചാലേയറിയും എന്നാണ് പറഞ്ഞിരിക്കുന്നത്. ചൂലുകൊണ്ട് കുനിഞ്ഞും നിവർന്നും അടിച്ചുവാരുമ്പോൾ കൈയ്ക്കും നടുവിനുമെല്ലാം ഗുണപരമായി മാറുന്ന ഒരു വ്യായാമമാണത്. സ്ത്രീകളെ സംബന്ധിച്ച് ആയുരാരോഗ്യത്തിന് സഹായകരമായ ഒരു കായകല്പ ചികിത്സയെന്നു തന്നെ വിശേഷിപ്പിക്കാം.

'ചൂലിട്ട മുറ്റത്തേ ചേലുള്ളൂ', 'ചൊല്ല് പഴകിയാലും ചൂല് പഴകരുത്', 'ഈർക്കിലൊടിക്കാം, ചൂലായാലോ', 'പുത്തനച്ചി പുരപ്പുറം തൂക്കും' തുടങ്ങിയ പഴമൊഴികളും ചൂലിന്റെ പ്രാധാന്യത്തെയാണ് സൂചിപ്പിക്കുന്നത്.'




## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

**പഞ്ചായത്ത്‌രാജ്**

വാർഷിക വരിസംഖ്യ ₹ 120



**PANCHAYAT RAJ (Monthly)** June 2020
Annual Subscription ₹120, Published on 20 June 2020

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20

GREEN WORMS
Let's unwaste

Celebrating 5 Years
*of* Social Impact
& Innovation



# മാലിന്യസംസ്കരണ രംഗത്ത് പ്രവർത്തിക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ശാസ്ത്രീയ മാലിന്യ സംസ്കരണ പങ്കാളി

## ഞങ്ങളുടെ സേവനങ്ങൾ

- തരംതിരിച്ച മാലിന്യം വില നൽകി വാങ്ങൽ
- റീസൈക്കിൾ സാധ്യമാകാത്തവയുടെ ശാസ്ത്രിയ സംസ്ക്കരണം
- മാലിന്യം തരംതിരിക്കാനുള്ള പരിശീലനം
- MCF, RRF തുടങ്ങിയവയുടെ മേൽനോട്ടം
- മാലിന്യസംസ്ക്കരണ പദ്ധതികളുടെ ആസൂത്രണം
- ഹരിത കർമ്മ സേനയുടെ നൈപുണ്യ വികസനം
- ബോധവൽക്കരണ പരിപാടികൾ
- യന്ത്രസാമിഗ്രികൾ വിതരണം

ഹരിത സഹായ സ്ഥാപനം
സുചിത്വ മിഷൻ സർവ്വീസ് പ്രൊവൈഡർ
PCB അംഗീകൃതം

കൂടുതൽ അന്വേഷണങ്ങൾക്ക് : **Sreerag Kuruvat** (Project Manager) **+91 9961457464**

GREEN WORMS
Let's unwaste

**Head Office**
**Calicut**
Building No 140B, Varakkal Road Junction
West Hill Chungam, Kozhikode
Kerala - India 673005

**Regional Offices**
Chennai
Hyderabad
Kochi

**Plant Facilities**
Kozhikode, Wayanad, Thrissur
Malappuram, Kochi, Alapuzha
Thiruvananthapuram

info@greenworms.org | www.greenworms.org | greenworms

Printed & Published by Dr.P.K. Jayasree IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: Dr.P.K. Jayasree IAS